പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1516.

10.02.2020- ൽ മറുപടിയ്ക്ക്

തൊണ്ടർനാട് കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ

	ചോദ്യം		ഉത്തരം
	ശ്രീ.ഒ. ആർ. കേളു		ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)
(എ)	മാനന്തവാടി മണ്ഡലത്തിൽ തൊണ്ടർനാട് കൃഷിഭവനിൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;	(എ)	തൊണ്ടർനാട് കൃഷി ഭവനിൽ നടപ്പിലാക്കിയ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ നടത്തിയ സാമ്പത്തിക ക്രമക്കേടിന്മേൽ സർക്കാരിന്റെ ധനകാര്യപരിശോധനാ വിഭാഗം നടത്തിയ കണ്ടെത്തലുകളിലെ ശുപാർശ അനുസരിച്ചാണ് കൃഷി ഓഫീസറായ ശ്രീമതി.രജനി.ജി.വി., കൃഷി അസിസ്റ്റന്റുമാരായ ശ്രീ.പ്രദീപൻ .പി.വി., ശ്രീ.രഞ്ജിത്ത് കെ.കെ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തത്.
(ബി)	ഇവർക്കെതിരെ ഉന്നയിക്കപ്പെട്ട കുറ്റത്തിന്മേലുള്ള അന്വേഷണം നടത്തിയ ഏജൻസി ഏതാണ്;	(ബി)	വയനാട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗമാണ് ഇവർക്കെതിരെ അന്വേഷണം നടത്തിയത്.
(സി)	അന്വേഷണംനടത്തിയ ഏജൻസി കൃഷിവകുപ്പിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;	(സി)	റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.
(ഡി)	റിപ്പോർട്ടിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാമർശങ്ങൾ ഉള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;	(ഡി)	ഉണ്ട്.

(ഇ)	ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;	(ഇ)	വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ തുടർ നടപടി സ്വീകരിച്ചു വരുന്നു.
(എഫ്)	നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?	(എഫ്)	ബാധകമല്ല

സെക്ഷൻ ഓഫീസർ.

അനുബന്ധം I
4330/Pl. Secy 8 apc/18

265

Dr. SHARMILA MARY JOSEPH IAS
SECRETARY TO GOVERNMENT

Finance (Expenditure) Department
Government Secretariat
Thiruvananthapuram-695 001
Phone: Office : 0471-2326436
Fax : 0471-2328980
Res :
E-mail : secy-exp.fin@kerala.gov.in

EA

28 DEC 2018

അർദ്ധ ഔദ്യോഗിക കത്ത് നം.2205/ എഫ്.ഐ.ഡബ്ല്യ-ജി1/2017/ധന തീയതി: 20.12.2018

3133403

പ്രിയപ്പെട്ട Sir,

വയനാട് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിലെ തുക വിനിയോഗം സംബന്ധിച്ച പരിശോധനകളുടെ ഭാഗമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തി ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 25.11.2017-ൽ ഭരണ വകുപ്പിന് ലഭ്യമാക്കിയ ഇതേ നമ്പർ ഇടക്കാല റിപ്പോർട്ട് പ്രകാരം മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ബാബു അലക്സാണ്ടറിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. എന്നാൽ ടിയാൻ നടത്തിയിട്ടുള്ള ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ മുൻ നിർത്തി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്നുകൂടി ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ പുരോഗതി ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. തുടർന്ന് വയനാട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുകയും ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പരിശോധനാ റിപ്പോർട്ടിലെ ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട ശുപാർശകളിന്മേൽ താങ്കളുടെ നിരീക്ഷണം/നടപടി റിപ്പോർട്ട് അടിയന്തിരമായി ഈ വകുപ്പിന് ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ
Sharmilamaryjoseph
ഡോ.ഷർമ്മിള മേരി ജോസഫ്
സെക്രട്ടറി ധനകാര്യ (വ്യയം) വകുപ്പ്

ശ്രീ.ദേവേന്ദ്രകുമാർ സിംഗ്.ഐ.എ.എസ്,
പ്രിൻസിപ്പൽ സെക്രട്ടറി,
കൃഷി വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്.

Scanned by CamScanner

പരിശോധനാ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ/ കണ്ടെത്തലുകൾ :-

- വിശദമായ പരിശോധനയിൽ മാനന്തവാടി മുൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബാബു അലക്സാണ്ടറുടെ സെൽഫ് ചെക്കിലൂടെ നടത്തിയ ധനാപഹരണം 81,92,075 രൂപയും മറ്റ് സാമ്പത്തിക ക്രമക്കേടുകൾ വഴി 4,61,872/- രൂപയുമാണ്. പ്രസ്തുത തുകയുടെ 18% പിഴപ്പലിശ സഹിതം 1,21,82,761/- രൂപ ശ്രീ.ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്യുന്നു. കൂടാതെ ടിയാൻ മുൻകാലങ്ങളിൽ നടത്തിയ സാമ്പത്തിക ക്രമക്കേടുകളും നിലവിലെ അഴിമതിയും കണക്കിലെടുത്ത് ശ്രീ.ബാബു അലക്സാണ്ടറെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം ശുപാർശ ചെയ്യുന്നു.
- മുൻ തൊണ്ടർനാട് കൃഷി ഓഫീസർ ശ്രീമതി രജനി. ജി.വി. കൃഷി അസിസ്റ്റന്റുമാരായ ശ്രീ.പ്രദീപൻ വി.പി.ശ്രീ രഞ്ജിത്.കെ.കെ എന്നിവരെ സാമ്പത്തിക ക്രമക്കേടുകൾക്ക് സസ്പെൻഡ് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നു.
- പ്രവർത്തനം ആരംഭിക്കാത്തതും അനധികൃതമായി തുക അനുവദിച്ചതുമായ വെള്ളമുണ്ട കൃഷി ഭവനിലെ ചില വ്യക്തികൾ നടത്തുന്ന ബ്ലൂമൊണ്ട് ക്ലസ്റ്ററിൽ നിന്നും 1,00,000/- രൂപ തിരിച്ചുപിടിക്കാനും തിരുനെല്ലി കൃഷി ഭവൻ പരിധിയിൽ പ്രവർത്തനം ആരംഭിക്കാത്ത നഴ്സറിക്ക് അനുവദിച്ച 30,000/- രൂപ ബന്ധപ്പെട്ട സമിതിയിൽ നിന്നും തിരിച്ചു പിടിക്കാനും കാർഷിക വളർച്ചയെ സഹായിക്കുന്ന ട്രൈക്കോഡെർമ സ്യൂഡോമോണസ് എന്നിവ സമയബന്ധിതമായി വിതരണം ചെയ്യാത്തതിനാൽ സംഭവിച്ച നഷ്ടമായ 25,200/- രൂപ തിരുനെല്ലി കൃഷി ഓഫീസർ ശ്രീ. ഗുണശേഖരനിൽ നിന്നും തിരിച്ചു പിടിക്കുവാൻ ശുപാർശ ചെയ്യുന്നുണ്ട്.
- തവിഞ്ഞാൽ കൃഷി ഓഫീസർ ശ്രീ. അരുൺ കുമാർ അധികമായി കൈപ്പറ്റിയ 50,000/- രൂപയും ഉപയോഗിക്കാത്ത വാഹനത്തിന് ഇന്ധനം നിറച്ചതായി വ്യാജരേഖകൾ സമർപ്പിച്ച് കൈപ്പറ്റിയ 12,000/- രൂപ പലിശ സഹിതം ഈടാക്കുവാനും അച്ചടക്ക നടപടിയും ശുപാർശ ചെയ്യുന്നുണ്ട്.
- നിലവിൽ നിർജ്ജീവമായിരിക്കുന്ന മാനന്തവാടി ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററിന് അനധികൃതമായി തുക അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും

ട്രഷറിയിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 1,15,33,329/- രൂപ പിൻവലിച്ച് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കുവാൻ ശുപാർശ ചെയ്യുന്നുണ്ട്.

- മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖേന മുൻ വർഷങ്ങളിൽ ബന്ധപ്പെട്ട 6 കൃഷിഭവനുകളിൽ തുക അനുവദിക്കുകയും എന്നാൽ നിഷ്ക്രിയമായി കിടക്കുന്ന തുകകൾ/ചെലവഴിക്കാത്ത തുകകൾ എന്നീ ഗണത്തിൽപ്പെട്ട ലക്ഷക്കണക്കിനു രൂപ സർക്കാരിലേക്ക് തിരിച്ചുപിടിക്കുവാനും വയനാട് ജില്ലാസ്റ്റാഫിന്റെ അന്വേഷണത്തിന് കഴിഞ്ഞിട്ടുണ്ട്.
- എടവക കൃഷിഭവനു കീഴിൽ മാനദണ്ഡ പ്രകാരം പ്രവർത്തിക്കാത്ത ക്ലസ്റ്ററുകളുടെ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന 44,80,945/- രൂപ സർക്കാരിലേക്ക് അടക്കുവാനും കൂടാതെ തൊണ്ടർനാട് കൃഷിഭവനു കീഴിലുള്ള ഉദയം, പ്രിയങ്ക എന്നീ ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ അനുവദിച്ച 5 ലക്ഷം രൂപ തിരിച്ചു പിടിക്കുവാനും ശുപാർശ ചെയ്യുന്നുണ്ട്.

Sharmila Joseph
20/12/18
Dr. Sharmila Mary Joseph IAS
Secretary
Finance (Expenditure)

Government of Kerala

No. 2205/FIW-G1/2017/FIN

Finance Inspection (NT-G) Department
Thiruvananthapuram
Date : 29-10-2018

വയനാട് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.

വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിലെ തുക വിനിയോഗം സംബന്ധിച്ച പരിശോധനകളുടെ ഭാഗമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം 21.11.2017 മുതൽ 23.11.17 വരെ പരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയിൽ, വിവിധ സർക്കാർ പദ്ധതികളുടെയും സ്കീമുകളുടെയും നിർവഹണത്തിനുള്ള ധനവിനിമയം നടത്തുന്നതിനായി ഫെഡറൽ ബാങ്കിന്റെ മാനന്തവാടി ശാഖയിൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ആരംഭിച്ച 14420200003568 നമ്പർ അക്കൗണ്ടിൽ നിന്നും അന്നത്തെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ബാബു അലക്സാണ്ടർ, വ്യക്തിഗത ചെക്കുകളിലൂടെ 71 ലക്ഷത്തിലധികം രൂപ ക്രമവിരുദ്ധമായി പിൻവലിച്ചതായി കണ്ടെത്തിയിരുന്നു. തുടർന്ന് ശ്രീ. ബാബു അലക്സാണ്ടറിനെ സർവിസിൽ നിന്നും അടിയന്തരമായി സസ്പെൻറുചെയ്യുന്നതിന് ശുപാർശചെയ്തു കൊണ്ട് ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ(പേജ്86) വെളിച്ചത്തിൽ ടിയാനെ 25/11/2017 ലെ സഉ(സാധാ) 1143/2017/ കൃഷി നമ്പർ ഉത്തരവ് (പേജ് 100) പ്രകാരം സർവിസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പിന്നീട് സ്ക്വാഡ് മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലും, ടി ഓഫീസിന്റെ പരിധിയിലുള്ള ആറു കൃഷിഭവനുകളിലും, ഫീൽഡുകളിലും വിശദമായ പരിശോധനകൾ നടത്തി. ടി പരിശോധനയിൽ പദ്ധതി നടത്തിപ്പുകളിലും, ഓഫീസുകളിലെ ധനവിനിയോഗത്തിലും വളരെ ഗുരുതരമായ ക്രമക്കേടുകളും, പോരായ്മകളും കണ്ടെത്തിയിട്ടുണ്ട്.

ജില്ലയിലെ കാർഷികരംഗത്തെ പുരോഗതിക്കും കർഷകരുടെ ഉന്നമനത്തിനും വേണ്ടി ആസൂത്രണം ചെയ്തിരുന്ന മിക്ക പദ്ധതികളും അക്ഷരാർഥത്തിൽ അട്ടിമറിച്ചുകൊണ്ട്, അനുവദിച്ച പണം മുഴുവൻ ചെലവഴിച്ചതായ രേഖകളുണ്ടാക്കി സമർപ്പിച്ച് കൃഷിവകുപ്പിലെ ഏതാനും ഉദ്യോഗസ്ഥർ സർക്കാരിനെയും കർഷകരെയും നാളിതുവരെ കബളിപ്പിക്കുകയായിരുന്നു എന്ന വസ്തുത പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരിഭാഗം പദ്ധതികൾക്കായും അനുവദിച്ച പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് സാമ്പത്തിക ലക്ഷ്യം നേടിയതായി കാണിച്ച്, സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു നാളിതുവരെ ഉദ്യോഗസ്ഥർ ചെയ്തിട്ടുള്ളതെന്നാണ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. വിശദമായ പരിശോധനയിലെ കണ്ടെത്തലുകളും ശുപാർശകളും താഴെ കൊടുക്കുന്നു.

I . അക്കൗണ്ടിൽ നിന്നും ചെക്കുകൾ മുഖേനയുള്ള പണം തട്ടിപ്പ്

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന തിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ഫെഡറൽ ബാങ്കിന്റെ മാനന്തവാടി ശാഖയിൽ 2012

ഡിസംബർ 19 ന് 14420200003568 നമ്പറായി ഒരു പലിശരഹിത കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടി അക്കൗണ്ടിൽ 18-11-17 വരെയായി 62,36,71,550.83 രൂപയുടെ നിക്ഷേപം നടന്നിട്ടുള്ളതായും ടി തുകയിൽ നിന്നും 15-11-17 വരെയായി 61,21,38,221.69 രൂപ പിൻവലിക്കപ്പെട്ടതായും ബാങ്ക് രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാവുന്നു. ശ്രീ ബാബു അലക്സാണ്ടർ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റതിനു ശേഷം കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ടി അക്കൗണ്ടിൽ നിക്ഷേപിച്ച തുകകളിൽ നിന്നും വിവിധ തീയതികളിലായി താഴെ കാണിച്ച പട്ടികയിൽ സൂചിപ്പിച്ചപ്രകാരം 81,92,075 രൂപ വ്യക്തിഗത ചെക്കുകൾ വഴി ടിയാൻ പണമായി പിൻവലിച്ചിട്ടുണ്ട്. പിൻവലിച്ച തുകകളുടെ യാതൊരു വിവരങ്ങളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല പണമായി ആർക്കെങ്കിലും മേൽ തുകകൾ നൽകിയതായി കാണിക്കുന്ന യാതൊരു രേഖകളും ഓഫീസിൽ ലഭ്യമവുമല്ല. ചെക്ക് കൈപ്പറ്റിയതായി ടിയാൻ നൽകിയിട്ടുള്ള കേവലം രസീതികൾ (പേജ് 102) മാത്രമേ ഇതുമായി ബന്ധപ്പെട്ട ഏതാനും ഫയലുകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ.

	Date	Cheque No.	Amount
1	06/12/2013	10055843	50000
2	19/12/2013	10055848	103970
3	08/01/2014	10055860	89272
4	22/01/2014	10055876	39000
5	04/03/2014	10064512	86000
6	04/03/2014	10064515	31000
7	04/04/2014	10066522	4500
8	12/04/2014	10066554	112592
9	28/04/2014	10066585	93600
10	02/05/2014	10066597	114100
11	30/05/2014	10067585	144000
12	17/06/2014	10068882	52000
13	05/07/2014	10068899	200000
14	02/08/2014	10068942	58730
15	07/08/2014	10068944	212904
16	14/08/2014	10068952	96880
17	05/09/2014	10071391	38751
18	05/09/2014	10071390	45000
19	25/09/2014	10071401	156869
20	07/03/2015	10078065	38000
21	07/03/2015	10078064	50000
22	09/03/2015	10078069	10000
23	18/03/2015	10078098	14000
24	20/03/2015	10078100	507439
25	30/04/2015	10079814	15000
26	30/04/2015	10079815	30000
27	02/05/2015	10079816	72000
28	16/05/2015	10080473	110000
29	29/06/2015	10081021	381110
30	29/07/2015	10081068	20000
31	10/09/2015	10081114	114870
32	10/09/2015	10081113	44751
33	16/11/2015	10081167	12000
34	16/11/2015	10081168	540

35	16/11/2015	10081169	5471
36	30/11/2015	10081189	98202
37	09/12/2015	10086892	321210
38	10/12/2015	10086893	490050
39	01/01/2016	10086927	144000
40	11/02/2016	10084379	34454
41	11/02/2016	10087066	192000
42	16/02/2016	10084381	100000
43	19/02/2016	10084405	50000
44	26/02/2016	10084431	100000
45	02/03/2016	10084447	25000
46	31/03/2016	10102296	12600
47	05/04/2016	10087044	50000
48	05/04/2016	10087043	50000
49	05/04/2016	10087041	4800
50	05/04/2016	10087040	55000
51	13/04/2016	10087063	3750
52	13/04/2016	10087064	5000
53	30/04/2016	10089840	5000
54	30/04/2016	10089839	7000
55	27/05/2016	10089880	45000
56	05/07/2016	10095402	50000
57	16/07/2016	10095405	94000
58	22/07/2016	10095409	66000
59	16/08/2016	10095435	125000
60	16/08/2016	10095434	125000
61	22/08/2016	10095437	125000
62	30/08/2016	10095455	250000
63	09/09/2016	10095471	125000
64	14/10/2016	10093947	125000
65	11/11/2016	10093985	10000
66	19/11/2016	10094000	15000
67	06/12/2016	10094021	24000
68	17/12/2016	10100492	44000
69	31/12/2016	10100514	6000
70	31/12/2016	10100513	40000
71	31/12/2016	10100515	35000
72	27/01/2017	10100563	20000
73	10/02/2017	10102217	25000
74	23/02/2017	10102243	19000
75	04/03/2017	10102265	70000
76	28/03/2017	10102284	12260
77	31/03/2017	10102295	18000
78	11/05/2017	10108555	50000
79	11/05/2017	10108556	50000
80	19/05/2017	10108559	50000
81	19/05/2017	10108571	50000
82	20/05/2017	10108572	50000

83	26/05/2017	10108580	50000
84	26/05/2017	10108581	50000
85	09/06/2017	10108601	50000
86	23/06/2017	10108613	25000
87	30/06/2017	10108623	50000
88	30/06/2017	10108624	50000
89	30/06/2017	10108625	50000
90	01/07/2017	10108626	25000
91	28/07/2017	10111976	45000
92	18/08/2017	10111996	50000
93	25/08/2017	10112005	76400
94	16/09/2017	10112021	200000
95	28/09/2017	10112025	50000
96	07/10/2017	10112034	50000
97	13/10/2017	10112036	100000
98	17/10/2017	10112038	25000
99	21/10/2017	10112039	25000
100	27/10/2017	10112041	100000
101	27/10/2017	10112042	100000
102	10/11/2017	10114315	50000
103	10/11/2017	10114316	50000
104	15/11/2017	10114317	100000
105	15/11/2017	10114318	100000
106	15/11/2017	10114319	100000
ആകെ			8192075

കേരള ട്രഷറി കോഡിലെ റൂൾ 188(viii) പ്രകാരം സർക്കാർ ഓഫീസുകളിലെ 1000 രൂപയില ധികമുള്ള സാമ്പത്തിക ഇടപാടുകൾ ചെക്ക്/DD /ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന നടത്തണ മെന്നിരിക്കെ (04.04.2016 ലെ G.O. (P) No.46/2016/Fin ഉത്തരവ് പ്രകാരം 2000 രൂപയിലധികം) മേൽ സൂചിപ്പിച്ച പ്രകാരം തുക പണമായി പിൻവലിക്കേണ്ടതുണ്ടായിരുന്നില്ല. മേൽവിവരിച്ചപ്രകാരം ചെക്കുകളിലൂടെ പണം പിൻവലിച്ചത് സംബന്ധിച്ച് ശ്രീ. ബാബു അലക്സാ ണ്ടറിനോട് വിശദീകരണം ചോദിച്ചിരുന്നുവെങ്കിലും (പേജ് 124), ടി തുകകൾ കർഷകർക്ക് വളരെ പെട്ടെന്ന് വിതരണം ചെയ്യുന്നതിനായി പണമായി പിൻവലിച്ച് അതാത് കൃഷിഭവനുകളിലെ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടെന്നും, ആയതിന്റെ രേഖകൾ അതാത് ഓഫീസുകളിൽ സൂക്ഷിച്ചിട്ടുണ്ടാവുമെന്നുള്ള, നിരുത്തരവാദപരമായ ഒരു മറുപടിയാണ് നൽകിയിട്ടുള്ളത് (അനുബന്ധം 1). 2016-17 വർഷത്തിലാണ് അക്കൌണ്ട് മുഖേനയുള്ള പണം ട്രാൻസ്ഫർ നിലവിൽ വന്നിട്ടുള്ളതെന്നും അതിനാലാണ് ഇത്തരത്തിൽ പണമായി തുക പിൻവലിച്ചതെന്നും ടിയാൻ സൂചിപ്പിച്ചിട്ടുണ്ട്(പേജ് 148).ടിയാന്റെ മറുപടി യാതൊരു തരത്തിലും അംഗീകരിക്കാവുന്നതല്ല. കർഷകർക്ക് ബാങ്ക് അക്കൌണ്ടിലേക്ക് ധനസഹായം നൽകുന്ന സമ്പ്രദായം ഈ ഓഫീസിൽ 2013 മുതൽ തന്നെ ആരംഭിച്ചിട്ടുള്ളതായി കാണാവുന്നതാണ്. മാത്രമല്ല പണമായി തുക ഏതെങ്കിലും അത്യാവശ്യ സാഹചര്യത്തിൽ മാറിനൽകിയിട്ടുണ്ടെങ്കിൽത്തന്നെ ടി തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചട്ടപ്രകാരം ഓഫീസിലെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമുണ്ട്. മുൻകാലങ്ങളിൽ ട്രഷറിയിൽ നിന്ന് ബാങ്ക് അക്കൗണ്ടിലേക്ക് മാറിയിട്ട തുകകൾ കാലങ്ങൾക്ക് ശേഷം പിൻവലിച്ച് ക്യാഷ്ബുക്കിൽ പോലും രേഖപ്പെടുത്താതെ മറ്റു ഓഫീസുകൾ മുഖാന്തിരം വിതരണം ചെയ്യുവെന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയുകയില്ല. എന്നിരുന്നാലും ശ്രീ. ബാബു അലക്സാണ്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ, വിവിധ കൃഷി ഭവനുകളിൽ വീണ്ടും ഇതു സംബന്ധിച്ച് പരിശോധന നടത്തിയെങ്കിലും, മേൽപ്പറഞ്ഞ രീതിയിൽ കർഷകർക്ക് നൽകുന്നതിനായി

● കൃഷിഭവനുകളിൽ ഏതെങ്കിലും തുകകൾ ലഭിച്ചതായി കാഷ്ബുക്കിലോ മറ്റേയാതൊരു രേഖപ്പെടുത്തലുകളും നടത്തിയതായും കാണുന്നില്ല. മാത്രമല്ല കർഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി ശ്രീ. ബാബു അലക്സാണ്ടറിൽ നിന്ന് നേരിട്ടോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് വഴിയോ പണമായി തുകകളൊന്നും തന്നെ ലഭിച്ചിട്ടില്ലായെന്നും മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിലെ കൃഷി ഓഫീസർമാർ സ്ക്വാഡിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്(അനുബന്ധം 2). കർഷകർക്ക് ആനുകൂല്യങ്ങൾ നേരിട്ട് അക്കൗണ്ടുകളിലേക്ക് നൽകാനായി അവരുടെ ബാങ്ക് അക്കൗണ്ട് നമ്പർ സഹിതം സമർപ്പിക്കപ്പെടുന്ന ക്ലെയിമുകളിൽ, നിലവിൽ ധനസഹായം നൽകുന്ന സമ്പ്രദായത്തിനു വിപരീ തമായി, തുക പണമായി പിൻവലിച്ച് കർഷകർക്ക് നേരിട്ട് നൽകിയെന്നത് യാതൊരു തര ത്തിലും വിശ്വാസയോഗ്യമല്ല. ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന പണം ഏതു രൂപത്തിലാ യാലും (ചെക്ക്, ഡിഡി, ക്യാഷ് തുടങ്ങിയവ) അത് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തണമെന്നി രിക്കെ, ഇപ്രകാരം ചെയ്യാതെ ടി തുകകൾ എല്ലാം പണമായി മാറി നൽകി എന്ന വാദം അംഗീക രിക്കാവുന്നതല്ല. വിവിധ തിയ്യതികളിലായി പിൻവലിച്ച തുകകൾ മിക്കവയും ഒരു ക്ലിപ്തസംഖ്യകളാ ണെന്നതിൽനിന്നുതന്നെ ടി തുകകളൊന്നും ധനസഹായ വിതരണത്തിനായി പിൻവലിച്ചതാ ണെന്ന് കരുതാൻവയ്യ. ചില മാസങ്ങളിൽ വളരെ വലിയ തുകകളാണ് വ്യക്തിഗത ചെക്കുകൾ വഴി ശ്രീ. ബാബു അലക്സാണ്ടർ മാറിയെടുത്തിരിക്കുന്നത്. 2016 ആഗസ്റ്റ് മാസത്തിൽ മാത്രം നാലു ചെക്കുകളിലായി 6,25,000 രൂപ പണമായി ടിയാൻ പിൻവലിച്ചിട്ടുണ്ട്. അതുപോലെത്തന്നെ 2017 നവംബർ മാസത്തിൽ ഒരു ലക്ഷം രൂപയുടെ മൂന്നും 50,000 രൂപയുടെ രണ്ടും ചെക്കുകളിലായി 4,00,000 രൂപയും ടിയാൻ പിൻവലിച്ചിട്ടുണ്ട്. 2017 നവംബർ 15 വരെ ടിയാൻ ഈ അക്കൗണ്ടിൽ നിന്നും തുക മാറിയെടുത്തിട്ടുണ്ട്. വിവിധ കാലയളവുകളിൽ പദ്ധതികൾ ഭൌതികമായി പൂർത്തീകരിക്കാതെ, സാമ്പത്തിക ലക്ഷ്യം കൈവരിച്ചതായി കാണിച്ച്, ട്രഷറിയിൽനിന്നും പണം മാറി ബാങ്കിൽ നിക്ഷേപിക്കുകയും, യാതൊരു ക്ലെയിമുകളും ലഭിക്കാത്ത ടി തുകകളിൽനിന്നും സ്വയം ചെക്കുകളിലൂടെ യഥേഷ്ടം പണം മാറിയെടുക്കുകയുമായിരുന്നു കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ബാബു അലക്സാ ണ്ടർ ചെയ്തിരുന്നതെന്ന് പരിശോധനയിൽ വ്യക്തമാണ്. ഇപ്രകാരം വയനാട് പാക്കേജിൽ ഉൾപ്പെടുത്തി CB 178/16-17 പ്രകാരം മാറിയ 30,63,000 രൂപയിൽ നിന്നു മാത്രം 16 വ്യക്തിഗത ചെക്കുകളിലായി (മുൻപട്ടിക ക്രമനമ്പർ 80 – 89,92,94-96) 9,25,000 രൂപയും ശ്രീ. ബാബു അലക്സാണ്ടർ പിൻവലിച്ചതായുള്ള രസീതികൾ ഫയലിൽ കാണാവുന്നതാണ്. അതേപോലെത്തന്നെ വയനാട് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ "നെൽകൃഷി പ്രോത്സാഹനം" എന്ന പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തിൽ നെൽക്കർഷകർക്ക് നൽകുന്നതിനായി ഡിമാന്റ് ഡ്രാഫ്റ്റായി അനുവദിച്ചിരുന്ന 13,24,541 രൂപയിൽ നിന്നും എടവക കൃഷിഭവനിലേക്ക് നൽകിയ 2,76,371 രൂപയൊഴികെ ബാക്കി 10,48,170 രൂപയും കർഷകർക്ക് വിതരണംചെയ്യാതെ ശ്രീ ബാബു അലക്സാണ്ടർ ചെക്കുകളിലൂടെ സ്വയം പിൻവലിച്ച് കൈപ്പറ്റിയ തുകയിൽ (മുൻപട്ടിക ക്രമനമ്പർ 24,29,31,32) ഉൾപ്പെടുന്നു. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് ഈയിനത്തിൽ 2014-2015 വർഷത്തിൽ ലഭിച്ച തുക പൂർണമായും ചെലവഴിച്ചുവെന്ന് കാണിച്ചുള്ള വിനിയോഗസാക്ഷ്യ പത്രവും (പേജ് 163) ടിയാൻ പ്രിൻസിപ്പൽ കൃഷിഓഫീസിലേക്ക് സമർപ്പിച്ചിട്ടുണ്ട്.മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെയും, വിവിധ പദ്ധതികളുടെയും മേൽനോട്ടച്ചുമതലയുണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർമാരോ, കൃഷി വകുപ്പിലെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗമോ ശ്രീ. ബാബു അലക്സാണ്ടർ ചുമതല വഹിച്ചിരുന്ന കാലയളവിലൊരിക്കൽപ്പോലും അക്കൗണ്ടിലെ സാമ്പത്തിക വിനിയോഗം സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്താതിരുന്നത് ടിയാന് അനധികൃതമായി പണം പിൻവലിക്കുന്നതിന് സഹായകരമായി എന്ന് മനസ്സിലാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ശ്രീ. ബാബു അലക്സാണ്ടർ നടത്തിയ സാമ്പത്തികക്കൊള്ളക്ക് മേലുദ്യോഗസ്ഥരുടെ മൌനാനുവാദമുണ്ടായിരുന്നോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ, മേൽപ്പറഞ്ഞ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ

തുകയും ശ്രീ. ബാബു അലക്സാണ്ടർ സ്വയം ചെക്കിലൂടെ ക്രമവിരുദ്ധമായി പിൻവലിച്ച് സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയായിരുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ അനധികൃതമായി ടിയാൻ പിൻവലിച്ച മുഴുവൻ തുകയും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 303A(c) യിലെ നോട്ടിലെ വ്യവസ്ഥകൾ പ്രകാരം പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ മുകളിലെ പട്ടികയിൽ കാണിച്ചിട്ടുള്ള 81,92,075 രൂപ. ടി പണം പിൻവലിച്ച തീയതി മുതൽ 18% പലിശ സഹിതം താഴെകൊടുത്ത പ്രകാരം ശ്രീ. ബാബു അലക്സണ്ടാറിൽനിന്നും റവന്യൂ റിക്കവറിയുൾപ്പെടെ ആവശ്യമായ നടപടികളിലൂടെ തിരിച്ചു പിടിക്കേണ്ടതാണ്.

SL. No	Date	Cheque No.	Amount	Delay (days)	Interest upto 30/04/2018 @18% per year	Total amount to be recovered (upto 30/04/2018)
1	06-12-13	10055843	50000	1607	39625	89625
2	19-12-13	10055848	103970	1594	81729	185699
3	08-01-14	10055860	89272	1574	69295	158567
4	22-01-14	10055876	39000	1560	30003	69003
5	03-04-14	10064512	86000	1489	63150	149150
6	04-03-14	10064515	31000	1519	23222	54222
7	04-04-14	10066522	4500	1488	3302	7802
8	12-04-14	10066554	112592	1480	82177	194769
9	28-04-14	10066585	93600	1464	67577	161177
10	02-05-14	10066597	114100	1460	82152	196252
11	30-05-14	10067585	144000	1432	101692	245692
12	17-06-14	10068882	52000	1414	36260	88260
13	05-07-14	10068899	200000	1396	137688	337688
14	02-08-14	10068942	58730	1368	39621	98351
15	07-08-14	10068944	212904	1363	143106	356010
16	14-08-14	10068952	96880	1356	64785	161665
17	05-09-14	10071391	38751	1334	25493	64244
18	05-09-14	10071390	45000	1334	29604	74604
19	25-09-14	10071401	156869	1314	101651	258520
20	07-03-15	10078065	38000	1151	21569	59569
21	07-03-15	10078064	50000	1151	28381	78381
22	09-03-15	10078069	10000	1149	5666	15666
23	18-03-15	10078098	14000	1140	7871	21871
24	20-03-15	10078100	507439	1138	284778	792217
25	30-04-15	10079814	15000	1097	8115	23115
26	30-04-15	10079815	30000	1097	16230	46230
27	02-05-15	10079816	72000	1095	38880	110880
28	16-05-15	10080473	110000	1081	58641	168641
29	29-06-15	10081021	381110	1037	194899	576009
30	29-07-15	10081068	20000	1007	9932	29932
31	10-09-15	10081114	114870	964	54609	169479
32	10-09-15	10081113	44751	964	21275	66026
33	16-11-15	10081167	12000	897	5308	17308
34	16-11-15	10081168	540	897	239	779
35	16-11-15	10081169	5471	897	2420	7891
36	30-11-15	10081189	98202	883	42762	140964
37	09-12-15	10086892	321210	874	138446	459656

38	10-12-15	10086893	490050	873	210977	701027
39	01-01-16	10086927	144000	851	60433	204433
40	11-02-16	10084379	34454	810	13763	48217
41	11-02-16	10087066	192000	810	76695	268695
42	16-02-16	10084381	100000	805	39699	139699
43	19-02-16	10084405	50000	802	19775	69775
44	26-02-16	10084431	100000	795	39205	139205
45	02-03-16	10084447	25000	790	9740	34740
46	31-03-16	10102296	12600	761	4729	17329
47	05-04-16	10087044	50000	756	18641	68641
48	05-04-16	10087043	50000	756	18641	68641
49	05-04-16	10087041	4800	756	1790	6590
50	05-04-16	10087040	55000	756	20505	75505
51	13-04-16	10087063	3750	748	1383	5133
52	13-04-16	10087064	5000	748	1844	6844
53	30-04-16	10089840	5000	731	1802	6802
54	30-04-16	10089839	7000	731	2523	9523
55	27-05-16	10089880	45000	704	15623	60623
56	05-07-16	10095402	50000	665	16397	66397
57	16-07-16	10095405	94000	654	30317	124317
58	22-07-16	10095409	66000	648	21091	87091
59	16-08-16	10095435	125000	623	38404	163404
60	16-08-16	10095434	125000	623	38404	163404
61	22-08-16	10095437	125000	617	38034	163034
62	30-08-16	10095455	250000	609	75082	325082
63	09-09-16	10095471	125000	599	36925	161925
64	14-10-16	10093947	125000	564	34767	159767
65	11-11-16	10093985	10000	536	2643	12643
66	19-11-16	10094000	15000	528	3906	18906
67	06-12-16	10094021	24000	511	6048	30048
68	17-12-16	10100492	44000	500	10849	54849
69	31-12-16	10100514	6000	486	1438	7438
70	31-12-16	10100513	40000	486	9587	49587
71	31-12-16	10100515	35000	486	8388	43388
72	27-01-17	10100563	20000	459	4527	24527
73	10-02-17	10102217	25000	445	5486	30486
74	23-02-17	10102243	19000	432	4048	23048
75	04-03-17	10102265	70000	423	14602	84602
76	28-03-17	10102284	12260	399	2412	14672
77	31-03-17	10102295	18000	396	3515	21515
78	11-05-17	10108555	50000	355	8753	58753
79	11-05-17	10108556	50000	355	8753	58753
80	19-05-17	10108559	50000	347	8556	58556
81	19-05-17	10108571	50000	347	8556	58556
82	20-05-17	10108572	50000	346	8532	58532
83	26-05-17	10108580	50000	340	8384	58384
84	26-05-17	10108581	50000	340	8384	58384
85	09-06-17	10108601	50000	326	8038	58038

86	23-06-17	10108613	25000	312	3847	28847
87	30-06-17	10108623	50000	305	7521	57521
88	30-06-17	10108624	50000	305	7521	57521
89	30-06-17	10108625	50000	305	7521	57521
90	01-07-17	10108626	25000	304	3748	28748
91	28-07-17	10111976	45000	277	6147	51147
92	18-08-17	10111996	50000	256	6312	56312
93	25-08-17	10112005	76400	249	9382	85782
94	16-09-17	10112021	200000	227	22389	222389
95	28-09-17	10112025	50000	215	5301	55301
96	07-10-17	10112034	50000	206	5079	55079
97	13-10-17	10112036	100000	200	9863	109863
98	17-10-17	10112038	25000	196	2416	27416
99	21-10-17	10112039	25000	192	2367	27367
100	27-10-17	10112041	100000	186	9173	109173
101	27-10-17	10112042	100000	186	9173	109173
102	10-11-17	10114315	50000	172	4241	54241
103	10-11-17	10114316	50000	172	4241	54241
104	15-11-17	10114317	100000	167	8236	108236
105	15-11-17	10114318	100000	167	8236	108236
106	15-11-17	10114319	100000	167	8236	108236
ആകെ			8192075		3345697	11537772

II. പിതാവിന്റെ അക്കൌണ്ടിലേക്ക് അക്കൗണ്ട് മുഖേനയുള്ള പണം കൈമാറ്റം

ഫെഡറൽ ബാങ്കിലെ പണമിടപാടുകളുടെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകൾ ലഭ്യമാക്കി പരിശോധന നടത്തിയതിൽനിന്നും സ്വയം ചെക്കിലൂടെ പണം പിൻവലി ച്ചതിന് പുറമേ ശ്രീ. ബാബു അലക്സാണ്ടർ തന്റെ പിതാവായ അലക്സാണ്ടർ മുതലാളിയുടെ പേരിൽ Kollam/Polayathode ശാഖയിലെ 14590100036338 നമ്പർ അക്കൗണ്ടിലേക്ക് രണ്ടു തവണ യായി 110000രൂപ (15-12-16 ന് 75000 രൂപയും 31/12/16 ന് 35000 രൂപയും) കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽനിന്നും കൈമാറ്റം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന്, അലക്സാണ്ടർ മുതലാളി തന്റെ പിതാവാണെന്നും, ഓഫീസിലെ വാഹന ഇന്ധനച്ചെലവിനും മറ്റും സ്വന്തം കയ്യിൽനിന്നും ചെലവഴിച്ച തുക പിതാവി ന്റെയും തന്റെയും പേരിലുള്ള സംയുക്ത അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്(പേജ് 150). മേൽപറഞ്ഞ 75000 രൂപ അലക്സാണ്ടർ മുതലാളിയുടെ പേരിൽ ട്രാൻസ്ഫർ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും 96000 രൂപ യുടെ ഒരു ചെക്കിലൂടെ (ചെക്ക് നമ്പർ 10100485, തീയതി 15-12-16) 75000 രൂപ അലക്സാണ്ടർ മുതലാളിക്കും ബാക്കി 21000 രൂപ ശ്രീവാസ് എം.പി എന്ന വ്യക്തിക്കുമാണ് കൈമാറിയിരി ക്കുന്നത്. ഇതിൽ 21000 രൂപ ലഭിച്ച ശ്രീ. ശ്രീവാസ് എം.പി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരനാണ്. ടിയാൻ പണം ലഭിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിശദീകരണത്തിൽ, തന്റെ കയ്യിൽ നിന്നും 24000 രൂപ ശ്രീ ബാബു അലക്സാണ്ടർ വാങ്ങിച്ചിരുന്നുവെന്നും, അതിൽ 21000 രൂപ മാത്രം അക്കൌണ്ട് മുഖാന്തിരം തരികെ നൽകുക യുമാണ് ചെയ്തതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്(പേജ് 119). മേൽ തുക പിൻലിക്കുന്നതി നായി സമർപ്പിച്ചിരിക്കുന്ന നക്ഷത്ര മീനങ്ങാടി എന്ന സ്ഥാപനത്തിന്റെ ഡിസൈനിംഗ് ആൻഡ് പ്രിന്റിംഗ് ഇനത്തിലുള്ള 110000 രൂപയുടെ (10000 x 11) ബില്ലുകൾ യഥാർത്ഥത്തിൽ പ്രവർത്തി ചെയ്യാതെ സംഘടിപ്പിച്ചതാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഡിസൈനിംഗ് ഇന ത്തിൽ 6600 രൂപയുടെ പ്രവർത്തികൾ മാത്രമേ താൻ ചെയ്തിരുന്നുള്ളുവെന്നും, ഫണ്ട് ലാപ്സാവാതിരിക്കാനെന്നപേരിൽ

പ്രിൻറിംഗ് ഉൾപ്പെടെ ചേർത്ത് 10000 രൂപയുടെ പതിനൊന്നു ബില്ലുകൾ ആവശ്യപ്പെട്ടപ്രകാരം താൻ നൽകുകയായിരുന്നു എന്നുമാണ് കടയുടമ അറിയിച്ചിട്ടുള്ളത് (അനുബന്ധം3).ഇതിൽനിന്നും ചെയ്യാത്ത പ്രവർത്തികളുടെ ബില്ലുകൾ സമർപ്പിച്ച് ശ്രീ. ബാബു അലക്സാണ്ടർ പണം മാറിയെടുക്കുകയായിരുന്നുവെന്ന് വ്യക്തമാവുന്നു. കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ C.B.131/16-17 പ്രകാരം മാറിയ തുകയിൽനിന്നും 31/12/2016 ന് ഇതേ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്ത 35000 രൂപ സംബന്ധിച്ചും വ്യക്തമായ ഒരു മറുപടി നൽകാൻ ടിയാന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽപറഞ്ഞ 131000 രൂപ (96000 +35000) പണം പിൻവലിച്ച തീയതി മുതൽ 18% പലിശ സഹിതം താഴെ കാണിച്ച പ്രകാരം ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

SL.No	Date	Cheque No.	Amount	Delay (days)	Interest upto 30/04/2018 @18% per year	Total amount to be recovered (upto 30/04/2018)
1	15-12-16	10100485	96000	502	23766	119766
2	31-12-16	10100515	35000	486	8388	43388
			131000		32154	163154

III. ആത്മ, പി എം കെഎസ് വൈ സ്കീമുകളിലെ പണം തിരിമറി

ആത്മയുടെ ജില്ലാ പ്രൊജക്ട് ഓഫീസിൽ നിന്നും വിവിധ സ്കീമുകളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്കായി ചെക്ക് മുഖാന്തിരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് ലഭിച്ച താഴെ കാണിച്ച തുകകൾ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താതെ ശ്രീ. ബാബു അലക്സാണ്ടർ കൈവശപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഇനം	ചെക്ക് നമ്പർ	തുക പിൻവലിച്ച തീയതി	തുക
1	PMKSY Exposure Visit	398979	29/04/17	8000
2	ATMA (രണ്ടു കുടുംബശ്രീ യൂണിറ്റുകൾക്ക് സീഡ് മണി, ATMA കപ്പാസിറ്റി ബിൽഡിംഗ്)	787588	14/09/17	25000
3	ATMA (ഒരു കുടുംബശ്രീ യൂണിറ്റിന് സീഡ് മണി)	787601	14/09/17	10000
4	ATMA കലാജാഥ	787574	09/08/17	25000

മേൽപ്പറഞ്ഞ പരിപാടികളെല്ലാം വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട് എന്നും വകപ്പിൽനിന്നും യാതൊരു ആക്ഷേപവും ഈ പരിപാടികളെ സംബന്ധിച്ച് ഉണ്ടായിട്ടില്ല എന്നുമുള്ള ഒരു മറുപടി യാണ് (അനുബന്ധം4) ശ്രീ. ബാബു അലക്സാണ്ടർ സമർപ്പിച്ചിട്ടുള്ളത്. വിവിധ പരിപാടികൾക്കുള്ള പണം അനുവദിക്കുന്നതിനപ്പുറം, ടി ഫണ്ടുകൾ കൃത്യമായി ഉപയോഗിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനുള്ള

യാതൊരു നടപടിയും പ്രൊജക്റ്റ് ഓഫീസിൽ നിന്ന് സ്വീകരിക്കുന്നില്ല എന്ന് ശ്രീ. ബാബു അലക്സാണ്ടറുടെ മറുപടിയിൽനിന്നും വ്യക്തമാണ്. പണം കൈപ്പറ്റിയിട്ടും സ്കീമിൽ നിർദേശിച്ചപ്രകാരം യാതൊരു പരിപാടികളും നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, മേൽപ്പറഞ്ഞ 68,000 രൂപ, തുകകൾ കൈപ്പറ്റിയ തീയതി മുതലുള്ള18%പലിശ സഹിതം താഴെകൊടുത്ത പ്രകാരം ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

Sl No.	Cheque No	Date of receipt	Amount	Delay (days)	Interest upto 30/04/2018 @18%	Total amount to be recovered (upto 30/04/2018)
1	398979	29-04-17	8000	367	1448	9448
2	787588	14-09-17	25000	229	2823	27823
3	787601	14-09-17	10000	229	1129	11129
4	787574	09-08-17	25000	265	3267	28267
Total					8667	76667

ഫണ്ടുകളുടെ സുതാര്യവും കാര്യക്ഷമവുമായ വിനിയോഗം ഉറപ്പുവരുത്തുന്നതിൽ മേൽനോട്ട ചുമതലയുള്ള ആത്മ പ്രൊജക്റ്റ് ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥർ തങ്ങളുടെ കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ചവരുത്തിയെന്ന് വ്യക്ത മാണ്. ആയതിനാൽ അനുവദിച്ച ഫണ്ടുകളുടെ സമയബന്ധിതവും, കൃത്യവുമായ വിനിയോഗം ഉറപ്പുവരുത്താതെ മേൽപ്പറഞ്ഞ തുകകൾ ശ്രീ. ബാബു അലക്സാണ്ടറിന് കൈവശപ്പെടുത്താൻ സാഹചര്യമൊരുക്കുന്ന തരത്തിൽ പരിശോധനകളിൽ വീഴ്ച വരുത്തിയ ആത്മ പ്രൊജക്റ്റ് ഓഫീസിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികളും സ്വീകരിക്കേണ്ടതാണ്.

IV. ഓഫീസ് ചെലവുകളിലെ സാമ്പത്തിക തട്ടിപ്പ്

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് വിവിധ സാധനങ്ങൾ/ സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട ബില്ലുകൾ സ്ക്വാഡ് പരിശോധിക്കുകയുണ്ടായി. ഇതിൽനിന്നും താഴെപറയുന്നയിനങ്ങളിൽ ചെലവുകൾ (അനുബന്ധം 5) കാണിച്ച് തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭൗതിക പരിശോധനയിൽ ഇത്തരം സാധനങ്ങളോ, ഈ ചെലവുകൾ സംബന്ധിച്ച എന്തെങ്കിലും വിശദാംശങ്ങളോ കണ്ടെത്താൻ കഴിഞ്ഞില്ല.

ക്രമ നമ്പർ	ഇനം	ബിൽ നമ്പറും തീയതിയും	ചെക്ക് നമ്പർ	തീയതി	തുക	C.B നമ്പർ
1	സ്പൈറൽ ബൈന്റിംഗ്	13.03.2014	066557	19.04.14	10250	156/13-14
2	ഫർണിച്ചർ	499, 25/03/15	10078131	31-05-15	10500	270/14-15
3	ആൽബം	9, തീയതിയില്ല			12000	
4	ലഘുലേഖകൾ അച്ചടി	596,25/03/15			4800	
5	ഭക്ഷണ ചെലവ്	197, തീയതിയില്ല			6000	
6	ഫോട്ടോ പ്രിന്റിംഗ്	10-22/03/14	10067526	22.05.14	17500	186/13-14

7	പ്രിന്റിംഗ്	9191, തീയതിയില്ല	10078138	31.03.15	17970	277/14-15
8	വീഡിയോ ആൽബം	25/03/2014	10066556	19.04.14	48000	167/13-14
9	വീഡിയോ ആൽബം	42,18-01-16	10084380	11.02.16	7000	237/15-16
10	വീഡിയോ ആൽബം	43,22/01/16	10084380	11.02.16	13000	237/15-16

ഓഫീസിലെ ബന്ധപ്പെട്ട ക്ലാർക്കിനോട് അന്വേഷിച്ചതിൽനിന്നും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർദേശിക്കുന്നത് പ്രകാരം വിവിധ ജീവനക്കാർ സെക്ഷനിൽ ഏൽപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കാനായി സമർപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടുമ്പോൾ, ബില്ലുകൾ സമർപ്പിച്ച് ടി തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർ ചെക്കിലൂടെ കൈപ്പറ്റുകയുമാണ് ചെയ്യുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഓഫീസിലെ ഭാരിച്ച ജോലികൾക്കിടയിൽ ഇപ്രകാരമുള്ള സാധനങ്ങൾ ഭൌതിക പരിശോധനയിലൂടെ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ലായെന്നും, കൃഷി അസിസ്റ്റന്റ് ഡയ റക്ടർ നേരിട്ട് തന്നെ പണം കൈപ്പറ്റുന്നതിനാൽ ഇക്കാര്യം അദ്ദേഹം തന്നെ ഉറപ്പുവരുത്തിയിട്ടുണ്ടാവുംഎന്നാണ് കരുതിയിരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത് (അനുബന്ധം 6). ഇതു സംബന്ധിച്ച അന്വേഷണക്കുറിപ്പിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിനോ മേൽപറഞ്ഞ ചെല വുകൾ സാധൂകരിക്കുന്നതിനുള്ള മറ്റു രേഖകൾ ഹാജരാക്കുന്നതിനോ കൃഷി അസിസ്റ്റന്റ് ഡയറക്ട റായിരുന്ന ശ്രീ. ബാബു അലക്സാണ്ടറിനു കഴിഞ്ഞിട്ടില്ല. താൻ സ്വന്തമായി ഒരു ബില്ലുകളും വാങ്ങാറില്ല എന്നും ജീവനക്കാർ ഹാജരാക്കുന്ന ബില്ലുകൾ പാസാക്കി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ആയതുകൊണ്ടുതന്നെ ഇതിൽ തനിക്ക് യാതൊരു ഉത്തരവാദിത്തവും ഇല്ലായെന്നുമുള്ള വളരെ നിരുത്തരവാദപരമായ മറുപടിയാണ് (അനുബന്ധം 7) ഇക്കാര്യത്തിൽ ടിയാൻ സമർപ്പിച്ചിട്ടുള്ളത്. ഓഫീസ് മേലധികാരി എന്ന നിലയിൽ ടി ഓഫീസിലെ മുഴുവൻ പണത്തി ന്റെയും വിനിയോഗത്തിലെ പൂർണ ഉത്തരവാദിത്തം കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കെ ടിയാന്റെ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. മേൽപ്പറഞ്ഞ തരത്തിൽ കൃത്രിമരേഖകൾ തയ്യാറാക്കുന്നതിന്, ഓഫീസിൽ വിവിധ സ്കീമുകളിൽ നിയമിക്കപ്പെട്ട കരാർ ജീവനക്കാരെ കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ബാബു അലക്സാണ്ടർ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കാവുന്നതാണ്. കരാർ ജോലിയിലെ തുടർച്ച ഉറപ്പാക്കുന്നതിന് ടിയാൻ നടത്തിയ ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കേണ്ടിവന്നിട്ടുണ്ടെന്ന് പല ജീവനക്കാരും സൂചിപ്പിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തിൽ അനുവദിച്ച പണം മുഴുവൻ വർഷാവസാനം വ്യാജ ബില്ലുകൾ ഉപയോഗിച്ച് മാറിയെടുത്ത് കൈക്കലാക്കുകയാണ് ടിയാൻ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ മേൽപട്ടികയിൽ സൂചിപ്പിച്ച 147020 രൂപ 18% പലിശ സഹിതം താഴെ കാണിച്ച പ്രകാരം ടിയാനിൽനിന്നും ഈടാക്കേണ്ടതാണ്.

CB No.	Cheque No.	Date of drawl	Amount	Delay (days)	Interest upto 30/4/18 @18% per year	Total amount to be recovered (upto 30/04/18)
156/13-14	10066557	19-04-14	10250	1473	7446	17696
270/14-15	10078131	31-05-15	33300	1066	17506	50806
186/13-14	10067526	22-05-14	17500	1440	12427	29927
277/14-15	10078138	31-03-15	17970	1127	9987	27957

167/13-14	10066556	19-04-14	48000	1473	34868	82868
237/15-16	10084380	11-02-16	20000	810	7989	27989
ആകെ			147020		90223	237243

മുകളിൽ സൂചിപ്പിച്ച ബില്ലുകൾക്ക് പുറമെ താഴെ പറയുന്ന ചില ബില്ലുകളുടെ(പേജ് 195) ആധി കാരികത സംബന്ധിച്ച് സംശയം തോന്നിയതിനാൽ, ടി സാധനങ്ങൾ വാങ്ങിയതായി /പ്രവർത്തി നിർവഹിച്ചതായി കാണിച്ച കടകയിൽ സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി.

ക്രമ നമ്പർ	ഇനം	ബിൽ നമ്പറും തീയതിയും	ബിൽതുക	അനുവദിച്ച തുക	C.B നമ്പർ
1	computer service	1053 , 18-03-17	14600	12000	229/16-17
2	computer periphrerals	1052 ,10/03/17	8950	7000	

മേൽപ്പറഞ്ഞ സാധനങ്ങൾ /സേവനങ്ങൾ ലഭ്യമാക്കിയതായ iteam എന്നസ്ഥാപനത്തിൽ അന്വേഷിച്ചതിൽനിന്നും ടി സാധനങ്ങൾ തന്റെ സ്ഥാപനത്തിൽ നിന്നും നൽകിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്(അനുബന്ധം6). ഇതിൽ നിന്നും ടി സ്ഥാപനത്തിന്റെ ബില്ലിന്റെ മാതൃക തയ്യാറാക്കി, സാധനങ്ങൾ വാങ്ങിങ്ങിയതായി കാണിച്ച് പണം മാറിയിരിക്കുകയാണെന്ന് വ്യക്തമാണ്. താൻ നേരിട്ട് ബില്ലുകളൊന്നും വാങ്ങാറില്ല എന്നും ബില്ലുകൾ ലഭിക്കുന്ന മുറക്ക് പണം നൽകുകമാത്ര മാണ് ചെയ്തിട്ടുള്ളതെന്നുമാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകിയിരിക്കുന്നത്(പേജ് 152).എന്നാൽ മേൽപ്പറഞ്ഞ ബില്ലുകൾപ്രകാരമുള്ള തുകകളൊന്നും ടിയാൻ മറ്റാർക്കും നൽകാതെ നേരിട്ട് ചെക്കിലൂടെ കൈപ്പറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽനിന്നും ഓഫീസിലെ മറ്റു ജീവനക്കാരാണ് ഇതിനുത്തരവാദികൾ എന്ന വാദം അംഗീകരിക്കാവുന്നതല്ല. ഇനി അഥവാ ജീവനക്കാർ ഇത്തരം ബില്ലുകൾ സമർപ്പിച്ചാൽത്തന്നെ, വാങ്ങിച്ച സാധനങ്ങൾ ഓഫീസിൽ ലഭിച്ചെന്നും, ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്നും കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുണ്ട്. മാർച്ച് മാസത്തിലാണ് ഇത്തരം ബില്ലുകൾ കൂടുതലും സമർപ്പിച്ച് പണം മാറിയിരിക്കുന്നതെന്നും കാണുന്നു. അനുവദിച്ച പണത്തിൽ മിച്ചമുള്ളത് സാമ്പത്തിക വർഷാവസാനം തിരിച്ചടക്കാതെ വ്യാജബില്ലുകൾ സമർപ്പിച്ച് തട്ടിയെടുക്കുകയാണ് ശ്രീ. ബാബു അലക്സാണ്ടർ ചെയ്തിരിക്കുന്നത്. മേൽ സൂചിപ്പിച്ച 19,000 രൂപ 31/03/17 തീയതിയിൽ 10102294 നമ്പർ ചെക്കിൽ ഉൾപ്പെടുത്തിയാണ് മാറിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ച 19,000 രൂപയ്ക്ക് 18% പലിശ സഹിതം 22,710 രൂപ (30/04/18 വരെയുള്ള 396 ദിവസത്തേക്ക് 18% വാർഷിക പലിശ നിരക്കിൽ 3,710 രൂപ) ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

V. പരിശീലന പരിപാടികളിലെ സാമ്പത്തിക തട്ടിപ്പ്

വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട ബില്ലുകളും വൌച്ചറുകളും പരിശോധിച്ചതിൽനിന്നും, പരിശീലന പരിപാടികളിൽ പങ്കെടുത്തവരുടെ എണ്ണം, വ്യാജ ഒപ്പുകൾ രേഖപ്പെ ടുത്തി കൂടുതലായിക്കാണിച്ചും, വ്യാജ ബില്ലുകൾ ഉപയോഗിച്ച് ചെലവുകൾ ഉയർത്തിക്കാണിച്ചും അധിക തുക കൈപ്പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. 13-03-14 ന് മാനന്തവാടിയിൽവെച്ച് നടന്ന ലീഡ്സ് ജില്ലാതല ബോധവൽക്കരണ പരിശീലനത്തിൽ മാനന്തവാടി, പനമരം എന്നീ ബ്ലോക്കുകളിൽനിന്നായി യഥാക്രമം 72 ഉം, 60 ഉം കർഷകരും ഉദ്യോഗസ്ഥരും മാത്രമേ പങ്കെടുക്കേണ്ടിയിരുന്നതെങ്കിലും, മൂന്നു ഉദ്യോഗസ്ഥരു ൾപ്പെടെ ആകെ 203 പേർ പങ്കെടുത്തതായി വ്യാജരേഖകളുണ്ടാക്കി (പേജ്224) അനുവദിച്ച മുഴുവൻ തുകയും C.B. No164/13-14 പ്രകാരം ശ്രീ. ബാബു അലക്സാണ്ടർ കൈപ്പറ്റിയിട്ടുണ്ട്. ഹാജർ ലിസ്റ്റിൽ പങ്കെടുത്തവരുടെ വിലാസമോ മറ്റു വിവരങ്ങളോ ഒന്നും ഉൾപ്പെടുത്താതെ കറെ

പേരുകൾ എഴുതിച്ചേർത്ത് രേഖകൾ ഉണ്ടാക്കുകയായിരുന്നുവെന്ന് കേവല പരിശോധനയിൽ തന്നെ വ്യക്തമാവുന്നതാണ്. ഈ സാഹചര്യത്തിൽ പങ്കെടുക്കേണ്ടിയിരുന്ന132 കർഷകരും മൂന്ന് ഉദ്യോഗസ്ഥരുമുൾപ്പെടെ 135 പേർ മാത്രമേ യഥാർത്ഥത്തിൽ പങ്കെടുത്തിട്ടുള്ളു എന്ന് കണക്കാ ക്കാനേ നിർവാഹമുള്ളു. സമർപ്പിച്ച ബില്ലുകൾ പ്രകാരം ഒരാൾക്ക് 246.30 രൂപ ആകെ ചെലവ് വരുന്നുണ്ട്. ഇപ്രകാരം കണക്കാക്കുമ്പോൾ അധികമായി പങ്കെടുത്തതായി കാണിച്ച 68 ആളു കളുടെ പേരിൽ 16748 രൂപ അനർഹമായി ടിയാൻ കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. മേൽപറഞ്ഞതുപോലെത്തന്നെ മാനന്തവാടിയിൽ വച്ച് 28/10/14 ന് നടന്ന ജില്ലാതല വർക്ക്ഷോപ്പിന്റെ ഹാജർ പരിശോധിച്ചതിൽ നിന്നും 225 പേർ പങ്കെടുത്തതായി കാണിച്ച്(പേജ്209) അതിനാനുപാതികമായ ചെലവുകൾ ഉൾപ്പെടുന്ന ബില്ലുകൾ സമർപ്പിച്ച്, ആകെ 50,000 രൂപ C.B. No85/14-15 പ്രകാരം പിൻവലിച്ചതായി കാണുന്നു. എന്നാൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർ (ഹാജർ ലിസ്റ്റിലെ ക്രമ നമ്പർ 96) ഒപ്പുവച്ചതിനു ശേഷമുള്ള പേരുകളും ഒപ്പുകളും വ്യാജമാണെന്ന് കേവല പരിശോധനയിൽത്തന്നെ മനസിലാക്കാൻ കഴിയും. 96 പേർ മാത്രമേ പങ്കെടുത്തിട്ടുള്ളുവെങ്കിലും, പങ്കെടുക്കാത്ത ആളുകളുടെ പേരും ഒപ്പും വ്യാജമായി രേഖപ്പെടുത്തി ഹാജർപട്ടിക തയ്യാറാക്കിയത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദേശപ്രകാരം ടി ഓഫീസിലെ കരാർ ജീവനക്കാരാണെന്ന് അന്വേഷണത്തിൽ മനസിലാ ക്കാൻ കഴിഞ്ഞിട്ടുണ്ട്. 225 പേർക്ക് 50000 രൂപ ചെലവ് കാണിച്ചതിൽനിന്നും ഒരാൾക്ക് 222.22 രൂപ ആകെ ചെലവ് വന്നതായി കാണുന്നു. ഇപ്രകാരം കണക്കാക്കുമ്പോൾ വ്യാജമായി എഴുതിച്ചേർത്ത 129 പേർക്കായി 28,666 രൂപ ശ്രീ. ബാബു അലക്സാണ്ടർ അന ർഹമായി കൈപ്പറ്റിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. Crop Health Management സ്കീമിൽ നടത്തേണ്ടുന്ന രണ്ടു ബ്ലോക്കുതല പരിശീലനങ്ങൾ നടത്താതെ ഇവ നടത്തിയതായി കാണിച്ച് ബില്ലുകൾ സമർപ്പിച്ച് 38,000 രൂപയും ശ്രീ. ബാബു അലക്സാണ്ടർ CB No 215/15-16പ്രകാരം പിൻവലിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവശ്യം വേണ്ട രേഖകളായ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ, ഫോട്ടോ തുടങ്ങിയ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല . മുൻ ഖണ്ഡികളിൽ വിശദീകരിച്ചതുപോലെത്തന്നെ ഈ പരിശീലനത്തിന്റെതായി സമർപ്പിച്ച ബില്ലുകൾ വ്യാജമാണെന്ന് കണക്കാക്കേണ്ടിയിരിക്കുന്നു.

മേൽ വിവരിച്ച പ്രകാരം വിവിധ പരിശീലനങ്ങളുടെ പേരിൽ വ്യാജമായ ഹാജർ, ബില്ലുകൾ എന്നിവ ഉപയോഗിച്ച് പണം പിൻവലിക്കുന്നത് സംബന്ധിച്ച അന്വേഷണക്കുറിപ്പിനുള്ള മറുപടി യിൽ, ഇത്തരം പരിശീലനങ്ങളിൽ കർഷകർ കുടുംബസമേതമാണ് പങ്കെടുക്കാറുള്ളതെന്നും, പരിശീ ലനം നടക്കുമ്പോൾ സമീപത്തുള്ള മിക്കവരും ഭക്ഷണം കഴിക്കാൻ വരാറുണ്ടെന്നുമാണ് ശ്രീ. ബാബു അലക്സാണ്ടർ വിശദീകരിച്ചത്(പേജ്151,152). ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം പരിശീലനപരിപാടികളിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന ആളുകളുടെ ഒപ്പുകൾ അവരിൽ നിന്നു തന്നെ വാങ്ങാമെന്നിരിക്കെ, പങ്കെടുക്കാത്തവരുടെ പേരുകൾ എഴുതിച്ചേർത്ത് മുഴുവൻ തുകയും മാറിയെടുത്തത് അംഗീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ മേൽപ്പ റഞ്ഞ മൂന്നു പരിശീലന പരിപാടികളുടെയിനത്തിൽ ശ്രീ ബാബു അലക്സാണ്ടർ അധികമായി കൈപ്പറ്റിയ തുകകൾ 18% പലിശ സഹിതം താഴെ പറയും പ്രകാരം ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

Item	Date	Cheque No.	Amount	Delay (Days)	Interest upto 30/04/2018 @18% per year	Total amount to be recovered (upto 30/04/2018)
28/10/14 ന് നടന്ന ജില്ലാതല വർക്ക് ഷോപ്പ് (C.B. No85/14-15)	01-11-14	10071433	28416	1277	17895	46311
13-03-14ന് നടന്ന ലീഡ്സ് ജില്ലാതല ബോധവ ൽക്കരണ	19-04-14	100665555	16748	1473	12166	28914

പരിശീലനം (C.B.No. 164 /13-14)						
CHM - ബ്ലോക്ക്തല പരിശീല നങ്ങൾ (CB No 215/15-16)	31-12-15	10086924	38000	852	15966	53966
ആകെ			83364		46027	129191

കൃഷിവകുപ്പുമായി ബന്ധപ്പെട്ട സ്കീമുകളിൽ/ പദ്ധതികളിൽ വിഭാവനം ചെയ്യുന്ന വിവിധ പരിശീലനങ്ങൾ/ പഠനയാത്രകൾക്കായി അനുവദിക്കുന്ന തുകകൾ ആവശ്യത്തിലധികമായതു കൊണ്ടുതന്നെ പൂർണമായും ചെലവഴിക്കപ്പെടാത്ത ഒരു സാഹചര്യം നിലവിലുണ്ട് എന്ന് അന്വേ ഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ക്ലിപ്തസംഖ്യ ഓരോ പരിശീലത്തിനായി കണ ക്കാക്കി, മുൻകൂറായി അനുവദിക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ടുതന്നെ അധികതുകകൾ തിരിച്ചടക്കുന്നത് ഒഴിവാക്കാനായി, പങ്കെടുത്ത ആളുകളുടെ എണ്ണം പെരുപ്പിച്ച് കാണിച്ച് അതിന നസൃതമായി ചെലവുകളുടെ വ്യാജ ബില്ലുകൾ സമർപ്പിച്ച് മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുകയാണ് ഇത്തരം പരിശീലനങ്ങളിൽ പൊതുവായി ചെയ്യാറുള്ളത് എന്ന് വ്യക്തമാ യിട്ടുണ്ട്. ചില പരിശീലന പരിപാടികളിൽ പങ്കെടുത്ത കർഷകർക്ക് 150 രൂപയുടെ ഫോൾഡർ ഫയലുകൾ വരെ നൽകിയതായികാണിച്ച് വ്യാജബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. പരിശീലന പരിപാടികളുടെ ലക്ഷ്യത്തെത്തന്നെ അട്ടിമറിക്കുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പി ക്കേണ്ടത് അനിവാര്യമാണ്. സ്ക്വാഡിന്റെ പരിശോധനാ കാലയളവിൽ നടത്തിയ പല പരിശീല നപരിപാടികളിലും പഠനയാത്രകളിലും മിച്ചം വന്ന തുകകൾ തിരിച്ചടക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യ ത്തിൽ ഭാവിയിൽ പരിശീലന പരിപാടികൾ നടത്തുമ്പോൾ പങ്കെടുക്കുന്ന ഒരാളിന് സ്റ്റേഷനറി, ഭക്ഷണം എന്നീ ഇനങ്ങളിൽ ചെലവാക്കാവുന്ന പരമാവധി സംഖ്യ സംബന്ധിച്ച് ഏകീകൃ തമായനിർദേശങ്ങൾ ഉൾപ്പെടുത്തിയും, ചെലവുകൾ ക്രമീകരിക്കുന്നതിനായി പരിശീലന പരിപാ ടികളിൽ പങ്കെടുക്കുന്ന ആളുകൾ മുഴുവൻ ഉൾക്കൊള്ളുന്ന തരത്തിലുള്ള പരിപാടിയുടെ ഫോട്ടോ, പങ്കെടുത്തവരുടെ പേരും, ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിലാസവും രേഖപ്പെടുത്തിയ കൃത്യമായ ഹാജർ പട്ടിക, ചെലവുകളുടെ സത്യസന്ധമായ ബില്ലുകൾ എന്നിവ സമർപ്പിക്കാനും കർശന നിർദേശം നൽകേ ണ്ടതാണ്.

VI.തവിഞ്ഞാൽ കൃഷിഭവന് അനുവദിച്ച സ്കൂട്ടർ അനധികൃതമായി കൈവശം വെക്കൽ

ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടി തവിഞ്ഞാൽ കൃഷിഭവൻ അനുവദിക്കപ്പെട്ട KL-12-H-6972 നമ്പർ സ്കൂട്ടർ കൃഷിഭവന് നൽകാതെ അനധികൃതമായി ശ്രീ. ബാബു അലക്സാണ്ടർ കൈവശം വെച്ച് ടിയാന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുകയായിരുന്നു വെന്ന് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പല ദിവസങ്ങളിലും പ്രസ്തുത വാഹനം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ഉഷയുടെ വീട്ടിൽ സൂക്ഷിച്ചിരുന്നതായും, ശ്രീമതി.ഉഷ ഉൾപ്പെടെയുള്ളവർ ടി വാഹനം ഉപയോഗിച്ചിരുന്നതായും അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. സ്ക്വാഡിന്റെ പരിശോധന ആരംഭിച്ച ശേഷം ടി വാഹനം ശ്രീമതി ഉഷയുടെ വീട്ടിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്(അനുബന്ധം൯). എന്നാൽ കൃഷിഭവനനുവദിച്ച സ്കൂട്ടർ അത്യാവശ്യ സമയങ്ങളിൽ മാത്രം കൃഷിഭവനിൽ നിന്നും വരുത്തി ഉപയോഗിക്കുകയും, ആവശ്യം കഴിഞ്ഞ് ജീവനക്കാർ മുഖേന കൃഷി ഓഫീസിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട് എന്നും, കാഷ്വൽ സ്വീപ്പറെ താൻ സ്കൂട്ടർ ഏൽപ്പിച്ചിരുന്നില്ല എന്നുമാണ് ഇത് സംബന്ധിച്ച് ശ്രീ. ബാബു അലക്സാണ്ടർ മറുപടി നൽകിയിട്ടുള്ളത്(പേജ് 153) . ഔദ്യോഗിക യാത്രാവശ്യത്തിനായി ഓഫീസ് വാഹനം നിലവിലുണ്ടായിരിക്കെ തവിഞ്ഞാൽ കൃഷിഭവന്റെ വാഹനം വരുത്തി ഉപയോഗിക്കത്തക്ക അടിയന്തര സാഹചര്യം എന്താണെന്ന് വ്യക്ത മല്ല. കേടായതിനെത്തുടർന്ന്, തന്റെ അനുവാദമില്ലാതെ ശ്രീ. ബാബു അലക്സാണ്ടർ സ്കൂട്ടർ തന്റെ വീട്ടിൽ വെച്ച് പോകുകയാണ് ഉണ്ടായതെന്നാണ് കാഷ്വൽ സ്വീപ്പറായ ശ്രീമതി. ഉഷ അറിയി ച്ചത് (അനുബന്ധം 10). തവിഞ്ഞാൽ കൃഷിഭവനിൽ അന്വേഷിച്ചതിൽനിന്നും ഈ

സ്കൂട്ടർ ഒരുതവണ പോലും അവിടെ ലഭിച്ചിട്ടില്ല എന്നും, പുതുതായി വന്ന ഓഫീസർ സ്കൂട്ടർ ലഭ്യമാവുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടറുമായി കത്തിടപാടുകൾ നടത്തിയതായും കണ്ടെത്തി(അനുബന്ധം-I). സ്ക്വാഡിന്റെ പരിശോധന നടക്കുന്ന കാലയളവിൽ 04/12/2017 തീയതിയിൽ, ഈ സ്കൂട്ടർ തവിഞ്ഞാൽ കൃഷി ഭവനിലേക്ക് നൽകിയിട്ടുമുണ്ട്.

മേൽ സൂചിപ്പിച്ച വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിൽ 18000 രൂപ തവിഞ്ഞാൽ കൃഷിഭവനിലെ അതതു കാലത്തെ കൃഷി ഓഫീസർമാർ താഴെ പറയുംപ്രകാരം കൈപ്പറ്റിയതായി കാണുന്നു.

ചെക്ക് നമ്പർ & തീയതി	CB നമ്പർ	തുക	കൈപ്പറ്റിയ ഓഫീസറുടെ പേര്
10078118 30.03.15	264/14/15	6000	അരുൺ കമാർ.പി.എ
10086885 05.12.15	191/15-16	4000	അരുൺ കമാർ.പി.എ
10087017 31.03.17	297/15-16	2000	അരുൺ കമാർ.പി.എ
10108449 30.03.17	214/16-17	6000	മുഹമ്മദ് ഷഫീക്

ഓഫീസിൽ ലഭിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യിട്ടില്ലാത്ത സ്കൂട്ടറിന്റെ ഇന്ധനച്ചെലവ് കൈപ്പറ്റിയത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ട തുപ്രകാരമാണ് തുക അനുവദിക്കാൻ ക്ലെയിം നൽകിയതെന്നും, മാറിക്കിട്ടിയ തുക കൃഷി അസി സ്റ്റന്റ് ഡയറക്ടറെത്തന്നെ ഏൽപ്പിച്ചിട്ടുണ്ട് എന്നുമാണ് മേൽപ്പറഞ്ഞ കൃഷി ഓഫീസർമാർ മറുപടി നൽകിയിട്ടുള്ളത് (പേജ്248-253). ഇവരുടെ മറുപടി യാതൊരു തരത്തിലും അംഗീകരിക്കാൻ കഴിയുകയില്ല. ഉപയോഗിക്കാത്ത വാഹനത്തിന് ഇന്ധനച്ചെലവിനത്തിൽ തുക കൈപ്പറ്റിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ നടപടി വളരെ ഗൗരവമായി കണക്കിലെടുത്ത് ഇവർക്കെ തിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതും കൈപ്പറ്റിയ തുക താഴെ പറയും പ്രകാരം 18% പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

Name of the Officer	Date	Cheque No.	Amount	Delay (days)	Interest upto 30.04.18 @ 18% per year	Total amount to be recovered (upto 30.04.18)
അരുൺ കമാർ.പി.എ	30.03.15	10078118	6000	1128	3338	9338
അരുൺ കമാർ.പി.എ	05.12.15	10086885	4000	878	1732	5738
അരുൺ കമാർ.പി.എ	30.03.17	10087017	2000	397	392	2392
മുഹമ്മദ് ഷഫീക്	30.03.17	10108449	6000	394	1175	7175
ആകെ			18,000			

VII. ഓഫീസ് വാഹനത്തിന്റെ ദുരുപയോഗവും, ഇന്ധന ചെലവിലെ ക്രമക്കേടുകളും

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഉപയോഗത്തിനായുള്ള KL-01-BL-2691 നമ്പർ ബൊലേറോ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ, വാഹനത്തിൽ ഇന്ധനം നിറച്ചതായി കാണിച്ച് താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുക മാറിയെടുത്തിട്ടുണ്ടെങ്കിലും ടി ബില്ലുകൾ പ്രകാരമുള്ള ഇന്ധനം വാഹനത്തിൽ നിറച്ചതായി ലോഗ് ബുക്കിൽ രേഖപ്പെട്ടു ത്തിയിട്ടില്ല എന്ന് കാണുന്നു.

Sl.No.	Fuel Drawn Date	Bill No.	Amount	C.B.No
1	3/1/2014	20111	500	131/13-14
2	25/06/14	146207	500	27/14-15
3	26/11/14	41393	500	110/14-15
4	27/02/15	B.2616	100	261/14-15
5	6/3/2015	69946	500	261/14-15
6	1/1/2015	7046	500	228/15-16
7	9/9/2016	5517	1500	80/16-17
8	11/9/2016	5637	1500	80/16-17
Total			5600	

ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെട്ടുത്തിയിട്ടില്ലാത്തതിനാൽത്തന്നെ ഒരു മാസത്തെ ഇന്ധനച്ചെലവുകളുടെ ബില്ലുകൾ മാറിയെടുത്തതിനു ശേഷവും അതേ മാസത്തിലെ മറ്റു തീയതികളിലെ ബില്ലുകൾ സമർപ്പിച്ച് പിന്നീട് പണം മാറിയെടുക്കുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ട്. ലോഗ് ബുക്ക് എഴുതുന്നത് ഡ്രൈവറാണെന്നും, ടിയാൻ ടി ബില്ലുകൾ എഴുതാൻ വിട്ടുപോയതായിരിക്കുമെന്ന് കരുതുന്നു എന്നുമുള്ള നിരുത്തരവാദപരമായ ഒരു വിശദീകര ണമാണ്ശ്രീ ബാബു അലക്സാണ്ടർ ഇതിന് സമർപ്പിച്ചിട്ടുള്ളത്(പേജ്154). 'The Controlling officer will be personally responsible for the proper use, care and maintenance of the vehicles under his control' (ഖണ്ഡിക 3), 'The Controlling officer/ the officer performing the journey will be personally responsible to enter the details of places of visit and purpose of the journey in the log book' (ഖണ്ഡിക 9 (ii)) എന്ന് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായുള്ള 24/02/2003 ലെ GO(P)113/2003/ധന നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നിരിക്കെ ശ്രീ. ബാബു അലക്സാണ്ടറുടെ മറുപടി സ്വീകാര്യമല്ല. വിവിധ ബില്ലുകൾ പ്രകാരം പാസാക്കി നൽകുന്ന എല്ലാ തുകയുടെയും വിനിയോഗം കൃത്യമായി ഉറപ്പുവരുത്തേണ്ടത് ഓഫീസ് മേലധികാരിയുടെ ഉത്തരവാദിത്തമാണെന്നിരിക്കെ മേൽപറഞ്ഞ ക്രമക്കേടിന് ഡ്രൈവറെയും, ഓഫീസ് ജീവനക്കാരെയും കുറ്റപ്പെട്ടുത്തി ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാ റാനുള്ള ശ്രീ. ബാബു അലക്സാണ്ടറുടെ ശ്രമം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ലോഗ് ബുക്കിൽ രേഖപ്പെട്ടുത്താതെ സമർപ്പിച്ച ബില്ലുകൾ പ്രകാരം മാറിയെടുത്ത <u>5600 രൂപ</u> 18% പലിശ സഹിതം താഴെകൊടുത്തപ്രകാരം ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

Sl.No.	C.B.No	Amount	Date	Delay (days)	Interest upto 30/04/18 @ 18% per year	Total amount to be recovered (upto 30/04/2018)
1	131/13-14	500	20-03-14	1503	371	871
2	27/14-15	500	30-08-14	1340	330	830

3	110/14-15	500	28-11-14	1250	308	808
4	261/14-15	600	30-03-15	1128	334	934
5	228/15-16	500	13-01-16	839	207	707
6	80/16-17	3000	16-11-16	531	786	3786
Total		5600			2336	7936

ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ യാത്രകൾ പരിശോധിച്ചതിൽ നിന്നും 23/01/2014 ന് വൈകീട്ട് 3 മണി മുതൽ പിറ്റേ ദിവസം രാവിലെ 8 മണി വരെയായി ശ്രീ. ബാബു അലക്സാണ്ടർ ഔദ്യോഗിക വാഹനത്തിൽ (KL.01.BL 2691) 874 കിലോമീറ്റർ ദൂരം യാത്ര ചെയ്തതായികാണുന്നു. ഇതിൽ അന്നേ ദിവസം രാത്രി 9 മണി മുതൽ പിറ്റേ ദിവസം രാവിലെ 8 മണി വരെ സഞ്ചരിച്ച 694 കിലോമീറ്റർ യാത്രയുടെ (പേജ്516) ഔദ്യോഗിക ആവശ്യം ടിയാൻ രേഖപ്പെടുത്തിയിട്ടില്ല. രാത്രി 9 മണി മുതൽ പിറ്റേ ദിവസം 8 മണി വരെ യാതൊരു ഔദ്യോഗിക പരിപാടികളും ഉണ്ടായിരുന്നതായി ടിയാൻ അറിയിച്ചിട്ടില്ല. ഡ്രൈവർക്ക് എഴുതുമ്പോൾ തെറ്റ് പറ്റിയതായിരിക്കുമെന്നുള്ള നിരുത്തരവാദപരമായ മറുപടിയാണ് ഇക്കാര്യത്തിലും അദ്ദേഹം നൽകിയിട്ടുള്ളത് . ഔദ്യോഗിക വാഹനത്തിൽ തന്റെ സ്വകാര്യ ആവശ്യത്തിന് വേണ്ടി നട ത്തിയ യാത്രകൾ ഔദ്യോഗിക ചെലവിലാക്കാനുള്ള ശ്രമമാണ് ടിയാൻ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ യാതൊരു ഔദ്യോഗിക പരിപാടികളുമില്ലാതെ 23/01/2014 ന് രാത്രി 9 മണി മുതൽ പിറ്റേ ദിവസം രാവിലെ 8 മണി വരെ സഞ്ചരിച്ച 674 കിലോമീറ്റർ ദൂരത്തിനു 17/10/2014 ലെ സ ഉ74/2014/ ട്രാൻ നമ്പർ ഉത്തരവിൽ നിശ്ചയിച്ച വാടക പ്രകാരം 8088 രൂപ (674x 12) ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

VIII. ക്ലെയിമുകളില്ലാതെ അനധികൃതമായി ട്രഷറിയിൽനിന്നും പണം പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കൽ.

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ കഴിഞ്ഞ അഞ്ചു വർഷക്കാല യളവുകളിലെ സാമ്പത്തിക ഇടപാടുകൾ സ്ക്വാഡ് പരിശോധിക്കുകയുണ്ടായി. വിവിധ സ്കീമുകളിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിന് അർഹതപ്പെട്ട തുകകൾ ശുപാർശ ചെയ്തുകൊണ്ട് കർഷകരുടെ അക്കൗണ്ട് നമ്പർ സഹിതമുള്ള ക്ലെയിം കൃഷി ഓഫീസർ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുകയും, ഇതിനനുസരിച്ച് കണ്ടിൻജന്റ് ബില്ലുകൾ വഴി ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ട് മുഖേന കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുകയുമാണ് വേണ്ടത്. എന്നാൽ പണം അനുവദിക്കുന്നതിനുള്ള ശുപാർശകൾ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നിന്നും ലഭിക്കുന്നതിനുമുൻപു തന്നെ ശുപാർശകൾ ലഭിച്ചതായി കാണിച്ചുള്ള നടപടിക്രമം പുറപ്പെടുവിച്ച്, ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ഫെഡറൽ ബാങ്കിലെ അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം കാലാകാലങ്ങളിൽ നടപ്പാക്കേണ്ട പദ്ധതികൾ സമയബ സ്ഥിതമായി നടപ്പാക്കാതെ, ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ചട്ടങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച്, പദ്ധതിയുടെ സാമ്പത്തിക ഭൗതികലക്ഷ്യങ്ങൾ കൈവരിച്ചതായി സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന നടപടിയാണ് നാളിതുവരെയായി നടന്നുവ ന്നിരുന്നതെന്ന കാര്യവും വ്യക്തമാണ്. ഓരോ സാമ്പത്തിക വർഷവും വകയിരുത്തുന്ന തുകകൾ പൂർണമായും ചെലവഴിച്ചതായി കാണിക്കുന്നതിനായി തെറ്റായ വിവരങ്ങൾ നൽകി ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിക്കുന്ന അവസ്ഥ വയനാട് ജില്ലയിൽ മാത്രമല്ല സംസ്ഥാനത്ത് ഒട്ടാകെയുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഉയർന്ന ഉദ്യോഗസ്ഥരുടെ വാക്കാലുള്ള നിർദേശപ്രകാരമാണ് ഇപ്രകാരം ചെയ്യുന്നതെന്നാണ് തന്റെ മറുപടിയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചത് (അനുബന്ധം 11). ഈ സാഹചര്യത്തിൽ ആവശ്യത്തിനു ക്ലെയിമുകൾ ഇല്ലാതെ

മാനന്തവാടി ഫെഡറൽ ബാങ്കിൽ അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള 4420200003568 നമ്പർ അക്കൗണ്ടിൽ മിച്ചമുള്ള 1,15,33,329.14 രൂപ പിൻവലിച്ച് സർക്കാരി ലേക്ക് തിരിച്ചടക്കാൻ അടിയന്തര നിർദേശം നൽകേണ്ടതാണ്. അതോടൊപ്പം സംസ്ഥാനത്തെ കൃഷിവകുപ്പിനു കീഴിലെ ജില്ലാ ഓഫീസുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഓഫീസുകളിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടുകളിൽ മാറി നിക്ഷേപിച്ചിട്ടുള്ള മുഴുവൻ തുകകളും ഒരു മാസത്തിനകം സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നിർദേശവും നൽകേണ്ടതാണ്.

IX. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ (BLFO)

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ വിവിധ കൃഷിഭവനുകളിലായി രൂപീകരിക്കപ്പെട്ട 10 ക്ലസ്റ്ററുകളെ ചേർത്തുകൊണ്ട് വെജിറ്റബിൾ ഡെവലപ്പ്മെന്റ് സ്കീമിൽ (VDP) ഉൾപ്പെടുത്തി ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ട്. കൃഷിവ കുപ്പിന്റെ VC 24647/2013 Dtd 27/09/2013, VC34868/2014 Dtd 18/08/2014 എന്നിങ്ങനെ യുള്ള സർക്കുലറുകൾ പ്രകാരം ഇതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ മാർഗനിർദേ ശങ്ങൾ നൽകിയിട്ടുണ്ട്. ഓർഗനൈസേഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഫെഡറേഷന്റെ പേരിലുള്ള 14420100176456 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച 52,34,740 രൂപയിൽ പലിശ സഹിതം 47,94,018 രൂപ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നുണ്ട്(അനുബന്ധം 12).സമയബന്ധിതമായി സംഘത്തിന്റെ മീറ്റിങ്ങുകൾ ചേരുകയോ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയോ ചെയ്യാത്ത നിർജ്ജീവമായ അവസ്ഥ യിലാണ് മാനന്തവാടി ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. ഇത്തരത്തിൽ പ്രവർത്തന രഹിതമായ ഒരു സ്ഥാപനത്തിന് വലിയതുക പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കേണ്ട യാതൊരാവശ്യവുമില്ല.ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനു വേണ്ടി പ്രസിഡണ്ട്, ട്രഷറർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിന്റെ തുക രേഖപ്പെടുത്താത്ത രണ്ടു ചെക്കുകൾ, ഓർഗനൈ സേഷന്റെ മേൽപ്പറഞ്ഞ മൂന്നു ഭാരവാഹികളുടെയും ഒപ്പുകൾ രേഖപ്പെടുത്തി, സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. BLFO യിൽ വിശദമായ ചർച്ചകൾ നടത്തി തീരുമാനമെടുത്തശേഷം, പിൻവലിക്കാനാവശ്യമായ തുകക്ക് മാത്രം ചെക്കുകൾ നൽകുന്നതിനു പകരം തുകയെഴുതാത്ത ചെക്കുകളിൽ മറ്റു ഭാരവാഹികളെക്കൊണ്ടും ഒപ്പുകൾ രേഖപ്പെടുത്തി, എപ്പോൾ വേണമെങ്കിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് പണം പിൻവലിക്കാവുന്ന തരത്തിൽ ഓഫീസിൽ സൂക്ഷിച്ചിരിക്കു ന്നതിൽനിന്നും ബാങ്ക് അക്കൗണ്ടുകളും അവയിലെ സാമ്പത്തിക ഇടപാടുകളും സുതാര്യമായല്ല നടക്കുന്നത് എന്ന കാര്യം വ്യക്തമാവുന്നു. കേരളത്തിലെ മറ്റു കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾക്ക് കീഴിലുള്ള ഇത്തരം ഓർഗനൈസേഷനുകളുടെ അവസ്ഥയും വിഭിന്നമാവാൻ സാധ്യതയില്ല. ഇതു സംബന്ധിച്ച വിശദമായ പരിശോധന സംസ്ഥാനമൊട്ടാകെ നടത്തുന്ന തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ നിർജ്ജീവമായി കിടക്കുന്ന ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷന്റെ 14420100176456 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 47,94,018 രൂപ അടിയന്തിരമായി സർക്കാരിലേക്ക് തിരിച്ചടക്കാൻ നിർദേശം നൽകേണ്ടതാണ്. സർക്കാർ മാർഗനിർദേശങ്ങ ൾക്കനുസരിച്ച് പ്രവർത്തിക്കുന്ന രീതിയിൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈ സേഷൻ പുന:സംഘടിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതും ഇതിന്റെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി മാത്രം ഭാവിയിൽ തുടർ സഹായങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.

X.ചെക്ക് ബുക്ക് കൈവശം സൂക്ഷിക്കൽ.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും ശ്രീ. ബാബു അലക്സാണ്ടർ അവസാനമായി പണം പിൻവലിച്ച 10114319 നമ്പർ ചെക്ക് ലീഫുൾപ്പെടുന്ന ചെക്ക്ബുക്ക്

പരിശോധനക്കായി ലഭിച്ചിട്ടില്ല. ഈ ചെക്ക്ബുക്കിലെ മൂന്ന ചെക്ക് ലീഫുകൾ ഉപയോഗിച്ച് ടിയാൻ പിൻവലിച്ച 300000 രൂപയുടെ ഇടപാടുകൾ ഓഫീസിലെ ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ബാങ്ക് രേഖകൾ പ്രകാരം ഈ അക്കൌണ്ടിൽനിന്നും അവസാനമായി പണം മാറിയിരിക്കുന്നത് 15/11/2017 നാണ്. ബില്ലുകൾ പാസ്സാക്കാൻ നൽകുന്ന അവസരത്തിൽ ചെക്കുകൾ ക്യാഷ് സെക്ഷൻ തന്നെ തയ്യാറാക്കിയതിനു ശേഷം ഒപ്പിടാൻ മാത്രമേ തന്റെ മുൻപിൽ വരാറുള്ളുവെന്നും ഒപ്പിട്ടു കഴിഞ്ഞാൽ ബില്ലും ചെക്കും സെക്ഷനിലാണ് സൂക്ഷിക്കാറുള്ള തെന്നും, ചെക്ക് ബുക്ക് ലഭ്യമല്ലാത്തതിന് താൻ ഉത്തരവാദിയല്ല എന്നുമുള്ള മറുപടിയാണ് ഇക്കാര്യത്തിൽ ശ്രീ. ബാബു അലക്സാണ്ടർ നൽകിയിട്ടുള്ളത്(പേജ്153).എന്നാൽ അവസാനമായി ടിയാൻ മാറിയ ഓരോ ലക്ഷം രൂപയുടെ self ചെക്കുകൾ ഒരു ബില്ലുമായി ബന്ധപ്പെട്ടതല്ലെന്നും, ബാങ്കിൽ നിക്ഷേപിച്ച തുകയിൽ നിന്ന് തന്നിഷ്ടപ്രകാരം ടിയാൻ ചെക്കെഴുതി പണം പിൻവലിക്ക കയുമാണ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. ഇതിൽനിന്നും ആവശ്യാനുസരണം പണം പിൻവലിക്കുന്നതിന് ചെക്ക്ബുക്ക് ടിയാൻ തന്നെ കൈവശം സൂക്ഷിക്കുകയായിരുന്നു എന്ന് മനസിലാക്കാവുന്നതാണ്.

XI. സർക്കാർ അംഗീകൃത ഏജൻസികൾ മുഖാന്തിരം സോയിൽ അമിലിയറന്റ്സ്, വളങ്ങൾ തുടങ്ങിയവയുടെ വിതരണത്തിലെ ക്രമക്കേടുകൾ

വയനാട് പാക്കേജ്, RKVY(Rashtriya krishi Vikas Yojana), NMSA (National Mission for Sustainable Development) എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന കർഷകർക്ക് ജൈവവളം, ട്രൈക്കോഡർമ, സ്യൂഡോമോ ണാസ്, കുമ്മായം/ നീറ്റുകക്ക, വേപ്പിൻപിണ്ണാക്ക് തുടങ്ങി ഇൻപുട്ടുകൾ സബ്സിഡി നൽകികൊണ്ട് വിതരണം ചെയ്തു വരുന്നുണ്ട്. ഇതു സംബന്ധമായി ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നതായി സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ട്. കർഷകർക്ക് ജൈവവളം, ട്രൈക്കോഡർമ, സ്യൂഡോമോണാസ്, വേപ്പിൻ പിണ്ണാക്ക്, നീറ്റുകക്ക തുടങ്ങിയവ വിതരണം ചെയ്യുന്നതിന് 50% / 75% സബ്സിഡി നൽകി ക്ലസ്റ്ററുകൾ/ സമിതികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ (RKVY, വയനാട് പാക്കേജ്, NMSA തുടങ്ങിയ) പരിശോധിച്ചതിൽ RAIDCO, വിവിധ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും മേൽപ്പറഞ്ഞ സാധനങ്ങൾ കർഷകർ/ സമിതികൾ വാങ്ങിയതായും ബിൽതുകയുടെ 50% / 25% ഗുണഭോക്തൃ വിഹിതമായി ടി സ്ഥാപനങ്ങൾ ശേഖരിച്ചതായും ബാക്കി 50%/75% തുക സർക്കാർ വിഹിതമായി ലഭിക്കുന്നതിനായുമുള്ള ബില്ലുകൾ സമർപ്പിച്ചതായും കാണാൻ കഴിഞ്ഞു (അനുബന്ധം13). എന്നാൽ ഗുണഭോക്തൃ വിഹിതം (50% / 25% വീതം) കർഷകരിൽ നിന്ന് സംഘങ്ങൾ ഈടാക്കിയതിന്റെയോ തുക സ്ഥാപനങ്ങൾക്ക് നൽകിയതിന്റെയോ വിവരങ്ങൾ സംഘങ്ങളിലോ കൃഷി ഓഫീസുകളിലോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലോ ലഭ്യമല്ല. ഇത്തരം പദ്ധതികൾക്ക് വേണ്ടി കർഷകർ ഗുണഭോക്തൃ വിഹിതം അടക്കാറില്ല എന്നാണ് വിവിധ കൃഷിഭവനുകൾക്ക് കീഴിലെ കർഷകരുമായും സംഘങ്ങളുമായും സംവദിച്ചതിൽ നിന്നും മനസ്സിലായത്. കൂടാതെ ചില കൃഷി ഓഫീസർമാരും ഇക്കാര്യം സ്ക്വാഡിനെ അറിയിച്ചിട്ടുമുണ്ട് (അനുബന്ധം 14). എന്നാൽ ഇതു സംബന്ധമായ ബില്ലുകളും മറ്റു രേഖകളും പരിശോധിച്ചതിൽ നിന്നും കർഷകർ ഗുണഭോക്തൃ വിഹിതം അടവാക്കിയതായും ആനുപാതി കമായി സബ്സിഡിയും ഉൽപ്പാദനോപാധികളും അവർക്ക് വിതരണം ചെയ്തിട്ടുള്ള തായും രേഖപ്പെടുത്തിയതായി കണ്ടെത്തി. ഗുണഭോക്തൃവിഹിതം കർഷകർ അടക്കാതെത്തന്നെ തുക അടച്ചതായി കാണിച്ച ബില്ലുകൾ സമർപ്പിച്ച്, ഇത്തരം സ്ഥാപനങ്ങളും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് സർക്കാരിനെ കബളിപ്പിച്ച് കോടിക്കണക്കിനു രൂപയുടെ ഇടപാടു കളാണ് വിവിധ വർഷങ്ങളിലായി നടത്തിയിട്ടുള്ളത്. . RAIDCO യിൽ നിന്ന് മാത്രമായി മേൽപ്പറഞ്ഞ തരത്തിൽ ആറുകോടിയിലധികം രൂപയുടെ ഇടപാട് കഴിഞ്ഞ നാലു വർഷക്കാല യളവിൽ നടന്നിട്ടുണ്ട്. ഇത്തരത്തിൽ സമർപ്പിക്കപ്പെട്ട ഏതാനും ബില്ലുകൾ സംബന്ധിച്ച വിവര ങ്ങൾ താഴെ നൽകുന്നു.

ക്രമ നമ്പർ	വിതരണം ചെയ്ത സ്ഥാപനം	പദ്ധതി	ഗുണഭോക്തൃ വിഹിതം	സബ്സിഡി	ആകെ തുക
1	SCB വെള്ളമുണ്ട	Coconut development (keragramam) 2014-15- Vellamunda	2823750	2823750	5647500
2	RAIDO	NMSA 2015-16	2053600	2053600	4107200
3	RAIDCO	NMSA 2015-16	300000	300000	600000
4	RAIDCO	NMSA 2014-15	348858	348858	697716
5	RAIDCO	Coconut development(keragramam) 2014-15- Edavaka	2750250	2750000	5500250
6	RAIDCO	Wayanad package- Quick wilt KB Mananthawady	2000000	2000000	4000000
7	RAIDCO	Wayanad package- Quick wilt KB Thondarnad	2000000	2000000	4000000
8	RAIDCO	Wayanad package 15-16- Quick wilt KB Vellamunda	2000000	2000000	4000000
9	RAIDCO	Wayanad package 14-15- Quick wilt KB Mananthawady	2386000	2000000	4386000
10	RAIDCO	Wayanad package 14-15- Quick wilt KB Edavaka	2386000	2000000	4386000
11	RAIDCO	Wayanad package 13-14- Quick wilt KB Edavaka	2982500	2500000	5482500
12	SCB Tavinjal	Wayanad package 13-14- Quick wilt KB Tavinjal	2194000	2000000	4194000
13	SCB Tirunelli	Wayanad package 13-14- Quick wilt KB Tirunelli	2742500	2500000	5242500

ഇത്തരം സ്കീമുകളിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട ഗുണഭോക്തൃവിഹിതം ഈടാക്കാതെ, ബില്ലിൽ ഈടാക്കിയതായി എഴുതിച്ചേർത്ത് RAIDCO യും, സഹകരണ ബാങ്കുകളും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ടിലൂടെ സർക്കാരിനെ കബളിപ്പിച്ച്, വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണിച്ച്, അനർഹമായി സ്ഥാപനങ്ങൾക്ക് നേട്ടമുണ്ടാക്കുന്നതിനുള്ള അവസരമൊരുക്കുകയാണുണ്ടാ യതെന്ന് കാണുന്നു. ഇതു സംബന്ധമായ രേഖകളിൽ കൃത്യത വരുത്തുന്നതിന് വേണ്ടി ആനുപാതികമായ ഗുണ ഭോക്തൃ വിഹിതം വളക്കമ്പനികൾ തന്നെ അടവാക്കുകയും പിന്നീട് ഈ തുക കൂട്ടിച്ചേർത്തുകൊ ണ്ടുള്ള ബില്ലുകൾ സമർപ്പിച്ച് തുക കൈപ്പറ്റുകയുമാണ് ചെയ്യുന്നതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

സബ്സിഡി അനുവദിക്കുന്നതിലെ മേൽപ്പറഞ്ഞ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ ബാബു അലക്സാണ്ടറിനോട് വിശദീകരണം ആരാഞ്ഞപ്പോൾ, സബ്സിഡി മുഖേന കാർഷികാവശ്യ ത്തിനുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വിവിധ സ്ഥാപനങ്ങളെ ഗുണഭോക്താവിന് പരിചയപ്പെടുത്തുന്നത് കൃഷിഭവനുകൾ ആണെന്നും, വളം തുടങ്ങിയവ വില്പന നടത്തിയതിന്റെ ബില്ലുകൾ ലഭ്യമാകുന്ന മുറക്ക്, ശുപാർശകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട സബ്സിഡി മാറി സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നതെന്നുമാണ് മറുപടി നൽകിയത്. ഇക്കാര്യത്തിൽ ഇടനിലക്കാരോ, വളം കമ്പനികളോ ഇടപ്പെടുന്ന കാര്യം ആരും തന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല

എന്നും ടിയാൻ അറിയിച്ചു(പേജ് 158). എന്നാൽ കൃഷി അനുബന്ധ ഇൻപുട്ടുകൾ വിതരണം ചെയ്യുന്ന കമ്പനികൾ തന്നെ വശീകരിക്കാൻ ശ്രമിച്ചപ്പോൾ താൻ വഴങ്ങാതിരു ന്നെന്നും എല്ലാ കൃഷിഭവനുകളിലും ഈ പ്രവണത ഉണ്ടെന്നും ടിയാൻ നൽകിയ വിശദീകരണ ത്തിന്റെ മറ്റൊരു ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട് (അനുബന്ധം /5). ഇതിൽ നിന്നും ഇത്തരത്തിലുള്ള കച്ചവ ടസ്ഥാപനങ്ങളും കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരും തമ്മിൽ അനാരോഗ്യകരമായ ബന്ധങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടറായായിരുന്ന ശ്രീ ബാബു അലക്സാണ്ടറിന് അറിയാമായിരുന്നെന്നു എന്നും കോടിക്കണക്കിന് രൂപ ഇൻപുട്ടുകളുടെ സബ്സിഡി ആയി വിതരണം ചെയ്യപ്പെടുമ്പോൾ വശീകരണത്തിന് വശംവദനാകാത്ത ഉദ്യോഗസ്ഥനായിരു ന്നെങ്കിൽ സബ്സിഡി ബില്ലുകളിലെ ഈ തട്ടിപ്പ് കണ്ടുപിടിക്കുമായിരുന്നു എന്നും മനസ്സിലാ ക്കാവുന്നതാണ്. മാനന്തവാടി ഓഫീസിന്റെ പരിധിയിൽ സബ്സിഡിനൽകിക്കൊണ്ടുള്ളഇൻപുട്ട് വിതരണത്തിൽ, RAIDCO, വിവിധ സഹകരണ ബാങ്കുകൾ എന്നിവയുടെ മറവിൽ വളക്കമ്പ നികൾ നേരിട്ടാണ് ഇൻപുട്ടുകൾ വിതരണം ചെയ്യുന്നതെന്നും ഇവ യാതൊരു ഗുണനിലവാരമി ല്ലാത്തവയാണെന്നും കൃഷിഓഫീസുകളിലെ ചില ഉദ്യോഗസ്ഥർതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കൃഷിവകുപ്പിലെ മുകൾത്തട്ടിൽനിന്നും കൃഷി ഓഫീസ് വരെയുള്ള ഉദ്യോഗസ്ഥർക്ക് ശതമാനക്കണക്കിൽ കൃത്യമായ കമ്മിഷൻ നൽകുന്നുണ്ടെന്നും പേര് വെളിപ്പെടുത്തരുതെന്ന നിബന്ധനയിൽ ഈ ഉദ്യോഗസ്ഥർ പറയുകയുണ്ടായി. ഈ അഴിമതിക്കെതിരെ ഒറ്റക്ക് എതിർക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും, ഈ തട്ടിപ്പ് പൂർണമായും ഇല്ലാതാക്കുന്നതിന് കർഷകർക്ക് സബ്സിഡി നിരക്കിൽ ഇൻപുട്ടുകൾ നൽകുന്നത് നിർത്തലാക്കി പകരം ആനുപാ തികമായി സാമ്പത്തിക സഹായം അവർക്ക് നേരിട്ട് നൽകുകയാണ് വേണ്ടതെന്നും ഇവർ അഭിപ്രായപ്പെടുകയുണ്ടായി. RAIDCO, സഹകരണബാങ്കുകൾ തുടങ്ങിയവയുടെ മറവിൽ ചില വളക്കമ്പനികൾ നേരിട്ടാണ് ഇത്തരം ഉൽപ്പന്നങ്ങൾ വിതരണം ചെയ്തിട്ടുള്ളതെന്നും വിതരണം ചെയ്തവ വേണ്ടത്ര ഗുണനിലവാരമില്ലാത്തവയാണെന്നും കർഷകർ സ്ക്വാഡിനെ അറിയിച്ചിട്ടുണ്ട്. ആനുപാതികമായ സാമ്പത്തിക സബ്സിഡി ലഭിക്കാനായി തീരെ ഗുണമേന്മയില്ലാത്ത ഇത്തരം ഉൽപ്പന്നങ്ങൾ കർഷകർ വാങ്ങാൻ നിർബന്ധിക്കപ്പെടുകയാണെന്നും, വാങ്ങിയ ഉൽപ്പന്നങ്ങൾ പല കർഷകരും ഉപയോഗിക്കാതെ കൃഷിയിടങ്ങളിൽ വെറുതെ കൂട്ടിയിട്ടിരിക്കുന്നതായും പരിശോധനയിൽ മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുനെല്ലി, എടവക കൃഷിഭവനുകളുടെ പരിധിയിലുള്ള കർഷകരോട് നേരിട്ട് സംസാരിച്ചതിൽനിന്നും മേൽപറഞ്ഞ വസ്തുത ശരിയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലഹരണപ്പെട്ട ഇൻപുട്ടുകൾ ഏജൻസികൾ കൊണ്ടുവന്നപ്പോൾ സ്വീകരിക്കാതെ തിരിച്ചയച്ച സാഹചര്യവും ഉണ്ടായിട്ടുണ്ട് എന്ന് കർഷകർ പറയുകയുണ്ടായി. ഇതിൽനിന്നും RAIDCO, സഹകരണ ബാങ്കുകൾ എന്നിവ നേരിട്ട് ഇൻപുട്ടുകൾ വിതരണം ചെയ്യാതെ കമ്മിഷൻ കൈപ്പറ്റിക്കൊണ്ട് ഇടനിലക്കാരായിനിന്ന് സർക്കാരിനെ കബളിപ്പിക്കുകയായിരുന്നു എന്ന് വ്യക്തമാണ്. തിരുനെല്ലി സർവിസ് സഹകരണ ബാങ്കിന് 2014-15 വർഷത്തിന് ശേഷം വളം വിൽപ്പന നടത്താനുള്ള ലൈസൻസ് പോലുമില്ലായിരുന്നു എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യം പരിശോധിക്കേണ്ട കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർ ഇത് പരിശോധിക്കാത്തതിൽ നിന്നും സഹകരണ ബാങ്കുകൾ, RAIDCO എന്നിവയിലെ ഉദ്യോഗസ്ഥരും, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും വളം വിതരണ കമ്പനികളും ചേർന്ന് കർഷകരെ മറയാക്കി ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ വിതരണം ചെയ്ത് കൃത്രിമ ബില്ലുകൾ തയ്യാറാക്കി സർക്കാർപണം കൈക്കലാക്കുകയായിരുന്നു എന്ന് സംശയി ക്കാവുന്നതാണ്. സർക്കാർ അനുവദിച്ചുനൽകിയ ചട്ടങ്ങളിലെ പ്രത്യേക ഇളവുകൾ ദുർവിനിയോഗം ചെയ്ത് വളക്കമ്പനികൾ നൽകുന്ന കമ്മിഷൻ കൈപ്പറ്റാനായുള്ള മേൽപ്പറഞ്ഞതു പോലെയുള്ള ഏജൻസികളുടെ ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ ഗൗരവമായി കാണേണ്ടതാണ്. വിവിധ ഉൽപ്പന്നങ്ങൾ ടെണ്ടർനടപടികളില്ലാതെ ഇത്തരം ഏജൻസികൾ മുഖാന്തിരം വാങ്ങാമെന്നുള്ള സർക്കാർ ഉത്തരവിന്റെ മറവിൽ, വളക്കമ്പനികളുടെ ഏജൻസികളും ഈ സ്ഥാപനങ്ങളും വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്ന തീവെട്ടിക്കൊള്ളയാണ് കഴിഞ്ഞ കുറെ വർഷങ്ങ ളായി ഇവിടെ നടന്നുവരുന്നത്. സംസ്ഥാനത്തൊട്ടാകെ ഇങ്ങനെയൊരു ഗൂഢ സംഘം പ്രവർത്തിക്കുന്നുണ്ടെന്നാണ്

അനൌദ്യോഗികമായി അറിയാൻ കഴിഞ്ഞത്. ആയതുകൊ ണ്ടുതന്നെ ഇത്തരം അവിശുദ്ധ കൂട്ടുകെട്ടിലൂടെ വിവിധതരം ഉൽപ്പന്നങ്ങളുടെ വിതരണത്തിൽ സർക്കാരിനും കാർഷികമേഖലക്കുമുണ്ടായ നഷ്ടം കണക്കാക്കുന്നതിനും, ഇതിലെ ഗൂഢാലോചന പുറത്തു കൊണ്ടുവരുന്നതിനുമായി, കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനത്തൊ ട്ടാകെയും വിശിഷ്യാ വയനാട് ജില്ലയിലെയും ഇൻപുട്ട് വിതരരണം സംബന്ധിച്ചും ഇതിന് ഇടനിലക്കാരായ RAIDCO, വിവിധ സഹകരണ ബാങ്കുകൾ, വളക്കമ്പനികളുടെ ഏജൻറുമാർ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവറുടെ പങ്ക് സംബന്ധിച്ചും സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം വളരെ വലിയ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയ സാഹചര്യത്തിൽ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലും അതിന്റെ കീഴിലുള്ള കൃഷിഭവനുകളിലെയും സ്ഥിരം/കരാർ/ താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരുടെയും ബാങ്ക് അക്കൗണ്ടുകളും മറ്റ് സ്വത്തു വിവരങ്ങളും അന്വേഷിച്ച് അനധികൃത സ്വത്ത് സമ്പാദനം നടത്തിയിട്ടുണ്ടോ എന്ന കാര്യവും വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഗുണമേന്മയുള്ള സാധനങ്ങൾ കർഷകർക്ക് താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ അനുമതി നൽകുന്നതിയും, വാങ്ങിയ സാധനങ്ങളുടെ ഭൌതിക പരിശോധന ഉദ്യോഗ സ്ഥർ നടത്തി അർഹതപ്പെട്ട ധനസഹായം പണമായി അവർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ കാർഷിക രംഗത്ത് ഉദ്ദേശിച്ച പുരോഗതി നേടിയെടുക്കാൻ കഴിയുക യുള്ളൂ. അല്ലാത്തപക്ഷം ഏതാനും വളക്കമ്പനികളും അവയെ മറപറ്റി ചില സർക്കാർ വിലാസം ഏജൻസികളും, ഉദ്യോഗസ്ഥരും പാവപ്പെട്ട കർഷകർക്ക് സർക്കാർ അനുവദിക്കുന്ന സഹായ ത്തിന്റെ മുഖ്യപങ്കും കൈപ്പറ്റി സമ്പന്നരാകുന്ന സാഹചര്യം തുടരാൻ വഴിയൊരുക്കും.

നിലവിൽ വിവിധ സർക്കാർ അംഗീകാരമുള്ള ഏജൻസികൾ കാർഷിക യന്ത്രങ്ങൾ, ഉത്പന്നങ്ങൾ, ഉൽപ്പാദനോപാധികൾ തുടങ്ങിയ എല്ലാവിധ സാധനങ്ങളും അവർ നേരിട്ട് ഉത്പാദിപ്പിക്കുന്നില്ല എങ്കിൽപോലും വിതരണത്തിന്റെ ഇടനിലക്കാരായി പ്രവർത്തിച്ചുകൊണ്ട് സ്വകാര്യ ഏജൻസികളിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്. സർക്കാർ അംഗീകാ രമുള്ള ഏജൻസികളിൽനിന്നും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങാമെന്നുള്ള ഉത്തരവിന്റെ മറവിൽ, മാർക്കറ്റ് വിലയേക്കാൾ വളരെ ഉയർന്ന വില ഈടാക്കി ഇടനിലക്കാരായിനിന്ന് വളരെ വലിയ തുക കമ്മിഷൻ ആയി ഇത്തരം സ്ഥാപനങ്ങൾ കൈക്കലാക്കുന്നുണ്ട്. വിതരണം ചെയ്യപ്പെടുന്ന, ഗുണനിലവാരം കുറഞ്ഞ, ഇത്തരം പല ഉപകരണങ്ങളും ഉല്പന്നങ്ങളും കർഷകർക്ക് തീരാദുരിതമാണ് വരുത്തിവെക്കു ന്നതെന്ന് പല കർഷകരും അറിയിക്കുകയുണ്ടായി. സംസ്ഥാനത്ത് ഇത്തരം ഏജൻസികൾ വഴി ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളവയുടെ കണക്കെടുത്താൽത്തന്നെ ഇവരുടെ ഭീമമായ തട്ടിപ്പ് മനസ്സിലാക്കാൻ കഴിയും. ആയതു കൊണ്ട് ഇടനിലക്കാരായി പ്രവർത്തിച്ച് വകുപ്പിലെ സദുദ്യമങ്ങൾക്ക് തുരങ്കം വെക്കുന്ന ഇത്തരം സർക്കാർ അംഗീകൃത ഏജൻസികളുടെ കാർഷികരംഗത്തെ ഇടപെടൽ അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അനർഹമായ ഇളവുകൾ കർഷകരുടെ വിഷയത്തിലെങ്കിലും ഒഴിവാക്കി യെങ്കിൽ മാത്രമേ കേരളത്തിലെ കാർഷികരംഗം പുരോഗതി നേടുകയുള്ളൂ. അല്ലാത്തപക്ഷം നാടിന്റെ നട്ടെല്ലായ കർഷകസമൂഹത്തിന്റെ തകർച്ചക്ക് ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണ മില്ലാത്ത കടന്നുകയറ്റം ഇടയാക്കും എന്നതിൽ തർക്കമില്ല.

XII. അഗ്രോ സർവിസ് സെൻറർ ഇനത്തിലുള്ള പാഴ് ചെലവ്

ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക, കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി വിവിധ യന്ത്രോപകരണങ്ങൾ ഉപയോ ഗിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുക, കാർഷികാഭിവൃദ്ധിയിലൂടെ സാമ്പത്തിക സാംസ്കാരിക സാമൂഹിക അഭിവൃദ്ധി

കൈവരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് GO(Rt)No.1548/12 തിയ്യതി 30.07.2012 ഉത്തരവനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 35 അഗ്രോ സർവിസ് സെൻററുകൾ ആരംഭിച്ചത്. ടി ഉത്തരവ്വ പ്രകാരം 2012-13 സാമ്പത്തിക വർഷം മാനന്തവാടി ബ്ലോക്കിന് കീഴിലും ഒരു അഗ്രോ സർവീസ് സെൻറർ ആരംഭിച്ചിരുന്നു. 23.02.2013 ലെ സ.ഉ.(ആർ.റ്റി)നം.311/13/കൃഷി നമ്പറായുള്ള സർക്കാർ ഉത്തരവ്വ പ്രകാരം വയനാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) മുഖേന മാനന്തവാടി അഗ്രോ സർവീസ് സെന്ററിനായി 25,00,000 രൂപയുടെ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ സെൻററിന്റെ ഓഫീസ് പ്രവർത്തനത്തിനായുള്ള കമ്പ്യൂട്ടർ, അനുബന്ധസാധനങ്ങൾ, ഫർണിച്ചർ, മെയിന്റ നൻസ്, ഹോണറേറിയം എന്നീയിനങ്ങളിലായി 6,26,285 രൂപയും (CB103/12-13 പ്രകാരം 1,27,321 രൂപയും CB100/12-13 പ്രകാരം 499964 രൂപയും) അനുവദിച്ചിട്ടുണ്ട്. പിന്നീട് അഗ്രോ സർവീസ് സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്കായി 2016 മാർച്ചിൽ CB No 296/15-16 പ്രകാരം 17,29,000 രൂപയും 2017 ഫെബ്രുവരിയിൽ CB No 170/16-17 പ്രകാരം 2,47,950/- രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2012-13 ൽ ആരംഭിച്ച മാനന്തവാടി അഗ്രോ സർവീസ് സെൻററിന്റെ യാതൊരു പ്രവർത്തനവും നിലവിൽ നടക്കുന്നില്ല എന്ന് സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ട്. 2500000 രൂപ ചെലവഴിച്ച് ലഭ്യമാക്കിയ ഉപകരണങ്ങളിൽ ഭൂരിഭാഗവും നിലവിൽ ഉപയോഗക്ഷമമല്ല എന്നും മിക്കവയും പല സ്ഥലങ്ങളിലായി തുരുമ്പെടുത്ത് നശിച്ച കൊണ്ടിരിക്കുകയാണെന്നും സ്ക്വാഡ് കണ്ടെത്തി.

അഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഉപകരങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും സെന്ററിന്റെ പ്രസിഡണ്ടായ ശ്രീ. വർഗീസിൽ നിന്നും സ്ക്വാഡ് വിശദീകരണമാരാഞ്ഞു. ലഭിച്ച യന്ത്രങ്ങളിൽ പലതും വയനാട്ടിലെ ഭൂപ്രകൃതിക്ക് ഇണങ്ങുന്നതല്ലാത്തതിനാൽ ഒരു തവണ പോലും ഉപയോഗിക്കാൻ സാധിച്ചില്ലെന്നും ഉപയോഗിക്കാൻ കഴിഞ്ഞവതന്നെ ഗുണനിലവാരം കുറഞ്ഞതായതിനാൽ തുടക്കത്തിൽതന്നെ പ്രവർത്തനരഹിതമായ അവസ്ഥയാണ് ഉള്ളതെന്നും ശ്രീ വർഗീസ് അറിയിച്ചു. അഗ്രോ സർവ്വീസ് സെന്ററിലെ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പലരും ഇതൊരു സർക്കാർ ജോലിയെന്ന നിലയിൽ ശമ്പളവും പ്രതീക്ഷിച്ചാണ് വന്നിരുന്നതെന്നും, എന്നാൽ ലഭ്യമാക്കിയ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ സേവനം നൽകു ന്നതിലൂടെ ലഭിക്കുന്ന പ്രതിഫലത്തിനനുസരിച്ചാണ് വേതനം ലഭിക്കുകയെ ന്നറിഞ്ഞ് പിന്നീട് ഇവർ സെന്ററിന്റെ പ്രവർത്തനങ്ങളിൽ തുടർന്നില്ലെന്നും അദ്ദേഹം അറിയിച്ചു(പേജ്310).

മേൽവിഷയങ്ങൾ സംബന്ധിച്ച് വയനാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) ഓഫീസിലും സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി. മേൽപ്പറഞ്ഞ കാർഷിക യന്ത്രങ്ങളിൽ പലതും അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗപ്രദമാക്കാവുന്നതാണെന്നും, കൃഷി ഡയറക്ടറുടെ 09.10.2012ലെ ടി.വി (1) 46696/12 നമ്പർ സർക്കുലർ പ്രകാരം കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കേണ്ടത് അതാത് അഗ്രോ സർവ്വീസ് സെന്ററുകളുടെ ഫെസിലിറ്റേറ്റർമാരാണെന്നുമാണ് അദ്ദേഹം അറിയിച്ചത്(പേജ് 303). നിലവിൽ അഗ്രോ സർവീസ് സെന്ററിന് ഒരു ഭരണസമിതി പോലുമില്ല എന്നതാണ് വസ്തുത. സമിതിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുവദിച്ച തുകയിൽ 3,91,282 രൂപ അഗ്രോ സർവീസ് സെന്ററിന്റെ പേരിൽ വയനാട് ജില്ലാ സഹകര ബാങ്കിന്റെ മാനന്തവാടി ശാഖയിലെ 1302012020001 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. യന്ത്രങ്ങൾ വാങ്ങാനു ൾപ്പെടെ 50 ലക്ഷത്തിലധികം രൂപ ചെലവഴിച്ച മാനന്തവാടി അഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനത്തിലൂടെ നാളിതുവരെയായി കേവലം 66,381 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നതിൽനിന്നും ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ച യാതൊരു നേട്ടവും കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. പ്രാദേശിക പ്രത്യേകൾ കണക്കിലെടുക്കാതെ നടത്തുന്ന പദ്ധതി

ആസൂത്രണത്തിന്റെയും നിർവഹണത്തിലെ പാകപ്പിഴകളുടെയും കൃത്യമായ ചിത്രമാണ് ഇതിലൂടെ വ്യക്തമാവുന്നത്. ഏതെങ്കിലും കാരണവശാൽ സെന്ററിന്റെ പ്രവർത്തനം നിലക്കുകയോ, സെന്റ പിരിച്ചുവിടുകയോ ചെയ്യുന്ന പക്ഷം, ബാദ്ധ്യതകൾ തീർത്ത് ബാക്കി വരുന്ന സമിതിയുടെ സ്വത്തു ക്കൾ സർക്കാരിലേക്കോ ഇതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾക്കോ മാനദണ്ഡപ്രകാരം കൈമാറേണ്ടതുണ്ടായിരുന്നു. എന്നാൽ മാനന്തവാടി അഗ്രോ സർവീസ് സെൻററിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാത്ത അംഗങ്ങളെ ഒഴിവാക്കി ഭരണസമിതി പുന:സംഘടിപ്പിക്കുന്നതിനോ കേടായ കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി അഗ്രോ സർവ്വീസ് സെൻറർ പുനരുജ്ജീവിപ്പിക്കുന്നതിനോ, ഉപകരണങ്ങൾ ആവശ്യ മായ മറ്റ സംഘങ്ങൾക്ക് നൽകുന്നതിനോ വേണ്ടിയുള്ള ഗൌരവമായ യാതൊരു ശ്രമവും വകുപ്പിലെ ഒരു തലത്തിലും ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. കൃഷി അസിസ്റ്റന്റ് ഡയറക്ടറാ യിരുന്ന ശ്രീ ബാബു അലക്സാണ്ടറുടെയും അഗ്രോ സർവ്വീസ് സെന്ററിന്റെ ചുമതലയുണ്ടാ യിരുന്ന ആത്മ പ്രോജക്ട് ഡയറക്ടർ ഡോ.ആശയുടെയും കുറ്റകരമായ അനാസ്ഥ സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടം വരുത്തിവെക്കുന്നതിന് കാരണമായിട്ടുണ്ട്. യാതൊരു പ്രവർത്തനവും നടത്താത്ത സംഘത്തിന്, നിർണയിച്ചു നൽകിയ സാമ്പത്തിക ലക്ഷ്യം കൈവരിച്ചുവെന്ന് കാണിക്കുന്നതിനായി, തുടർ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ 1729000 രൂപ 2016 മാർച്ചിലും 247950 രൂപ 2017 ഫെബ്രുവരിയിലും ട്രഷറിയിൽ നിന്ന് അനാവശ്യമായി പിൻവലിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അഗ്രോ സർവിസ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യ മായ മാനവശേഷി ലഭിക്കാത്തതാണ് ഇതിന്റെ തുടർപ്രവർത്തനം നടക്കാതിരുന്നതിന്റെ കാരണ മായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ സൂചിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെയും ഇത്തരത്തിൽ അനുവദിക്കപ്പെട്ട അഗ്രോ സർവീസ് സെന്ററുകളുടെ പ്രവർത്തനവും വിലയിരുത്തപ്പെടേ ണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2012-13 ന് ശേഷം വിവിധ ഉത്തരവുകളിലായി സംസ്ഥാന ത്തൊട്ടാകെയുള്ള വിവിധ ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്ററു കളിലേക്ക് നടത്തിയിട്ടുള്ള പർച്ചേയ്സുകളും ലഭിച്ച കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങ ളുടെയും ഗുണനിലവാരവും സെന്ററുകളുടെ പ്രവർത്തന പുരോഗതിയും പരിശോധിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

മാനന്തവാടി അഗ്രോ സർവ്വീസ് സെൻററിന്റെ രൂപീകരണത്തിലും മേൽനോട്ടത്തിലും സംഭവിച്ച പിഴവുകളാണ് മേൽപ്പറഞ്ഞ തരത്തിൽ വലിയൊരു തുക ഗുണപരമല്ലാത്ത വിധത്തിൽ ചെലവഴിക്കപ്പെടുന്നതിന് കാരണമായിട്ടുള്ളതെന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ബാബു അലക്സാണ്ടർ, പദ്ധതിയുടെ ചുമതലയു ണ്ടായിരുന്ന ആത്മ പ്രോജക്ട് ഡയറക്ടർ ഡോ.ആശ എന്നിവർക്കെതിരെ സർക്കാർ പണം ദുർവ്യയം ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാക്കിയതിന് കർശന അച്ചടക്കനടപടികൾ സ്വീകരിക്കേ ണ്ടതാണെങ്കിലും ഡോ.ആശ സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ഇതിന് നിർവാഹമില്ല. നിർജീവമായി കിടക്കുന്ന സെൻററിന്റെ പേരിൽ വയനാട് ജില്ലാ സഹകരണ ബാങ്കിന്റെ മാനന്തവാടി ശാഖയിലെ 130201201020001 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,91,282 രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഈ സെന്ററിന് വേണ്ടി വാങ്ങിയ യന്ത്രസാമഗ്രികളിൽ ഉപയോഗയോ ഗ്യമായവയും, അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ സാധിക്കുന്നവയും, നല്ല രീതിയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സംഘങ്ങൾക്ക് കൈമാറുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ കാർഷിക പദ്ധതികളിലുൾപ്പെടുത്തി കൃഷിഭവനുകൾക്കും പല സംഘങ്ങൾക്കും പാടശേഖരസമിതികൾക്കും ലഭ്യമാക്കിയിട്ടുള്ള നിരവധി കാർഷികോപകരണങ്ങൾ പലയിടങ്ങളിലും ഉപയോഗക്ഷമമല്ലാതെ കിടക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. സമയാ സമയങ്ങളിൽ

ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി നൽകാനുള്ള മര്യാദപോലും ഇത്തരം ഉപകരണങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ കാണിക്കാറില്ലെന്നും കർഷകർ പരാതിപ്പെടുകയുണ്ടായി (അനുബന്ധം16). തിരുനെല്ലി കൃഷി ഓഫീസിനു പുറകിൽ ഇത്തരത്തിലുള്ള നിരവധി യന്ത്രസാമഗ്രികൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. കാർഷികയന്ത്രോപകരണങ്ങൾ കൈപ്പറ്റിയ ശേഷം പല സംഘങ്ങളും പ്രവർത്തനരഹിതമാകുന്നതും ഇത്തരമൊരവസ്ഥക്ക് കാരണമാവുന്നുണ്ട്. RAIDCO/ KAIKO, KAMCO പോലെയുള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന പല ഉപകരണങ്ങളും വളരെ പെട്ടെന്ന് തന്നെ കേടുപാടുകൾ വന്ന് ഉപയോഗശൂന്യമാകുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളതെന്നു കർഷകരുമായി നേരിട്ട് സംസാരിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നു. ഇത്തരം സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ഉപകരണങ്ങൾ വാങ്ങാമെന്ന ഉത്തരവിനെ മറയാക്കി പല സ്വകാര്യകമ്പനികളും നിർമ്മിക്കുന്ന ഗുണമേന്മയില്ലാത്ത ഉപകരങ്ങൾ സർക്കാർ അംഗീ കൃത ഏജൻസികൾ ഇടനിലക്കാരായിനിന്നുകൊണ്ട് പൊതുമാർക്കറ്റിൽ നിന്ന് വാങ്ങി വിത രണം ചെയ്യുന്നതും, സ്വന്തമായി നിർമിച്ച് വിതരണം ചെയ്യുന്ന പല ഉപകരണങ്ങളും ഗുണനിലവാരം പാലിക്കാത്തതും ഇത്തരം ഒരു ദുരവസ്ഥക്ക് കാരണമാകുന്നുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ഗുണമേന്മയും തുടർ സേവനവും ഉറപ്പുവരുത്തി അവർക്ക് സൗകര്യപ്രദമായ സ്ഥാപനങ്ങളിൽനിന്നും വാങ്ങാൻ അനുവദിക്കണമെന്ന് കർഷകർ ആവശ്യപ്പെടുകയുണ്ടായി. ഇവരുടെ ഈ ആവശ്യം തികച്ചും ന്യായമാണ് എന്ന് കാണുന്നു. ആയതിനാൽ മേൽസൂചി പ്പിച്ചതുപോലെയുള്ള സർക്കാർ അംഗീകൃത ഏജൻസികൾക്ക്, അവർ നേരിട്ട് നിർമ്മിക്കു ന്നതല്ലാത്ത ഉപകരണങ്ങൾ ഇടനിലക്കാരായി വാങ്ങി നല്കാൻ ഇടയാക്കുന്ന തരത്തിൽ, ഇളവുകൾ നൽകി സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പുന:പരിശോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) എന്നീ ഓഫീസുകളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ,ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ എന്നിങ്ങനെ നിരവധി പദ്ധതികളിലൂടെ ഇത്തരം കാർഷികോ പകരണങ്ങൾ കൃഷിഭവനുകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വിതരണം ചെയ്യപ്പെടുന്നവ സംബന്ധിച്ച വിശദാംശങ്ങൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലോ കൃഷിഭവനുകളിലോ കൃത്യമായി രേഖപ്പെടുത്തിസൂക്ഷിക്കുന്നില്ല. ഇതുകൊണ്ട് തന്നെ ഒരേ ഗുണഭോക്താവിന് വിവിധ സ്ഥാപനങ്ങൾ മുഖാന്തിരം കൃഷിയുമായി ബന്ധപ്പെട്ട ഒരേ ആനുകൂല്യം ഒന്നിലധികം തവണ ലഭിക്കാനുള്ള സാധ്യത നിലവിലുണ്ട്. ആയതിനാൽ ഒരു കൃഷിഭവൻ പരിധിയിലുള്ള ഗുണഭോക്താവിന് കൃഷിയുമായി ബന്ധപ്പെട്ട് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അതതു കൃഷിഭവനിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതോടൊപ്പം നിലവിൽ പല സമിതികൾക്കും സഹകരണ കാർഷിക സംഘങ്ങൾക്കും വിതരണം ചെയ്ത കാർഷിക ഉപകരണങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവ ലേലം ചെയ്ത് വിൽക്കുന്നതിനും, പ്രവർത്തന രഹിതമായ സംഘങ്ങളുടെ കൈവശമുള്ള ഉപയോഗപ്രദമായ ഉപകരണങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൈമാറുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ വിതരണം ചെയ്യപ്പെടുന്ന കാർഷികോപകരണങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്ന തിനായി ഏതെങ്കിലും സർവീസ് ദാദാക്കളുമായി കരാറിലേർപ്പെടുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്.

XIII. സഹകരണബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള ധനസഹായവിതരണം.

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനു കീഴിലെ കൃഷിഭവനുകളിൽ നിന്നും സമർപ്പിക്കുന്ന ക്ലെയിമുകളിൽ, വിവിധ സഹകരണ ബാങ്കുകളിൽ അക്കൗണ്ടുള്ള ഗുണഭോക്താ ക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച് സ്ക്വാഡ് പരിശോധന നടത്തുകയു ണ്ടായി. വിവിധ സഹകരണ ബാങ്കുകളിൽ അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ

തുകയുടെ ചെക്കും ഗുണഭോക്തൃലിസ്റ്റും മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫെഡറൽ ബാങ്കിലേക്ക് നൽകുകയും, ഇവിടെ നിന്നും വിവിധ സഹകരണ ബാങ്കുകൾക്കാവശ്യമുള്ള തുക ഡിമാന്റ് ഡ്രാഫ്റ്റുകളാക്കി ഗുണഭോക്തൃലിസ്റ്റ് സഹിതം സഹകരണബാങ്കുകൾക്ക് അയച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരമുള്ള DDകളുടെ നമ്പർ, തീയതി, തുക എന്നിവയുൾപ്പെടെ യാതൊരു വിവരങ്ങളും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കി സൂക്ഷിക്കുന്നില്ലെന്നു മാത്രമല്ല സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട തുക ഗുണഭോക്താക്കൾക്ക് ലഭിച്ചെന്നുറപ്പ് വരുത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നുമില്ല. ഇപ്രകാരം വിവിധ സ്കീമുകളിൽ/ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ട ലക്ഷക്കണക്കിന് രൂപ വിതരണം ചെയ്യപ്പെടാതെ വിവിധ സഹകരണ ബാങ്കുകളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്നതായി സ്ക്വാഡ് കണ്ടെത്തി യിട്ടുണ്ട്. മൂന്നു ബാങ്കുകളിൽ നിന്നും രേഖാമൂലം ലഭിച്ച കണക്കുകളനുസരിച്ച് വിവിധ പദ്ധതിക ളിലായി 673398 രൂപ താഴെ പറയും പ്രകാരം വിതരണം ചെയ്യാതെയുണ്ട്(പേജ് 314).

ക്രമനമ്പർ	ബാങ്ക്	വിതരണം ചെയ്യാതെ ബാക്കിയുള്ള തുക.
1	SCB തൊണ്ടർനാട്	52294
2	SCB നല്ലൂർനാട്	57095
3	SCB തരുവണ	564009

ഇതിനു പുറമേ മറ്റു സഹകരണബാങ്കുകളിലായി പത്തുലക്ഷത്തിലധികം രൂപ കർഷകർക്ക് വിതരണം ചെയ്യപ്പെടാതെ കാലങ്ങളായി സൂക്ഷിച്ചിട്ടുണ്ടെന്ന് ബാങ്ക് സെക്രട്ടറിമാർ അറിയി ച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിന് ടി ബാങ്കുകൾ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ചില കൃഷി ഓഫീസുകളിൽ നിന്നും ക്ലെയിമുകൾ സമർപ്പിക്കുമ്പോൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ ലഭ്യമാകാത്ത അവസരങ്ങളിൽ ഏതെങ്കിലും ഒരു അക്കൗണ്ട് നമ്പർ നൽകുകയും തുക ബാങ്കിലേക്ക് നിക്ഷേപിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പിന്നീട് തുക ലഭിച്ചില്ലെന്നു പറഞ്ഞുകൊണ്ട് ഏതെങ്കിലും കർഷകർ സമീപിക്കുന്ന പക്ഷം ശരിയായ അക്കൗണ്ട് നമ്പർ നൽകി ടി തുക മാറി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വിതരണം ചെയ്യപ്പെടാത്ത ബാക്കി തുകകൾ ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽത്തന്നെ സൂക്ഷിക്കു കയുമാണ് ചെയ്യുന്നത്.

മേൽ സൂചിപ്പിച്ച പ്രകാരം നൂറുകണക്കിന് കർഷകർക്ക് നൽകാനുള്ള ലക്ഷക്കണക്കിന് രൂപ വിതരണം ചെയ്യാതെ വർഷങ്ങളായി വിവിധ സഹകരണ ബാങ്കുകളിൽ കെട്ടിക്കിടന്നിട്ടും, ധനസഹായം ലഭിക്കാത്തതായ ഒരു പരാതിപോലും നാളിതുവരെയായി ഒരു കർഷകനും ഉന്നയിച്ചിരുന്നില്ലായെന്ന കാര്യം ശ്രദ്ധേയമാണ്. ഇതിൽനിന്നും ഇത്രയധികം ഗുണഭോക്താക്കൾ യഥാർത്ഥത്തിലുള്ളവർ തന്നെയാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മുകൾത്തട്ടിൽ നിന്നും നിർദേശിക്കുന്ന സാമ്പത്തികലക്ഷ്യം കൈവരിക്കാനായി ഇല്ലാത്ത കർഷകരുടെ പേരുകളും ഉൾപ്പെടുത്തി ക്ലെയിമുകൾ സമർപ്പിക്കപ്പെട്ടതിന്റെ ഭാഗമായി കൈമാറിയ തുകകൾ ബാങ്കുകളിൽ വിതരണം ചെയ്യപ്പെടാതിരുന്നതാണോ, അതല്ല ബാങ്കുകൾ സമയബന്ധിതമായി കർഷകരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറാത്തതാണോ എന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടന്നാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ലഭിക്കുകയുള്ളൂ. കൃഷിഓഫീസർമാരിൽനിന്നും ക്ലെയിമുകൾ ലഭിക്കാതെതന്നെ സ്കീമുകൾക്ക് അനുവദിക്കപ്പെട്ട തുകകൾ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും എക്സ്പെൻഡിച്ചർ കാണിക്കുന്നതിനു വേണ്ടി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്. കൂടാതെ ലഭിച്ച ക്ലെയിമുകളിൽ വളരെ കാലതാമസമെടുത്താണ് പല

ധനസഹായങ്ങളും കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നത്. സമർപ്പിച്ച ക്ലെയിമു കൾ പാസാക്കികഴിഞ്ഞാൽ അത് സംബന്ധിച്ച് യാതൊരു വിവരങ്ങളും ബന്ധപ്പെട്ട കൃഷിഓഫീ സർക്കോ, കർഷകർക്കോ ലഭിക്കുന്നില്ല. ഇതുകൊണ്ടുതന്നെ ഏതെങ്കിലും കാരണത്താൽ കർഷകർക്ക് പണം ലഭിക്കാതെ വരുമ്പോൾ ഒരു തുടരന്വേഷണം നടത്തുന്നതിന് ഇവർക്ക് കഴിയുന്നില്ല. ആയതിനാൽ ഭാവിയിൽ ക്ലെയിമുകൾ സമർപ്പിക്കുമ്പോൾ അവയുടെ രണ്ടു പകർപ്പുകൾ വീതം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് സമർപ്പിക്കാനും, പാസ്സാക്കി ക്കഴിഞ്ഞ ക്ലെയിമുകളുടെ ഒരു പകർപ്പ് അതാത് കൃഷി ഓഫീസർക്ക് തിരികെ നൽകാനും നിർദേശം നൽകേണ്ടതാണ്. കൂടാതെ ക്ലെയിം സമർപ്പിച്ചു കഴിഞ്ഞാൽ അതു സംബന്ധിച്ചുള്ള അറിയിപ്പും, പാസാക്കിക്കിട്ടുന്ന ക്ലെയിമിന്റെ പകർപ്പും കർഷകരുടെ അറിവിലേക്കായി കൃഷിഭവന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും നിർദേശം നൽകേണ്ടതാണ്. ഏതെങ്കിലും കർഷകർക്ക് ധനസഹായം ലഭ്യമായിട്ടില്ലെങ്കിൽ അത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഇത് ഏറെ സഹായകരമാവും. വിവിധ സ്കീമുകളിൽ/പദ്ധതികളിൽ അർഹരല്ലാത്ത ആളുകളെ തെരഞ്ഞെടുക്കുന്നതും, ക്ലെയിമുകളിൽ ബാങ്ക് അക്കൗണ്ട് കൃത്യമായി രേഖപ്പെടുത്താത്തതുമാണ് സഹകരണ ബാങ്കുകളിൽ വലിയ തുക കർഷകർക്ക് ഉപയോഗപ്രദമല്ലാതെ നിക്ഷേപിക്കപ്പെട്ട സാഹചര്യം സൃഷ്ടിച്ചത്. ഈ സാഹചര്യത്തിൽ, മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും നാളിതുവരെയായി വിവിധ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനായി നൽകിയ തുകകൾ സംബന്ധിച്ച വിശദമായ പരിശോധന നടത്തി, ബാങ്കുകളിൽ വിതരണം ചെയ്യാതെയുള്ള ബാക്കി തുകകൾ സർക്കാരിലേക്ക് അടവാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. കൂടാതെ സംസ്ഥാനന ത്താകെയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുമായി ബന്ധപ്പെട്ടും ഇത്തരത്തിലുള്ള പരിശോധനകൾ ഭരണവകുപ്പ് നടത്തേണ്ടതാണ്.

വിവിധ സ്കീമുകളിൽ വകുപ്പ് നിശ്ചയിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടി ശ്രമിക്കുകയും ഇതിൽത്തന്നെ സാമ്പത്തിക ലക്ഷ്യത്തെ മുൻനിർത്തി മാത്രം പദ്ധതി പുരോഗതി വിലയിരുത്തപ്പെടുകയും ചെയ്യുന്ന രീതി നിലവിലെ പദ്ധതി നിർവഹണ ത്തിലെ പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കർഷകരുടെ പേരിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച കോടിക്കണക്കിനു രൂപ (കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലെ 1,15,33,339 രൂപ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ സെൽഫ് ചെക്കുകൾ വഴി പിൻവലിച്ച 81,92,075 രൂപ, വിതരണം ചെയ്യാതെ സഹകരണ ബാങ്കുകളിൽ കിടക്കുന്ന 17 ലക്ഷത്തിലധികം രൂപ, ക്ലസ്റ്ററുകൾക്കനുവദിച്ച 50 ലക്ഷത്തിലധികം രൂപ തുടങ്ങിയവ) യഥാർത്ഥത്തിൽ ചെലവഴിക്കാതെ സൂക്ഷിക്കപ്പെടുമ്പോൾ, പിൻവലിച്ച മുഴുവൻ തുകയും കർഷകർക്ക് വേണ്ടി ചെലവഴിച്ചതായും പദ്ധതികൾ പൂർണവിജയമാണെന്നുമുള്ള റിപ്പോർട്ടുകളാണ് കൃഷിവകുപ്പിലെ താഴെതട്ടു മുതൽ മുകൾത്തട്ടുവരെയുള്ള ഓഫീസുകളിൽ നിന്ന് തയ്യാറാക്കി നൽകുന്നതെന്ന കാര്യം ഗൗരവത്തോടെ കാണേണ്ടതുണ്ട്. കൃഷിവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസിനും അവിടെ നിന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ നിശ്ചയിച്ചു നൽകുകയും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇതു കൃഷിഭവനുകൾക്കു വീതിച്ചു നൽകുകയും ചെയ്യുന്നു. വിവിധ പദ്ധതികളിൽ വകയിരുത്തുന്ന തുകകൾ പിൻവലിച്ച് കർഷകർക്ക് വിതരണം ചെയ്യേണ്ട ചുമതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കായതിനാൽ അവർ ഈ തുകകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെടുന്നതോടുകൂടി പദ്ധതിലക്ഷ്യം കൈവരിച്ചതായി കണക്കാക്കപ്പെടുകയും ഇതിനനുസൃതമായി മാത്രം വിവിധ ശ്രേണികളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനമികവ് വിലയിരുത്തപ്പെടുകയും ചെയ്യുന്നതാണ് നിലവിലെ രീതി. ആയതിനാൽ ഭാവിയിൽ പദ്ധതികളുടെ ഭൗതികലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ ശേഖരിച്ചുമാത്രം പദ്ധതികളുടെ വിജയാപചയങ്ങൾ വിലയിരുത്തുന്നതിനുള്ള കൃത്യമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിന് ഭരണവകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം പ്രവർത്തനമികവു

കണക്കാക്കുന്നതിനായി കൈവരിച്ച സാമ്പത്തിക ലക്ഷ്യം എന്നതിനപ്പുറത്ത് കാർഷിക പദ്ധതികൾ വിജയകരമായി നടപ്പാക്കി, കാർഷികമേഖലയിൽ മികവിന്റെ പ്രവർത്തനങ്ങൾ നടത്തിയ, കാര്യക്ഷമതയും അർപ്പണബോധവുമുള്ള ഉദ്യോഗസ്ഥർക്ക് കൂടുതൽ പ്രചോദനംനൽകുന്നതിന് സഹായകരമാവുന്ന തരത്തിൽ അംഗീകാരങ്ങൾക്കുള്ള മാനദണ്ഡ ങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവാർഡുകളുടെ മൂല്യം കൂടുതൽ വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽവിവരിച്ച വിവിധ ഖണ്ഡികകളിലെ വസ്തുതകളിൽ നിന്നും ശ്രീ ബാബു. അലക്സാണ്ടർ നടത്തിയ ഭീമമായ സാമ്പത്തിക തട്ടിപ്പുകളും, കർത്തവ്യ നിർവഹണത്തിലെ വീഴ്ചകളുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത വസ്തുതകൾ സംശയലേശമന്യേ തെളിയിക്കപ്പെട്ടിട്ടുണ്ട്.

1. വിവിധ സ്കീമുകൾക്കായി അനുവദിച്ച പണത്തിൽനിന്നും വിവിധ വർഷങ്ങളിലായി 81,92,075 രൂപ വ്യക്തിഗത ചെക്കുകളിലൂടെ അനധികൃതമായി കൈക്കലാക്കി.
2. ബാബു അലക്സാണ്ടർ തന്റെ പിതാവിന്റെ പേരിലുള്ള അക്കൌണ്ടിലേക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌ ണ്ടിൽനിന്നും രണ്ടു തവണയായി 1,10,000 രൂപ കൈമാറ്റം ചെയ്തു.
3. മീനങ്ങാടി 'നക്ഷത്ര' എന്ന സ്ഥാപനത്തിൽനിന്നും ശേഖരിച്ച ബില്ലുകൾ ഉപയോഗിച്ച് അനധികൃതമായി പണം പിൻവലിച്ചു.
4. PMKSY, ATMA തുടങ്ങിയ സ്കീമുകളിൽ ലഭിച്ച 68000 രൂപ മാനദണ്ഡങ്ങൾ പ്രകാരം പരിപാടി നടത്താതെ കൈവശപ്പെടുത്തി.
5. വയനാട് ജില്ലാ പഞ്ചായത്ത് 2014-15 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നെൽകൃഷി ചെയ്യുന്ന കർഷകർക്ക് നൽകാനായി അനുവദിച്ച തുകയിൽ നിന്നും 10,48,170 രൂപ കർഷകർക്ക് നൽകാതെ കൈവശപ്പെടുത്തി.
6. വിവിധ പരിശീലന പരിപാടികളിൽ കരാർ ജീവനക്കാരെ ഉപയോഗിച്ച് വ്യാജ രേഖകളും ബില്ലുകളും തയ്യാറാക്കി സമർപ്പിച്ച് അധിക തുക കൈപ്പറ്റി.
7. ഓഫീസിലേക്ക് വിവിധ സാധനങ്ങൾ/ സേവനങ്ങൾ ലഭ്യമാക്കിയതായി കാണിച്ച് 1,47,020 രൂപ അനർഹമായി കൈപ്പറ്റി.
8. കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങിയതായി കാണിച്ച് വ്യാജ ബില്ലുകൾ തയ്യാറാക്കി 19000 രൂപ തട്ടിയെടുത്തു.
9. തവിഞ്ഞാൽ കൃഷിഭവന് അനുവദിച്ച സ്കൂട്ടർ അനധികൃതമായി കൈവശം വെക്കുകയും ടി വാഹനത്തിന്റെ ഇന്ധനച്ചെലവിനത്തിൽ 18,000 രൂപ വിവിധ കൃഷി ഓഫീസർമാർക്ക് അനധികൃതമായി അനുവദിച്ച് നൽകുകയും ചെയ്തു.
10. ഓഫീസ് വാഹനത്തിൽ ഇന്ധനം നിറച്ചതായി കാണിച്ച് അധികപണം മാറിയെ ടുക്കുകയും ഓഫീസ് വാഹനം നിയമവിരുദ്ധമായി വ്യക്തിഗത ആവശ്യത്തിനുപയോ ഗിക്കുകയും ചെയ്തു.
11. ക്ലെയിമുകൾ ലഭിക്കാതെ ലഭിച്ചതായി കാണിച്ച് ട്രഷറിയിൽനിന്നും അനധികൃതമായി 1,15,33,339 രൂപ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചു.
12. പ്രവർത്തനക്ഷമമല്ലാത്ത ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷന്റെ പേരിൽ

ട്രഷറിയിൽനിന്നും അനാവശ്യമായി ലക്ഷക്കണക്കിന് രൂപ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

13. ഓഫീസിലെ ചെക്ക്ബുക്ക് അനധികൃതമായി കൈവശം വെച്ചു.

14. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മേൽനോട്ടത്തിൽ ഗുരുതരമായ വീഴ്ചകൾ വരുത്തി.

15. കുരുമുളക് നഴ്സറി ആരംഭിക്കുന്നതിനായി അർഹതയില്ലാത്ത വ്യക്തിക്ക് 2,75,000 രൂപ സബ്സിഡി ലഭിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിച്ചു.

16. ഓഫീസിലെ വിവിധ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ ചട്ടപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല.

17. പദ്ധതി നിർദേശങ്ങൾക്ക് വിരുദ്ധമായി, ഗുണഭോക്തൃവിഹിതം ഈടാക്കാതെ വിവിധ ഇൻപുട്ടുകൾ വിതരണം ചെയ്യുന്നതിന് ഏജൻസികൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചു.

18. അഗ്രോ സർവീസ് സെൻററിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്താനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ 25 ലക്ഷം രൂപയുടെ ഉപകരണങ്ങൾ നശിച്ചുപോകുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.

19. സഹകരണ ബാങ്കുകളിലൂടെ വിതരണം ചെയ്യേണ്ട തുകകൾ വിവിധ കാരണങ്ങളാൽ വിതരണം ചെയ്യപ്പെടാതെ കിടന്നിട്ടും, ടി തുക കണ്ടെത്തി കർഷകർക്ക് വിതരണം ചെയ്യുന്നതിനോ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചില്ല.

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കേ ശ്രീ .ബാബു അലക്സാണ്ടർ നടത്തിയ മേൽപ്പറഞ്ഞ സാമ്പത്തിക തട്ടിപ്പുകൾക്കും ക്രമക്കേടുകൾക്കും മുൻപ് തന്നെ ടിയാൻ ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന കാര്യം പരിശോധനാവേളയിൽ കാണാൻ കഴിഞ്ഞു. ഇടുക്കി ജില്ലയിലെ കട്ടപ്പന കൃഷി ഓഫീസറായിരിക്കെ, 2003-04 വർഷ ത്തിൽ വിവിധ പദ്ധതികളിലായി 7,98,484 രൂപയും 2004-2005 വർഷത്തിൽ കാപ്പിക്കർഷ കർക്ക് നൽകുന്നതിനുള്ള 3,42,266 രൂപയുമടക്കം 11,40,750 രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തുകയും, ടി തുക 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട് (അനുബന്ധം/7). ഇത്തരത്തി ലൊരു മുൻകാല ചരിത്രമു ണ്ടെന്നതിനാൽത്തന്നെ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നടത്തിയ സാമ്പത്തിക തട്ടിപ്പുകളും ആസൂത്രിതമാണെന്ന് കരുതാവുന്നതാണ്.

മാനന്തവാടി കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ ഓഫീസിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും വിശദീകരണം ആരാഞ്ഞിരുന്നു. ടി വിശദീകരണത്തിന് മറുപടി സമർപ്പിക്കുന്നതിന് പതിനഞ്ച് ദിവസത്തോളം സമയവും ആവശ്യ മെങ്കിൽ ഓഫീസ് ഫയലുകൾ ഒരുദ്യോഗസ്ഥൻറെ സാന്നിധ്യത്തിൽ പരിശോധിക്കുന്നതിനുള്ള അവസരവും പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന ലഭ്യമാക്കിയിരുന്നു. എന്നാൽ അനുവദിച്ച സമയപരിധിയുടെ അവസാനദിവസം വൈകിട്ട് അഞ്ചു മണിക്ക് ശേഷം ടിയാൻ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ഫയലുകൾ പരിശോധിക്കാനെന്ന രീതിയിൽ എത്തിച്ചേർന്ന് കേവലം അരമണിക്കൂറിൽ താഴെ സമയം മാത്രം ഓഫീസിൽ ചെലവഴിച്ച്, മുൻകൂട്ടി തയ്യാറാക്കിക്കൊണ്ടുവന്ന മറുപടി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുകമാണു ണ്ടായത്(പേജ്144). സ്ക്വാഡ് നൽകിയിട്ടുള്ള സ്പഷ്ടവും പ്രസക്തവുമായ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടികളൊന്നും തന്നെ

സമർപ്പിക്കാതെ, പല ചോദ്യങ്ങൾക്കും നിരുത്തര വാദപരമായ മറുപടികൾ സമർപ്പിച്ചതിൽ നിന്നും പ്രസ്തുത ക്രമക്കേടുകൾക്കൊന്നും ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലായെന്നാണ് മനസ്സിലാക്കേണ്ടത്.പൊതുപണം അപഹരിക്കപ്പെട്ട വിഷയത്തിൽ ജീവനക്കാരെ പിരിച്ചുവിടപ്പെട്ടതിനെതിരായി സമർപ്പിക്കപ്പെട്ട പല അപ്പീലുകളിലെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിവിധ വിധിന്യായങ്ങളിലെ നിരീക്ഷണങ്ങൾ ഈ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. രാജ്യത്തെ പരമോന്നത നീതിപീഠംപോലും വളരെ കർക്കശമായ നിലപാടാണ് പൊതുപണാപഹരണ വിഷയങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്. ബഹു.സുപ്രീം കോടതിയുടെ താഴെകൊടുത്ത വിവിധ കേസുകളിലെ നിരീക്ഷണങ്ങൾ ശ്രീ ബാബു അലക്സാണ്ടറുടെ പണാപഹരണ വിഷയത്തിൽ വളരെ പ്രസക്തമാണെന്ന് കാണാവുന്നതാണ്.

' *In the instant case, the misappropriation of the funds by the delinquent employee was only Rs 360.95. This Court has considered the punishment that may be awarded to the delinquent employees who misappropriated the funds of the Corporation and the factors to be considered. This Court in a catena of judgments held that the loss of confidence is the primary factor and not the amount of money misappropriated and that the sympathy or generosity cannot be a factor which is impermissible in law. When an employee is found guilty of pilferage or of misappropriating the Corporation's funds, there is nothing wrong in the Corporation losing confidence or faith in such an employee and awarding punishment of dismissal. In such cases, there is no place for generosity or misplaced sympathy on the part of the judicial forums and interfering therefore with the quantum of punishment'*.(2004 ലെ Divisional Controller,N.E.K.R.T.C. v. M. Amaresh, Mane കേസിലെ 7993 നമ്പർ സിവിൽ അപ്പീൽ വിധിയിലെ പേജ് 4) (പേജ് 623).

' *Coming to the question of quantum of punishment, one should bear in mind the fact that it is not the amount of money misappropriated that becomes a primary factor for awarding punishment; on the contrary, it is the loss of confidence which is the primary factor to be taken into consideration. In our opinion, when a person is found guilty of misappropriating the corporation's funds, there is nothing wrong in the corporation losing confidence or faith in such a person and awarding a punishment of dismissal.'* (2൦൦2 ലെ Divisional Controller, KSRTC (NWKRTC) v. A.T.Mane കേസിലെ 172൦ നമ്പർ സിവിൽ അപ്പീൽ വിധിയിലെ പേജ് 4) (പേജ് 617).

'.. *In the present day scenario, corruption has been treated to have the potentiality of corroding the marrows of the economy. There are cases where the amount is small, and in certain cases, it is extremely high. The gravity of the offence in such a case, in our considered opinion, is not to be adjudged on the bedrock of the quantum of bribe. An attitude to abuse the official position to extend favour in lieu of benefit is a crime against the collective and an anathema to the basic tenets of democracy, for it erodes the faith of the people in the system. It creates an incurable concavity in the Rule of Law '* (2൦12 ലെ Niranjan Hemchandra Sashittal and another.v.State of Maharashtra കേസിലെ 50 നമ്പർ ക്രിമിനൽ അപ്പീൽ വിധിയിലെ പേജ് 23) (പേജ് 590).

'*Indeed, in cases involving corruption there cannot be any other punishment than dismissal. Any sympathy shown in such cases is totally uncalled for the opposed to public interest. The amount misappropriated may be small or large; it is the act of misappropriate that is relevant.'* (1996 ലെ Municipal Committee, Bahadurgarh v. Krishnan Behari and others കേസിലെ 004120-004120 നമ്പർ

സിവിൽ അപ്പീൽ വിധിയിലെ പേജ് 1) (പേജ് 621). ശിക്ഷ നൽകുമ്പോൾ, അപഹരിക്കപ്പെട്ട പണത്തിന്റെ അളവിനേക്കാൾ അതിലൂടെ നഷ്ടപ്പെട്ട വിശ്വാസത്തിനാണ് പ്രഥമപരിഗണന നൽകേണ്ടതെന്നും, അഴിമതി ഉൾപ്പെട്ട കേസു കളിൽ പിരിച്ചുവിടലല്ലാതെ മറ്റൊരു ശിക്ഷയും നൽകാൻ കഴിയില്ല എന്നുമുള്ള സമീപനമാണ് ബഹു. സുപ്രീം കോടതി മേൽപറഞ്ഞ കേസുകളിൽ സ്വീകരിച്ചിരിക്കുന്നത് എന്ന് കാണാവു ന്നതാണ്.

മുൻ ഖണ്ഡികകളിൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീ. ബാബു അലക്സാ ണ്ടർ ഭീമമായ തുക അപഹരിച്ചതുൾപ്പെടെ നിരവധി ക്രമക്കേടുകൾ നടത്തിയതായി വസ്തുനി ഷ്ഠമായി തെളിഞ്ഞിട്ടുണ്ട്.കൂടാതെ ടിയാന്റെ മുൻകാല (കൃഷി ഓഫീസർ പദവിയിൽ) സർവ്വീസ് ഹിസ്റ്ററിയും ക്രമക്കേടുകൾ നിറഞ്ഞതാണെന്ന് കാണാവുന്നതാണ്. ആയതിനാൽ സർക്കാർ സർവിസിലുള്ള മുഴുവൻ ജീവനക്കാർക്കും മാതൃകയാവുന്ന തരത്തിൽ ടിയാനെതിരെ കഠിനമായ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബഹു. സുപ്രീം കോടതിയുടെ പരാമർശങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ ടിയാന് സർവിസിൽ തുടരാൻ യാതൊരു അർഹതയുമില്ല എന്ന് കാണാവുന്നതാണ്. മുൻകാലങ്ങളിൽ ടിയാൻ നടത്തിയിട്ടുള്ള ക്രമക്കേടുകൾ കൂടി ഇക്കാര്യം ശരിവെക്കുന്നു. ആയതിനാൽ പണാപഹരണം ഉൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ശ്രീ ബാബു അലക്സാണ്ടറിനെ സർവിസിൽനിന്നും അടിയന്തരമായി പിരിച്ചുവിടേണ്ടതാണ്. റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ടിയാന്റെ ബാധ്യതയായി സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും പലിശ സഹിതം ടിയാനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ ആവശ്യമായ നടപടികളിലൂടെ ഈടാക്കേണ്ടതാണ്. അതോടൊപ്പം സർക്കാർ പണം അപഹരിച്ചതിന് ശ്രീ. ബാബു അലക്സാണ്ട റിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് ടിയാന് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ ഉറപ്പ വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികളും ഭരണവകുപ്പ് സ്വീകരിക്കേ ണ്ടതാണ്

XIV. കൃഷി ഭവനുകൾ മുഖേനയുള്ള പദ്ധതി നടത്തിപ്പിലെയും, സാമ്പത്തിക വിനിയോഗ ത്തിലെയും ക്രമക്കേടുകൾ

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിനു കീഴിലുള്ള ആറു കൃഷിഭവനുകളുടെ മേലധികാരി എന്ന നിലയിൽ ടി ഓഫീസുകൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികളുടെ വിജയകരമായ നടത്തിപ്പ്, ടി ഓഫീസുകൾ മുഖേനയുള്ള സാമ്പത്തിക വിനിയോഗം എന്നിവ സസൂക്ഷ്മം നിരീക്ഷിക്കേണ്ട ചുമതലയും കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. എന്നാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സാമ്പത്തിക തട്ടിപ്പുകൾ നടത്തിയതിനു പുറമേ supervisory officer എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലും ശ്രീ. ബാബു അലക്സാണ്ടർ പൂർണപരാജയമായിരുന്നു എന്നകാര്യം പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പദ്ധതി നടത്തി പ്പിലും, സാമ്പത്തിക വിനിയോഗത്തിലും കൃഷിഓഫീസുകളിൽ ക്രമക്കേടുകൾ നടന്നതായും മേലോഫീസുകളിൽ നിന്ന് ഇവ സംബന്ധമായ യാതൊരു തരത്തിലുള്ള പരിശോധനകളും നടന്നിട്ടില്ലായെന്നും കാണാൻ കഴിഞ്ഞു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ/ സ്കീമുകൾ എന്നിവ നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഏറ്റവും അടിസ്ഥാനതലത്തിലുള്ള ഓഫീസ് എന്ന നിലയിൽ കൃഷിഓഫീസുകൾക്ക് വളരെ പ്രാധാന്യമുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും പദ്ധതി മേൽനോട്ടത്തിലും സംഭവിക്കുന്ന പാകപ്പിഴകൾ പദ്ധതില ക്ഷ്യങ്ങൾ കൈവരിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിലെ വിവിധ കൃഷിഭവനുകൾ വഴി നടപ്പാക്കിയ പച്ചക്കറി വികസന പദ്ധതി (VDP), വയനാട് പാക്കേജ്, Stregthening of Agricultural Extension, വിവിധ പരിശീലന പരിപാടികൾ ,പഠനയാത്രകൾ ,വിവിധ ക്ലെയിമുകൾ, ഓഫീസ് രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയവ സംബന്ധിച്ചുള്ള നിരവധി അപാകതകൾ/ക്രമക്കേടുകൾ കേവലപരി ശോധനയിൽത്തന്നെ സ്ക്വാഡ് കണ്ടെത്തി. വിവിധ കൃഷിഭവനുകളിൽ നടത്തിയ പരിശോധ നയിലെ കണ്ടെത്തലുകൾ ചുവടെ പറയുന്നു.

a) തൊണ്ടർനാട് കൃഷിഭവൻ.

i) പച്ചക്കറി ക്ലസ്റ്ററുകൾ

കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് Vegitable Development Programme. പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിയുടെ ഒരു പ്രധാന ഉപഘടകമാണ് 'Development Support to Graded Clusters' എന്നയിനത്തിൽ A- ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് നൽകുന്ന ധനസഹായം. പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷ കരുടെ കൂട്ടായ്മയായ ക്ലസ്റ്ററുകൾ രൂപീകരിച്ച് ധനസഹായം അനുവദിക്കുകയും പിന്നീട് അവയുടെ പ്രവർത്തനം വിലയിരുത്തി ഗ്രേഡ് തിരിച്ച് അർഹമായവയെ A ഗ്രേഡ് ക്ലസ്റ്ററുകളായി തെരഞ്ഞെടുത്ത് റിവോൾവിംഗ്ഫണ്ടുൾപ്പെടെ വിവിധയിനങ്ങളിലായി അധിക ധനസഹായം നൽകുകയുമാണ് ചെയ്യുന്നത്.

തൊണ്ടർനാട് കൃഷിഭവന് കീഴിലുള്ള 5 ക്ലസ്റ്ററുകൾക്കായി താഴെ പറയും പ്രകാരം പണം അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ക്ലസ്റ്ററിന്റെ പേര്	A ഗ്രേഡ്/പൊട്ടൻഷ്യൽ	നാളിതുവരെ അനുവദിച്ച ധനസഹായം
1	പ്രിയങ്ക	A ഗ്രേഡ്	750000
2	ഉദയം	A ഗ്രേഡ്	1030000
3	സൗഭാഗ്യ	പൊട്ടൻഷ്യൽ	275000
4	തണൽ	പൊട്ടൻഷ്യൽ	275000
5	കൃഷിദീപം	പൊട്ടൻഷ്യൽ	200000

മേൽപ്പറഞ്ഞവയിൽ A- ഗ്രേഡ് ക്ലസ്റ്ററുകളായി തെരഞ്ഞെടുക്കപ്പെട്ട പ്രിയങ്ക, ഉദയം എന്നീ സംഘങ്ങൾ, ക്ലസ്റ്റർ മാനദണ്ഡപ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്നു മാത്രമല്ല ഉദയം ക്ലസ്റ്ററിനായി അനുവദിച്ച ധനസഹായം കൺവീനറായ ശ്രീ ജോബി തന്റെ സ്വന്തം ആവശ്യത്തിനായും ഉപയോഗിച്ചിട്ടുള്ളതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നഴ്സറി തുടങ്ങാൻ ഷെഡ് നിർമിച്ചതായും, വളം വാങ്ങിയതായും, ട്രാൻസ്പോർട്ട് സബ്സിഡി നൽകിയ തായുമുള്ള രേഖകൾ സമർപ്പിച്ചാണ് തുക കൈപ്പറ്റിയിട്ടുള്ളത്. അനുവദിച്ച തുകയിൽ നിന്നും 75000 രൂപ വിതം രണ്ടു തവണയായി അന്നത്തെ കൃഷി ഓഫീസറായ ശ്രീമതി രജനിക്കും, അസിസ്റ്റന്റുമാരായ ശ്രീ. പ്രദീപൻ പി വി , ശ്രീ. രഞ്ജിത്ത് കെ കെ എന്നിവർക്കും നൽകാനായി കൃഷിഭവനിലെ അസിസ്റ്റന്റ് ശ്രീ പ്രദീപനെ ഏൽപ്പിച്ചിരുന്നു എന്ന് ശ്രീ. ജോബി രേഖാമൂലം അറിയിച്ചതിന്റെ (അനുബന്ധം 18) അടിസ്ഥാനത്തിൽ മേൽപറഞ്ഞ ഉദ്യോഗസ്ഥരോട് വിശദീകരണ മാരായുകയുണ്ടായി. ഉദയം A ഗ്രേഡ് ക്ലസ്റ്റർ സെക്രട്ടറിയായ ശ്രീ ജോബിയിൽ നിന്നും ക്ലസ്റ്റ റിന് വേണ്ടി വിവിധ സാധനങ്ങൾ വാങ്ങിനൽകുന്നതിനായി 150000 രൂപ കൈപ്പറ്റിയിരു ന്നെന്നും യഥാസമയം ചെയ്യാൻ കഴിയാതിരുന്നതിനാൽ 75000 രൂപ കൃഷി ഓഫീസറായ ശ്രീമതി. രജിനിയെ ഏൽപ്പിച്ചെന്നും ശ്രീ പ്രദീപൻ അറിയിച്ചു (അനുബന്ധം 19). പ്രിയങ്ക എ- ഗ്രേഡ് ക്ലസ്റ്റർ ചട്ടപ്രകാരം കാര്യങ്ങൾ ചെയ്യിട്ടില്ലാതിരുന്നതിനാൽ, കാര്യങ്ങൾ ചെയ്യുന്നതിന നുസരിച്ച് പണം തിരികെ നൽകാമെന്നു കരുതി അവരിൽ നിന്നും 100000 രൂപ കൈപ്പറ്റുകയും, ഇതിൽ നിന്നും 40000 രൂപ കൃഷി ഓഫീസർക്ക് നൽകിയെന്നും ബാക്കി 60000 രൂപ തന്റെ കൈവശമാണെന്നും, ഈ തുക തിരിച്ചടക്കാമെന്നുമാണ് കൃഷി അസിസ്റ്റന്റായിരുന്ന ശ്രീ.രഞ്ജിത്ത് കെ.കെ അറിയിച്ചത്(അനുബന്ധം 20

). ഉദയം, പ്രിയങ്ക ക്ലസ്റ്ററുകളിൽ നിന്നായി മണ്ണ്പരിശോധന ക്യാമ്പ്, പഠനയാത്ര, ട്രെയിനിങ്ങുകൾ എന്നിവക്കായി 75000, 40000 രൂപ വീതം യഥാക്രമം കൃഷി അസിസ്റ്റന്റുമാരായ ശ്രീ. പ്രദീപൻ, ശ്രീ. രഞ്ജിത്ത് എന്നിവർ തന്നെ ഏൽപ്പിച്ചിരുന്നെന്നും എന്നാൽ പ്രസവാവധിയും സ്ഥലംമാറ്റവും കാരണം ഒരു ട്രെയിനിംഗ് മാത്രമേ നടത്തിയിട്ടുള്ളുവെന്നും കൃഷി ഓഫീസറായിരുന്ന ശ്രീമതി. രജിനി ജി.വി അറിയിച്ചു. ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കാമെന്നും അവർ അറിയിച്ചു (അനുബന്ധം 21) പണം കൈപ്പറ്റിയ വിവരം സ്ക്വാഡിന്റെ അന്വേഷണത്തിലൂടെ വ്യക്തമായ സാഹചര്യ ത്തിലാണ് ടി ഉദ്യോഗസ്ഥർ പണം കൈപ്പറ്റിയ വസ്തുത സ്വമേധയ അംഗീകരിച്ചു കൊണ്ട് മേൽപ്പ റഞ്ഞ രീതിയിൽ മറുപടി സമർപ്പിച്ചിട്ടുള്ളതെന്ന് മനസിലാക്കാവുന്നതാണ്.ഇവരുടെ മറുപടി പ്രകാരം ശ്രീമതി രജിനി.ജി.വി, ശ്രീ. പ്രദീപൻ പി.വി, ശ്രീ രഞ്ജിത്ത് കെ കെ എന്നീ ഉദ്യോഗസ്ഥർ യഥാക്രമം 115000, 75000,60000 രൂപ വീതം അനധികൃതമായി കൈപ്പറ്റി യതായി കാണാവു ന്നതാണ്. സത്യസന്ധമായി പദ്ധതികൾ നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇപ്രകാരം അഴിമതിക്ക് വശംവദരാകുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയുകയില്ല. ഈ ഉദ്യോഗസ്ഥർ സർവിസിൽ തുടരാൻ അർഹതയുള്ളവരല്ല എന്നിരുന്നാലും, സ്വമേധയാ കുറ്റംവെളിപ്പെടുത്തിയത് പരിഗണിച്ച്, പച്ചക്കറി വികസന പദ്ധതി പ്രകാരം അനുവദി ക്കപ്പെട്ട ക്ലസ്റ്ററുകളിൽ നിന്നും അനധികൃതമായി പണം കൈപ്പറ്റിയ തൊണ്ടർനാട് കൃഷി ഓഫീസർ രജിനി.ജി.വി, അഗ്രികൾച്ചറൽ ഫീൽഡ് അസിസ്റ്റന്റ് ശ്രീ. പ്രദീപൻ പി വി, നിലവിൽ മാനന്തവാടി കൃഷി ഓഫീസിലെ അഗ്രികൾച്ചറൽ ഫീൽഡ് അസിസ്റ്റന്റ് ശ്രീ. രഞ്ജിത്ത് കെ.കെ എന്നിവരെ അടിയന്തരമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്യേണ്ടതും മറ്റു ജീവനക്കാർക്ക് മാതൃകയാകും വിധം ഇവർക്കെതിരെ കടുത്ത അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഈ ഉദ്യോഗസ്ഥരെ അച്ചടക്ക നടപടികൾ പൂർത്തീകരിച്ചതിന് ശേഷം സർവീസിൽ തിരിച്ചെടുക്കുമ്പോൾ സാമ്പത്തികം കൈകാര്യം ചെയ്യുന്ന ഓഫീസുകളിൽ നിയമിക്കാതിരിക്കുവാൻ ഭരണ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. ഇതോടൊപ്പം ടി ഉദ്യോഗസ്ഥർ കൈപ്പറ്റിയ തുകകൾ അവരിൽനിന്നും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

ഉദയം, പ്രിയങ്ക ക്ലസ്റ്ററുകൾ ഗ്രൂപ്പ് എന്ന രീതിയിൽ നിലവിൽ കൃഷി ചെയ്യുന്നില്ലായെന്നും, സംഘാംഗങ്ങൾ വ്യക്തിപരമായാണ് കൃഷി ചെയ്യുകൊണ്ടിരിക്കുന്നതെന്നും സ്ക്വാഡിന്റെ അന്വേഷ ണത്തിൽ വ്യക്തമായി. ഈ ഗ്രൂപ്പുകളെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ല എന്നാണ് അന്വേഷ ണത്തിൽ മനസിലാക്കുന്നത്. ഈ സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ പ്രിയങ്ക ക്ലസ്റ്ററിന് അനുവദിച്ച 100000 രൂപയും, ഉദയം ക്ലസ്റ്ററിന് അനുവദിച്ച 400000 രൂപയും സർക്കാരിലേക്ക് ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കൃഷിഭവനുകീഴിലെ മറ്റു ക്ലസ്റ്ററുകൾ പദ്ധതി മാർഗനിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

ii) ക്രമീകരിക്കപ്പെടാത്ത മുൻകൂർ തുകകൾ

തൊണ്ടർനാട് കൃഷിഭവന് പല പദ്ധതികളിലായി വിവിധ തിയ്യതികളിൽ താഴെ പറയും പ്രകാരം മുൻകൂർ നൽകിയ 129454 രൂപ ക്രമീകരിക്കപ്പെടാതെയുള്ളതായി കാണുന്നു.

SLNO	CBNO	date	Scheme	Amount
1	236/15-16	02-02-2016	Wayanad package Exposure Visit	80000
2	101/14-15	27-07-2015	FFS Atma	34454
3	221/14-15	27-07-2015	Pest surveillance	15000

മേൽപ്പറഞ്ഞ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച അന്വേഷണക്കുറിപ്പിന് തൃപ്തികര മായ

വിശദീകരണം നൽകുന്നതിന് തൊണ്ടർനാട് കൃഷി ഓഫീസറായിരുന്ന ശ്രീമതി. രജിനിക്ക് സാധിച്ചിട്ടില്ല (പേജ്544). ടി തുകകൾ കൃഷിഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ കൈവശം വച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ തുകകൾ, പണം പിൻവലിച്ച തീയതി മുതൽ 18% പലിശ സഹിതം താഴെ പറയും പ്രകാരം ടിയാരിയിൽനിന്നും ഈടാക്കേണ്ടതാണ്.

SL NO	CB NO	Date	Scheme	Amount	Delay (days)	Interest upto 30/04/2018 @ 18% per year	Total amount to be recove red (upto 30/04/18)
1	236/15-16	02-02-16	WP Exposure Visit	80000	819	32311	112311
2	101/14-15	27-07-15	FFS Atma	34454	1009	17144	51598
3	221/14-15	27-07-15	Pest surveillance	15000	1009	7464	22464
				129454		56919	186373

iii) ധനസഹായവിതരണത്തിലെ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ്.

തൊണ്ടർനാട് കൃഷിഭവനിൽ നിന്നും വിവിധ പദ്ധതികളിൽ ധനസഹായം അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ച ക്ലെയിമുകൾ സംബന്ധിച്ച പരിശോധനയിൽ, ഒരേ പദ്ധതിയിൽ ഒരു ക്ലെയിമിൽത്തന്നെ ചില ഗുണഭോക്താക്കൾ ആവർത്തിച്ച് ഉൾപ്പെട്ടതിലൂടെ ഇവർക്ക് അനർഹമായി ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് കാണുന്നു. കേവലപരിശോധനയിൽത്തന്നെ താഴെപറയുന്ന 64 പേർക്കായി 66743 രൂപ അധികമായി അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്. (പേജ് 533)

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നമ്പർ	അധികമായി അനുവദിച്ച തുക	പദ്ധതി
1	ഗണേഷ്	1042101011274	1810	Pepper area expansion 14-15
2	ജോമോൻ	6644	1810	Ginger/Turmeric AE 14-15
3	റോയ്.പി.വി		1810	
4	എൽസമ്മ	1042101004153	4800	
5	ജെയിംസ്.പി.ജെ	1042101004082	4800	
6	സുധീഷ്.വി.വി	1042101016940	2400	
7	സൈനബ	4840	960	
8	കര്യാക്കോസ്	48	350	Pepper rehabilitation 14-15
9	ചാക്കോ.പി.എം	269	350	
10	അബ്ദുള്ള	428	350	
11	റോയ്	1677	700	

12	ബെന്നി	2668	350	
13	മൊയ്തു	4757	350	
14	ടോമി	5357	350	
15	വിശ്വനാഥൻ	5590	350	
16	ജോസ്	5775	350	
17	ജോൺസൺ	5961	350	
18	ബിജു	5962	350	
19	അന്നക്കുട്ടി	1042108022825	350	
20	മൊയ്തീൻ	1042109021591	350	
21	ഷീജ	1042101015912	350	
22	കര്യാക്കോസ്	48	350	Pepper rehabilitation 15-16
23	ചാക്കോ.പി.എം	269	350	
24	അബ്ദുള്ള	248	350	
25	റോയ്	1677	700	
26	ബെന്നി	2668	350	
27	മൊയ്തു	4757	350	
28	ജോസ്	5775	350	
29	അന്നക്കുട്ടി	1042108022825	350	
30	മത്തായി	1042108016852	350	
31	മൊയ്തീൻ	1042109021591	350	
32	ഷീജ	1042101015912	350	
33	അന്ത്രു	1042101001382	1633	Pepper rehabilitation 15-16
34	ഉണ്ണി.എ.കെ	1711	781	
35	കേശവൻ	1676	600	Sustainable Development rice 15-16
36	ചാക്കോ.പി.ജെ	4564	300	
37	ജോസ്	4789	600	
38	അപ്പച്ചൻ	6304	300	
39	അമ്മു	6305	600	
40	ബൈജു.കെ.എം	1042119021350	210	
41	ലൈജു	1042101020761	300	
42	മത്തായി.കെ.വി	10421101016528	300	
43	സ്കറിയ	1042101009120	600	

44	വർഗ്ഗീസ്	1042101021727	300	
45	കര്യാക്കോസ്	48	380	Pepper rehabilitation 16-17
46	ചാക്കോ.പി.എം	269	380	
47	അബ്ദുള്ള	428	380	
48	റോയ്	1677	760	
49	ജോസ്	5775	380	
50	ജോൺസൺ	5961	380	
51	ബിജു	5962	380	
52	ബെന്നി	2668	380	
53	മൊയ്തു	4757	380	
54	ജോണി	5357	380	
55	വിശ്വനാഥൻ	5590	380	
56	അന്നക്കുട്ടി	1042108022825	760	
57	മത്തായി	1042108016852	380	
58	മൊയ്തീൻ	1042109021591	380	
59	ഷീജ	1042101015912	380	
60	അന്ത്രു	1042101001382	302	
61	ഉണ്ണി.എ.കെ	1711	277	
62	പാത്തുമ്മ	4597	3620	Development of Spices 14-15
63	ജോൺസൺ	5493	10860	
64	മൊയ്തീൻ	1042119021591	10860	
	ആകെ		66743	

ഇത്രയും തുകകൾ അനർഹമായി അനുവദിച്ചതിൽനിന്നും ക്ലെയിമുകൾ തയ്യാറാക്കുന്നതിൽ യാതൊരു ജാഗ്രതയും ഉദ്യോഗസ്ഥർ കാണിച്ചിട്ടില്ല എന്ന് വ്യക്തമാണ്. പലപ്പോഴും വിവിധ കർഷകസമിതികൾ സമർപ്പിക്കുന്ന ലിസ്റ്റുകൾ യാതൊരു പരിശോധനയും കൂടാതെ കൃഷി ഓഫീസർമാർ പണം അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്ന സാഹചര്യവും ഉണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം തുകകൾ ലഭിച്ചിട്ടുള്ള ആളുകളെല്ലാം യഥാർത്ഥ കർഷകരാണോ എന്നതും സംശയിക്കേണ്ടിയിരിക്കുന്നു. മേൽ വിവരിച്ച പ്രകാരം അനർഹമായി അനുവദിച്ച തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിന് തൊണ്ടർനാട് കൃഷി ഓഫീസർക്ക് നിർദേശം നൽകേണ്ടതാണ്. ടി സമയപരിധിക്കകം തുക ഈടാക്കാൻ കഴിയാത്ത പക്ഷം, ടി തുക ശുപാർശ ചെയ്ത അതാതു കൃഷി ഓഫീസർമാരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

b) എടവക കൃഷിഭവൻ

i) പച്ചക്കറി ക്ലസ്റ്ററുകൾ

എടവക കൃഷിഭവനു കീഴിൽ A ഗ്രേഡ് വെജിറ്റബിൾ ക്ലസ്റ്ററുകളായി തെരഞ്ഞെടുക്കപ്പെട്ട് 2014 മുതൽ ധനസഹായം അനുവദിച്ച 4 ക്ലസ്റ്ററുകളിൽ ഒന്നുപോലും നാളിതുവരെയായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. ഈ നാല് A - ഗ്രേഡ് ക്ലസ്റ്ററുകൾക്കും ഒരു പൊട്ടെൻഷ്യൽ ക്ലസ്റ്ററിനുമായി താഴെ പറയും പ്രകാരം അനുവദിക്കപ്പെട്ട 40 ലക്ഷത്തിലധികം രൂപ വർഷങ്ങളായി ടി ക്ലസ്റ്ററുകളുടെ അക്കൗണ്ടുകളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്(പേജ് 532).

ക്രമ നമ്പർ	ക്ലസ്റ്ററിന്റെ പേര്	A ഗ്രേഡ്/പൊട്ടൻഷ്യൽ	നാളിതുവരെ അനുവദിച്ച ധന സഹായം
1	ലോല	A ഗ്രേഡ്	1030000
2	ഉദയ	A ഗ്രേഡ്	960000
3	ഹരിത	A ഗ്രേഡ്	1010000
4	പ്രീതി	A ഗ്രേഡ്	830000
5	കാഞ്ചന	പൊട്ടൻഷ്യൽ	330000

സ്ക്വാഡിന്റെ പരിശോധനാ കാലയളവിൽ ചുമതലയേറ്റ കൃഷി ഓഫീസർ ടി ക്ലസ്റ്ററുകളെ പ്രവർത്തനക്ഷമമാക്കാൻ ശ്രമങ്ങൾ നടത്തുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ക്ലസ്റ്ററുകൾ രൂപീകരിച്ചിരിക്കുന്നതു തന്നെ പദ്ധതി മാനദണ്ഡങ്ങൾ പൂർണമായി പാലിക്കാതെയാണെന്ന് ക്ലസ്റ്ററിലെ ഭാരവാഹികളുമായി നേരിട്ട് സംസാരിച്ചതിൽനിന്നും മനസ്സിലായിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ക്ലസ്റ്ററുകൾ തങ്ങളുടെ ചുമലിൽ കെട്ടിവെക്കുകയായിരുന്നു എന്നും മാനദണ്ഡപ്രകാരം പ്രവർത്തിക്കാൻ കഴിയാത്തതുകൊണ്ടുതന്നെ, അനുവദിച്ച പണം പിൻവലിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയാൽത്തന്നെ ആയത് തങ്ങളുടെ വ്യക്തിഗത ബാധ്യത ആവുമെന്നതിനാൽ, ഒരു രൂപ പോലും നാളിതുവരെ പിൻവലിച്ചിട്ടില്ല എന്നുമാണ് ക്ലസ്റ്റർ ഭാരവാഹികൾ സ്ക്വാഡിനെ അറിയിച്ചത്. ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത മേൽപ്പറഞ്ഞ ക്ലസ്റ്ററുകൾക്ക് അനുവദിച്ച തുകകൾ പൂർണമായും സർക്കാരിലേക്ക് അടവാക്കുന്നതിന് നിർദേശം നൽകേണ്ടതാണ്. രൂപീകരിച്ച ക്ലസ്റ്ററുകൾ മാനദണ്ഡങ്ങൾ പ്രകാരമുള്ളവയല്ലാത്ത തിനാൽ ഇവയുടെ പ്രവർത്തനം അവസാനിപ്പിച്ച് മാനദണ്ഡപ്രകാരം പുതിയ ക്ലസ്റ്ററുകൾ രൂപീ കരിച്ച/തെരഞ്ഞെടുത്ത ശേഷം മാത്രം ഈ ഇനത്തിൽ തുടർ സഹായം അനുവദിക്കാവുന്ന താണ്. മേൽപ്പറഞ്ഞ രീതിയിൽ എടവക കൃഷിഭവനു കീഴിൽ ക്ലസ്റ്ററുകൾക്ക് യാതൊരു പരിശോധനയും നടത്താതെ 40 ലക്ഷത്തിലധികം രൂപ അനുവദിക്കുകയും, യാതൊരുപ യോഗവുമില്ലാതെ ടി തുക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെടുകയും ചെയ്ത സാഹചര്യം സൃഷ്ടിച്ച അന്നത്തെ കൃഷി ഓഫീസർ ശ്രീ. മണികണ്ഠനെതിരെ വകുപ്പുതല നടപടികൾ സ്വീകരി ക്കേണ്ടതാണ്.

ii) ക്രമീകരിക്കപ്പെടാത്ത മുൻകൂർ തുകകൾ

എടവക കൃഷിഭവന് വിവിധ പദ്ധതികളിലായി താഴെ പറയും പ്രകാരം മുൻകൂർ നൽകിയ 2,72,373 രൂപ ക്രമീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

SLNO	CBNO	date	Scheme	Amount
1	236/15-16	02-02-16	Wayanad package Exposure Visit	90000

2	101/14-15	27-07-15	FFS ATMA	34454
3	221/14-15	27-07-15	Pest surveillance	15000
4	260/15-16	12-07-16	FFS Wayanad Package	80000
5	13/16-17	07-06-17	FFS Atma	34455
6	303/15-16	07-05-16	Farmers Registration	18464

മേൽ തുകകളുടെ ഉപയോഗം സംബന്ധിച്ച വിശദീകരണത്തിൽ, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫാർമേഴ്സ് ഫീൽഡ് സ്കൂൾ നടത്തുന്നതിന് വേണ്ടി 12-07-16 ന് അനുവദിച്ച 80,000 രൂപയിൽ 10,000 രൂപ ഡെമോൺസ്ട്രേഷൻ ഇനത്തിൽ നൽകിയിട്ടുണ്ടെന്നും 07/06/2017 തിയ്യതിയിൽ ATMA, FFS എന്നീ ഇനത്തിൽ അനുവദിച്ച 34455 രൂപ ഉപയോഗിച്ച് ശ്രീ.സുനിൽ മഠത്തിൽ എന്ന മാസ്റ്റർ ഫാർമർ മുഖേന ഫാം സ്കൂൾ നടത്തിവരുന്നുണ്ടെന്നും ബാക്കിയുള്ള 2 ക്ലാസ്സുകൾ കൂടി നടത്തിയതിനു ശേഷം തുക ക്രമീകരിക്കുന്നതാണെന്നും എടവക കൃഷി ഓഫീസർ അറിയിച്ചു. മുൻകൂറായി നൽകിയ തുകകളിൽ ബാക്കിയുള്ള തുക എടവക കൃഷി ഓഫീസറുടെ പേരിൽ കല്ലോടി KGB യിലുള്ള അക്കൌണ്ടിൽ സൂക്ഷിച്ചത് തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും എടവക കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്(പേജ്337).എടവക കൃഷി ഓഫീസറുടെ പേരിൽ കേരള ഗ്രാമീണ ബാങ്കിന്റെ കല്ലോടി ശാഖയിലുള്ള 40481100006294 നമ്പർ അക്കൗണ്ടിൽ മേൽപ്പറഞ്ഞയിനങ്ങളിലുൾപ്പെടെ വിവിധ പരിപാടികൾക്കായി ലഭിച്ച ഇനത്തിൽ 320945 രൂപ(പലിശയുൾപ്പെടെ) ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിട്ടുണ്ട്. മുൻകൂറായി പണം അനുവദിച്ചിട്ടും നിർദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നട ത്താത്ത സാഹചര്യത്തിൽ ഈയിനത്തിൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 320945 രൂപ അടിയന്തിരമായി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നിർദേശം എടവക കൃഷി ഓഫീസർക്ക് നൽകേണ്ടതാണ്.

c) വെള്ളമുണ്ട കൃഷി ഭവൻ

i) പച്ചക്കറി ക്ലസ്റ്ററുകൾ

വെള്ളമുണ്ട കൃഷിഭവൻ മുഖേന നാല് ക്ലസ്റ്ററുകൾക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ക്ലസ്റ്ററിന്റെ പേര്	A ഗ്രേഡ്/പൊട്ടൻഷ്യൽ	നാളിതുവരെ അനുവദിച്ച ധന സഹായം
1	ഫാം ഫ്രഷ്	A ഗ്രേഡ്	706000
2	ബ്ലൂ മൌണ്ട്	A ഗ്രേഡ്	876700
3	പഴശ്ശി	A ഗ്രേഡ്	2311300
4	ഹൈ റേഞ്ച്	പൊട്ടൻഷ്യൽ	80000

മേൽപറഞ്ഞ ക്ലസ്റ്ററുകളൊന്നും തന്നെ മാർഗനിർദേശങ്ങൾക്കനുസരിച്ച്, പൂർണമായ തോതിൽ പ്രവർത്തിച്ചുവരുന്നില്ലെന്ന് സ്ക്വാഡിന്റെ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. കൃഷിഭവനുകീഴിലെ ക്ലസ്റ്ററുകളുടെ പ്രവർത്തനം വിശദമായ പരിശോധനക്ക് വിധേയമാക്കി, മാർഗനിർദേശങ്ങൾ പ്രകാരം പ്രവർത്തിക്കാത്ത ക്ലസ്റ്ററുകൾക്ക് അനർഹമായി ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയത്

സർക്കാരിലേക്ക് ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേ ണ്ടതാണ്. വെള്ളമുണ്ട കൃഷിഭവൻ പരിധിയിൽ പ്രവർത്തിക്കുന്ന പഴശ്ശി ക്ലസ്റ്റർ നടത്തുന്ന എക്കോഷോപ്പിന്റെ വാടകയിനത്തിൽ അനുവദിക്കേണ്ട 100000 രൂപ, ബ്ലൂമൌണ്ട് എന്ന ക്ലസ്റ്ററിന്റെ പേരിൽ ചില വ്യക്തികൾ നടത്തുന്ന എക്കോഷോപ്പിന് അനുവദിച്ചിട്ടുള്ളതായി സ്ക്വാഡിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിന് ശുപാർശ ചെയ്ത അന്നത്തെ വെള്ളമുണ്ട കൃഷി ഓഫീസർ ശ്രീ. മുഹമ്മദ് ഷഫീക്ക് ഇക്കാര്യത്തിൽ വേണ്ട ത്ര ജാഗ്രത പുലർത്തിയിട്ടില്ല എന്നാണ് അന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്(പേജ് 495). ഇതു സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകുന്നതിന് ശ്രീ. മുഹമ്മദ് ഷഫീക്കിന് സാധിച്ചിട്ടില്ല.. ഇങ്ങനെ തെറ്റായി നൽകപ്പെട്ട തുക തിരികെ ഈടാക്കി അർഹതപ്പെട്ട സ്ഥാപനത്തിന് നല്കാൻ നാളിതുവരെ കഴിഞ്ഞിട്ടുമില്ല. ആയതിനാൽ ടി തുക ഒരു മാസത്തിനുള്ളിൽ തിരിച്ചടവാക്കുന്നതിനു ബ്ലൂമൌണ്ട് ക്ലസ്റ്ററിന് നിർദേശം നൽകേണ്ടതും, ക്ലസ്റ്ററിൽ നിന്നും ടി തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുക ശ്രീ. മുഹമ്മദ് ഷഫീക്കിന്റെ വ്യക്തിഗത ബാധ്യതയായി കണ ക്കാക്കി അദ്ദേഹത്തിൽ നിന്ന് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം കൃത്യനിർവഹണത്തിലെ വീഴ്ചക്ക് ശ്രീ മുഹമ്മദ് ഷഫീക്കിനെതിരെ വകുപ്പുതല അച്ചടക്ക നടപടി കൾ സ്വീകരിക്കേണ്ടതുമാണ്.

ii) ധനസഹായവിതരണത്തിലെ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ്.

വെള്ളമുണ്ട കൃഷിഭവനിൽ നിന്നും വിവിധ പദ്ധതികളിലായി ധനസഹായം അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ച ക്ലെയിമുകൾ സംബന്ധിച്ച കേവല പരിശോധനയിൽത്തന്നെ ചില ഗുണഭോക്താക്കൾ ഒരേ ക്ലെയിമിൽ ആവർത്തിച്ച് ഉൾപ്പെട്ടതിലൂടെ 16769 രൂപ അനർഹമായി ധനസഹായം അനുവദിക്കപ്പെട്ടതായി കണ്ടെത്തി. വിശദാംശ ങ്ങൾ താഴെ നൽകുന്നു(പേജ് 487).

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നമ്പർ	അധികമായി അനുവദിച്ച തുക	പദ്ധതി
1	അന്നമ്മ	1197	450	Sustainable development Rice 16-17
2	മുക്ത ദേവി	9148	1420	Pepper AE 2015-16
3	അലി കെ	12564	1775	
4	മുരളീധരൻ	5011101000355	1775	
5	സുരേഷ് ബാബു	6688	1508	Whole farm 16-17 WP
6	അമ്മദ്	40411100001700	1508	
7	മേരി	40411100002179	1508	
8	ഉലഹന്നാൻ	3802	1050	Spices Development Revitalisation of pepper garden 15-16
9	സിസിലി	7360	525	
10	പ്രേമൻ വി. എം	7991	1575	
11	ലക്ഷ്മിയമ്മ	8131	525	
12	അലി കെ	12564	525	
13	സുലോചന	13180	525	
14	രമേശ്	34365005105	1050	
15	മുരളീധരൻ	5011101000355	525	

16	ഉസ്മാൻ	40411100002183	525	Spices Development Re-vitalisation of pepper garden 15-16
ആകെ			16769	

മേൽപ്പറഞ്ഞ രീതിയിൽ അനർഹമായി അനുവദിക്കപ്പെട്ട തുകകൾ ബന്ധപ്പെട്ട വ്യക്തിക ളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിനും, ഇതിനു സാധിക്കാത്ത പക്ഷം ടി തുക, ക്ലെയിം ശുപാർശ നൽകിയ കൃഷിഓഫീസർമാരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

d) തിരുനെല്ലി കൃഷി ഭവൻ

i) ക്രമീകരിക്കപ്പെടാത്ത മുൻകൂർ തുകകൾ

തിരുനെല്ലി കൃഷിഭവന് വിവിധ പദ്ധതികളിലായി താഴെ പറയും പ്രകാരം മുൻകൂറായി നൽകിയ 3,38,364 രൂപ ക്രമീകരിക്കപ്പെടാതെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

SLNO	CBNO	date	Scheme	Amount
1	101/14-15	27-07-15	ATMA FFS	34454
2	221/14-15	27-07-15	Pest surveillance	15000
3	181/15-16	02-06-16	ATMA FFS	34455
4	257/15-16	02-06-16	MPEP	150000
5	13/2016-17	07-06-17	ATMA FFS	34455
6	111/16-17	16-08-17	FFS Wayanad Package	70000

ഇതു സംബന്ധിച്ച് തിരുനെല്ലിയിലെ മുൻ കൃഷി ഓഫീസർ ശ്രീ. ഗുണശേഖരനോട് സ്ക്വാഡ് വിശദീകരണം തേടുകയുണ്ടായി. ATMA സ്കീമിലുൾപ്പെട്ട Farm Field School പദ്ധതിക്ക് വേണ്ടി 27.07.2015 തിയ്യതിയിൽ ലഭിച്ച 34454 രൂപയും, 02.06.2016 തിയ്യതിയിൽ ലഭിച്ച 34455 രൂപയും, പെസ്റ്റ് സർവെയിലൻസ് പദ്ധതിക്കുവേണ്ടി ലഭിച്ച 15000 രൂപയും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിവിധ കർഷകർക്ക് കൈമാറിയിരുന്നെങ്കിലും വിവിധ കാരണ ങ്ങളാൽ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ലെന്നുമാണ് ശ്രീ. ഗുണശേഖരൻ അറിയി ച്ചത്. പിന്നീട് മേൽപ്പറഞ്ഞ തുകകൾ ബന്ധപ്പെട്ട കർഷകർ സർക്കാരിലേക്ക് അടവാക്കിയ തിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയുണ്ടായി(പേജ് 583).

2015-16 വർഷത്തിൽ MPEP. പദ്ധതിക്കു വേണ്ടി 02.06.2016 തിയ്യതിൽ 150000 രൂപയുടെ ചെക്ക് തിരുനെല്ലി കൃഷി ഓഫീസർ കൈപ്പറ്റിയിരുന്നു. മാർഗ്ഗനിർദ്ദേശങ്ങ ൾക്കനുസരിച്ച് MPEP പദ്ധതി തിരുനെല്ലി കൃഷിഭവൻ പരിധിയിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ.ബാബു അലക്സാണ്ടറെ അറിയിച്ചിരുന്നുവെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് നിർബന്ധിച്ചു കൊണ്ട് ചെക്ക് കൈമാറുകയായിരുന്നുവെന്നും എന്നാൽ പദ്ധതി നടപ്പാക്കാൻ പറ്റാതിരുന്നത് കൊണ്ട് ടി തുക തിരുനെല്ലി കൃഷി ഓഫീസറുടെ പേരിലുള്ള STSB അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ശ്രീ.ഗുണശേഖരൻ അറിയിച്ചിട്ടുണ്ട് (പേജ് 364). കൂടാതെ 2016-17 വർഷത്തിൽ 07.06.2016 തിയ്യതിയായി ATMA FFS നുവേണ്ടി അനുവദിച്ച 34455 രൂപയും 2016-17 വർഷം വയനാട് പാക്കേജ് ഫാർമേഴ്സ് ഫീൽഡ് സ്കൂൾ പദ്ധതിക്കു വേണ്ടി അനുവദിച്ച 70000 രൂപയും പദ്ധതി നടപ്പിലാക്കാത്തതുമൂലം കൃഷിഭവന്റെ STSB അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് സ്ക്വാഡിനെ

അറിയിച്ചത്. മേൽപ്പറഞ്ഞ 254455 രൂപ STSB യിൽ നിന്ന് പിൻവലിച്ച് അടിയന്തിരമായി സർക്കാരിലേക്ക് അടവാക്കുന്നതിന് തിരുനെല്ലി കൃഷി ഓഫീസർക്ക് നിർദേശം നൽകേണ്ടതാണ്.

ii) അർഹതയില്ലാത്ത നഴ്സറികൾക്ക് സബ്സിഡി അനുവദിക്കൽ

വയനാട് പാക്കേജിൽ ഉൾപ്പെടുത്തി പതിമൂന്നാം വാർഡ് കുരുമുളക് സമിതിക്ക് നഴ്സറി തുടങ്ങിയെന്ന പേരിൽ കൃഷിഓഫീസറായിരുന്ന ശ്രീ ഗുണശേഖരൻ ശുപാർശ ചെയ്തത് പ്രകാരം 30000 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ടി നഴ്സറി നേരിട്ട് പരിശോധന നടത്തിയതി ൽനിന്നും കേവലം ഷെഡ് നിർമിച്ചതല്ലാതെ മറ്റു യാതൊരു പ്രവർത്തനവും നടന്നിട്ടില്ല എന്ന് കണ്ടെത്താൻ കഴിഞ്ഞു. കുരുമുളക് സമിതിയിലെ ഭാരവാഹികളോട് സംസാരിച്ചതിൽനിന്നും കുരുമുളക് വള്ളികൾ യഥാസമയം കിട്ടാതെ വന്നതുകൊണ്ടാണ് നഴ്സറി ആരംഭിക്കാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദീകരണത്തിൽ, സമയബന്ധിതമായി ഫണ്ട് ചെലവഴിക്കാൻ മുകൾതട്ടിൽ നിന്നും നിർദേശം വന്നതിനാൽ സമിതിക്കാർ നഴ്സറി ആരംഭിക്കും എന്ന വിശ്വാസത്തിലാണ് പണം നൽകിയതെന്ന മറുപടിയാണ് ശ്രീ. ഗുണശേഖരൻ നൽകിയിട്ടുള്ളത്(അനുബന്ധം[illegible]). ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മാനദണ്ഡപ്രകാരം പ്രവർത്തനം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയശേഷം മാത്രം സബ്സിഡിക്ക് ശുപാർശ ചെയ്യേണ്ട തിനു പകരം നഴ്സറി ആരംഭിക്കാതെ അനർഹമായി സബ്സിഡിയായി അനുവദിച്ച 30000 രൂപ ടി സമിതിയുടെ ഭാരവാഹികളിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. മേൽപറഞ്ഞ തുക സമിതി ഭാരവാഹികളിൽനിന്നും ഈടാക്കാൻ കഴിയാത്തപക്ഷം ടി തുക ശ്രീ ഗുണശേഖരന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി ടിയാനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തികൾക്ക് മദർ ഗാർഡൻ, കുരുമുളക് നഴ്സറി, പച്ചക്കറി തൈകളുടെ നഴ്സറി എന്നിവക്കായി സബ്സിഡി നൽകി വരുന്നുണ്ട്. തിരുനെല്ലി കൃഷിഭവന്റെ പരിധിയിലും നിരവധി മദർ ഗാർഡനുകൾക്ക് സഹായം നൽകിയിട്ടു ണ്ടെങ്കിലും മേൽപറഞ്ഞ നഴ്സറി ആരംഭിക്കുന്നതിനുള്ള കുരുമുളക് വള്ളികൾ ഒരിടത്തുനിന്നും ലഭിച്ചില്ല എന്ന പരാതി കുരുമുളക് സമിതിയിലെ അംഗങ്ങൾ പറയുകയുണ്ടായി. ഇത് വളരെ ഗൌരവമായി കാണേണ്ടതാണ്. മദർ ഗാർഡൻ, കുരുമുളക് നഴ്സറി, പച്ചക്കറി തൈകളുടെ നഴ്സറി എന്നിവക്ക് ധനസഹായം കൈപ്പറ്റിയിട്ടുള്ള വ്യക്തികൾ/സംഘങ്ങൾ നിർബന്ധമായും അതാത് കൃഷിഭവൻ പരിധിയിലെ കർഷകർക്കെങ്കിലും കുറഞ്ഞ നിരക്കിൽ കുരുമുളക് വള്ളികൾ/തൈകൾ നല്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഇത്തരത്തിലൊരു നിർദേശം സബ്സിഡി അനുവദിക്കുന്ന വേളയിൽ നല്കാറില്ല. ജില്ലയിലെ കൃഷി വ്യാപനം ശക്തിപ്പെടുത്താനായി തൈകളുടെ ലഭ്യത കൂട്ടാനാണ് ഇത്തരം പദ്ധതികൾകൊണ്ട് ലക്ഷ്യമിടേണ്ടത് എന്നതുകൊണ്ട് തന്നെ മേൽപറഞ്ഞ സ്കീമുകളിൽ ധനസഹായം അനുവദിക്കുമ്പോൾ അതാത് കൃഷിഭവൻ പരിധിയിലുള്ള കർഷക ർക്കെങ്കിലും ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കാനുതകുന്ന തരത്തിൽ ഗുണഭോക്താവുമായി ഒരു കരാറിൽ ഏർപ്പെടുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

iii) കാലാവധി കഴിഞ്ഞ ജീവാണുവളങ്ങൾ

തിരുനെല്ലി കൃഷിഭവനിൽ നടത്തിയ പരിശോധനയിൽ 'whole farm development 2016-2017' പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി SBCL മുഖേന ലഭ്യമാക്കിയ 69045 രൂപ വിലവരുന്ന ട്രൈക്കോഡർമ, സ്യൂഡോമൊണാസ് തുടങ്ങിയവ സമയബന്ധിതമായി വിതരണം ചെയ്യപ്പെടാതെ, ഉപയോഗ കാലാവധി കഴിഞ്ഞ്, കൃഷി ഭവനു പിറകിലുള്ള ഗോഡൌണിൽ കൂട്ടിയിട്ടതായി കണ്ടെത്തി. ഇതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

ക്രമ നമ്പർ	ഇനം	അളവ്	യൂണിറ്റിന്റെ വില	ആകെ വില

1	ട്രൈക്കോഡർമ	634 Kg	105	66570
2	സ്യൂഡോമൊണാസ്	33Kg	75	2475
ആകെ				69045

സമയബന്ധിതമായി ഉപയോഗിക്കേണ്ട ജീവാണുവളങ്ങളും മറ്റും ഇപ്രകാരം വിതരണം ചെയ്യാതിരുന്നത് ഗുരുതരമായി കാണേണ്ടതാണ്.ഇതു സംബന്ധിച്ച വിശദീകരണത്തിൽ, 2016 ഡിസംബർ മാസത്തിലാണ് ഇവ വിതരണത്തിനെത്തിയതെന്നും 11/04/2017 ന് താൻ സ്ഥാനക്കയറ്റം ലഭിച്ചു മറ്റൊരു ഓഫീസിൽ ചുമതലയെടുത്തുവെന്നുമാണ് അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. ഗുണശേഖരൻ അറിയിച്ചത്. ഇവ വിതരണം ചെയ്യുന്നതിനായി കൃഷി അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്തിയിരുന്നുവെന്നും വീഴ്ചക്ക് കൃഷി അസിസ്റ്റന്റുമാരുൾപ്പെടെയു ള്ളവർക്ക് ഉത്തരവാദിത്തമുണ്ട് എന്നും അദ്ദേഹം പറഞ്ഞു (അനുബന്ധം23). 2016 ഡിസംബറിൽ ലഭിച്ച സാധനങ്ങൾ നാല് മാസം സമയം ലഭിച്ചിട്ടുപോലും വിതരണം ചെയ്യാതെ അതിന്റെ ഉത്തരവാദിത്തം കൃഷിഅസിസ്റ്റന്റുമാരുടെ ചുമലിൽ കെട്ടിവയ്ക്കാനുള്ള ടിയാന്റെ ഈ ശ്രമം അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവു വന്ന 69045 രൂപ അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. ഗുണശേഖരന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

iv) പരിശീലനപരിപാടിയിലെ ക്രമക്കേടുകൾ

2013-2014 ൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയുള്ള പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി തിരുനെല്ലി കൃഷി ഓഫീസ് മുഖേന 25/03/2014 തീയതിയിൽ കർഷകർക്ക് പരിശീലനം നൽകുകയുണ്ടായി. ടി പരിശീലനത്തിന് അനുവദിച്ച 40000 രൂപ 10064507 നമ്പർ ചെക്ക് പ്രകാരം 07/04/2014 ന് കൃഷി ഓഫീസറായിരുന്ന ശ്രീ ഗുണശേഖരൻ കൈപ്പറ്റിയിട്ടുണ്ട്.ടി പരിശീലനത്തിൽ 100 പേർ പങ്കെടുത്തതായും ഇവർക്കായി 15000 രൂപക്ക് 150 രൂപ വിലയുള്ള 100 ഫയൽ പാഡുകൾ, 10200 രൂപക്ക് 6 രൂപ വീതം വിലയുള്ള 1700 പന്നിയൂർ I കുരുമുളക് തൈകൾ എന്നിവ വാങ്ങിയതായുള്ള ബില്ലുകളുൾപ്പെടെ ഹാജരാക്കിയാണ് ടിയാൻ തുക കൈപ്പറ്റിയത്. എന്നാൽ 100 പേർ പരിശീലനത്തിൽ പങ്കെടുത്തിട്ടില്ലെന്ന് മാത്രമല്ല കർഷകർക്ക് മേൽപ്പറഞ്ഞ സാധനങ്ങൾ വിതരണം ചെയ്തിട്ടുമില്ല എന്നാണ് സ്ക്വാഡിന്റെ അന്വേഷണത്തിൽ മനസിലായത്. അനുവദിച്ച തുകകൾ പൂർണമായും ചെലവഴിച്ചതായി കാണിക്കുന്നതിനായി ആളുകളുടെ എണ്ണം പെരുപ്പിച്ച് കാണിക്കുകയും വ്യാജബില്ലുകൾ സമർപ്പിക്കുകയുമാണുണ്ടായത്. ഇതു സംബന്ധിച്ച വിശദീകരണത്തിൽ, പരിശീലനപരിപാടിയിൽ 100 ലധികം ആളുകൾ പങ്കെടുത്തിരുന്നുവെന്നാണ് കൃഷി ഓഫീസ റായിരുന്ന ശ്രീ. ഗുണശേഖരൻ അറിയിച്ചത്. വിവിധ സമിതിയോഗങ്ങളുടെ റിഫ്രെഷ്മെന്റ് ഇനത്തിലെ ചെലവുകൾ, ഓഫീസ് സ്റ്റേഷനറി, കൃഷിഭവനനുവദിച്ച സ്കൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവക്കായി പരിശീലനത്തിൽ ബാക്കി വന്ന തുക ഉപയോഗിച്ചിട്ടുണ്ട് എന്നും അദ്ദേഹം അറിയിച്ചു(പേജ്519). പരിശീലനത്തിനനുവദിച്ച തുകയിൽ നിന്നും ഓഫീസിലെ മറ്റു ചെലവുകൾക്ക് വേണ്ടി പണം ഉപയോഗിച്ചെന്ന വാദം അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രണ്ടു ബില്ലുകൾ സമർപ്പിച്ച് ശ്രീ. ഗുണശേഖരൻ അധികമായി കൈപ്പറ്റിയ 25200 രൂപ, പണം അനുവദിച്ച 07/04/2014 മുതലുള്ള 18% പലിശയുൾപ്പെടെ 43655 രൂപ (1485 ദിവസത്തേക്ക് 18455രൂപ) അദ്ദേഹത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

e) തവിഞ്ഞാൽ കൃഷിഭവൻi) ക്രമീകരിക്കാത്ത മുൻകൂർ തുകകൾ

വിവിധ പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി തവിഞ്ഞാൽ കൃഷിഭവന് മുൻകൂറായി അനുവദിച്ച 49,455

- രൂപ ക്രമീകരിക്കപ്പെടാത്തത് സ്ക്വാഡ് കണ്ടെത്തി.

SLNO	CBNO	date	Scheme	Agricultural Officer	Amount
1	221/14-15	27/07/15	Pest surveillance	Thavinhal	15000
2	181/15-16	02/06/16	FFS Atma	Thavinhal	34455

ശ്രീ. അരുൺ കമാർ കൃഷി ഓഫീസർ തവിഞ്ഞാൽ കൃഷിഭവന്റെ ചുമതലയിലുണ്ടായിരുന്ന കാലയളവിലാണ് മേൽപ്പറഞ്ഞ തുകകൾ അനുവദിച്ചത്. ഈ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച യാതൊരുവിധ നിർദ്ദേശങ്ങളും നൽകാതെ അസിസ്റ്റന്റ് ഡയറക്ടർ ചെക്കുകൾ നിർബന്ധിച്ച് കൈമാറുകയായിരുന്നുവെന്നും സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ലായെന്നും അതിനാൽത്തന്നെ തുകകൾ തിരിച്ചടക്കാമെന്നുമാണ് ശ്രീ.അരുൺ കമാർ നൽകിയ വിശദീകരണത്തിൽ അറിയിച്ചത്(പേജ്394). ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ 49455 രൂപ പണം കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ശ്രീ.അരുൺ കമാറിൽ നിന്നും താഴെ പറയും പ്രകാരം ഈടാക്കേണ്ടതാണ്

SLNO	date	Amount	Delay (days)	Interest upto 30/04/2018 @18% per year	Total amount to be recovered (upto 30/04/2018)
1	27-07-15	15000	1009	7464	22464
2	02-06-16	34455	698	11860	46315
ആകെ				19324	68779

ii) പഠനയാത്രകൾ

വയനാട് പാക്കേജിൽ ഉൾപ്പെടുന്ന ഒരു പ്രധാന ഘടകമായ 'പഠനയാത്രകൾ' സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ തവിഞ്ഞാൽ കൃഷിഭവനിൽ നടന്നിട്ടുള്ളതായി സ്ക്വാഡ് കണ്ടെത്തി.

2015-2016 വർഷത്തിൽ 25 പേർ വീതമുള്ള യാത്രകൾ നടത്തുന്നതിനായി KL-12-H-9556 എന്ന വാഹനം 04/02/2016, 06/02/2016 തീയതികളിൽ ഉപയോഗിച്ചതായി കാണിച്ച് 25,000 രൂപ നൽകിയതായ രേഖകൾ സമർപ്പിച്ചതായി കാണുന്നുണ്ട് (പേജ്632). എന്നാൽ ഗതാഗത വകുപ്പിലെ രേഖകൾ പ്രകാരം KL-12-H-9556 എന്നത് ഇരുചക്രവാഹനമാണ് (പേജ്524). ഒരു ഇരുചക്രവാഹനത്തിൽ 25 പേർ യാത്ര ചെയ്തെന്ന വ്യാജരേഖകൾ സമർപ്പിച്ച് തുക മാറിയെടുത്തത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല ഏകദേശം 60 കിലോമീറ്ററിൽ താഴെ മാത്രം ദൂരം വരുന്ന അമ്പലവയൽ ഫാമിലേക്ക് ഇരു ഭാഗത്തേക്കുമായി 280 കിലോമീറ്റർ ദൂരം യാത്ര ചെയ്തതായും ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 04/02/2016 ന് നടത്തിയ യാത്രയിലെ 2520 രൂപയുടെ 98355 നമ്പർ ഭക്ഷണബില്ലിൽ തിരുത്തലുകൾ വരുത്തി 12820 രൂപയുടേതാക്കി 10300 രൂപയും 06/02/2016 ന് നടത്തിയ യാത്രയിലെ 2250 രൂപയുടെ 98353 നമ്പർ ഭക്ഷണബില്ല് തിരുത്തലുകൾ വരുത്തി 12250 രൂപയുടേതാക്കി 10000 രൂപയും അധികമായി കൃഷിഓഫീസർ കൈവശപ്പെടുത്തിയിട്ടുണ്ട്(അനുബന്ധം27)

മേൽപ്പറഞ്ഞ ക്രമക്കേടുകൾ സംബന്ധിച്ച് ആ കാലയളവിലെ കൃഷിഓഫീസറായിരുന്ന ശ്രീ. അരുൺ കമാറിൽ നിന്നും സ്ക്വാഡ് വിശദീകരണമാരാഞ്ഞു. പിതാവിന്റെ രോഗാവസ്ഥ മൂലം ഫീൽഡ് വിസിറ്റ് നടത്തുന്നതിന് കൃഷി അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്തിയിരുന്നുവെന്നും രേഖകൾ തയ്യാറാക്കി

സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചുവെന്നുമാണ് അദ്ദേഹം അറിയിച്ചത്. മേൽപ്പറഞ്ഞ ഫീൽഡ് വിസിറ്റുകൾക്ക് യഥാർത്ഥത്തിൽ 30000 രൂപ ചെലവുവന്നുവെന്നും ബാക്കി 50000 രൂപ സർക്കാരിലേക്ക് തിരിച്ചടക്കാമെന്നും ശ്രീ. അരുൺ കുമാർ അറിയിച്ചു (അനുബന്ധം 25). ഈ സാഹചര്യത്തിൽ 2015-2016 വർഷത്തെ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി തവിഞ്ഞാൽ കൃഷി ഓഫീസർ 03/02/2016 ന് ചെക്ക് നമ്പർ 10084365 പ്രകാരം കൈപ്പറ്റിയ 80000 രൂപയിൽ യഥാർത്ഥത്തിൽ വന്ന ചെലവ് കഴിച്ച് മിച്ചമുള്ള 50000 രൂപയും ആയതിന് പണം കൈപ്പറ്റിയ 03-02-16 മുതൽ 30-04-18 വരെ 818 ദിവസത്തേക്ക് 18% നിരക്കിൽ കണക്കാക്കിയ 20170 രൂപ പലിശയും സഹിതം 70170 രൂപ അന്നത്തെ കൃഷി ഓഫീസറാ യിരുന്ന ശ്രീ. അരുൺ കുമാറിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ വ്യാജരേഖകൾ സമർപ്പിച്ച് സർക്കാർ പണം തട്ടിയെടുത്തതിന് ശ്രീ. അരുൺ കുമാറിനെതിരെ കർശനമായ വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിക്കേണ്ടതാണ് 2016-2017 വർഷത്തിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി 'Exposure visit to pepper gardens' എന്നയിനത്തിൽ 25 പേർ വീതമുള്ള 4 യാത്രകൾ നടത്തിയതായി കാണിച്ച് 40000 രൂപ അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. മുഹമ്മദ് ഷഫീക്ക് കൈപ്പറ്റിയിട്ടുണ്ട്. ഇതു സംബന്ധിച്ച പരിശോധിച്ചതിൽ നിന്നും ഈ യാത്രകളുടെ പേരിൽ സമർപ്പിച്ച രേഖകളിൽ കൃത്രിമം നടന്നിട്ടുണ്ടെന്ന് വ്യക്തമായി. 06/02/2017 ന് നടത്തിയ യാത്രകൾക്ക് KL-12-H-5396, KL-72-2518, KL-57-E-1435 എന്നീ നമ്പർ വാഹനങ്ങൾ ഉപയോഗിച്ചതായുള്ള ട്രിപ്പ് ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വാഹനങ്ങൾ യഥാക്രമം 5 ,7, 13 പേർക്ക് മാത്രം സഞ്ചരിക്കാവുന്ന വാഹനങ്ങളാണെന്ന് ഗതാഗതവകുപ്പിലെ രേഖകൾ പ്രകാരം വ്യക്തമാണ് (അനുബന്ധം 26). യഥാർത്ഥത്തിൽ നാല് യാത്രകൾ നടത്തിയിരുന്നുവെന്നും ട്രിപ്പ് ഷീറ്റുകൾ പിന്നീട് ട്രാവൽ ഏജൻസി കൃഷിഭവനിൽ എത്തിക്കുകയായിരുന്നുവെന്നുമാണ് ഇത് സംബന്ധിച്ച വിശദീകരണത്തിൽ ശ്രീ. മുഹമ്മദ് ഷഫീക്ക് അറിയിച്ചത്. അദ്ദേഹത്തിന്റെ മറുപടിയെ സാധൂകരിക്കുന്നതിനായി, നടത്തിയ യാത്രകളുടെ ഫോട്ടോകളും ടിയാൻ ഹാജരാക്കി. ഇവ പരിശോധിച്ചതിൽ നിന്നും മൂന്നു യാത്രകൾ മാത്രം ടിയാൻ നടത്തിയതായാണ് കാണുന്നത്. നടത്തിയതായി പറഞ്ഞ ഒരു യാത്ര സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കുന്നതിന് അദ്ദേഹത്തിന് സാധിക്കാത്ത സാഹചര്യത്തിൽ 2016-2017 വർഷത്തെ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി തവിഞ്ഞാൽ കൃഷി ഓഫീസറായിരുന്ന ശ്രീ. മുഹമ്മദ് ഷഫീക്ക് 04/02/2017 ന് ചെക്ക് നമ്പർ 10102208 പ്രകാരം കൈപ്പറ്റിയ തുകയിൽ, യഥാർത്ഥത്തിൽ നടത്താത്ത യാത്രയുടെ തുകയായ 10000 രൂപയും ആയതിനു പണം കൈപ്പറ്റിയ 04-02-17 മുതൽ 30-04-18 വരെ 18% നിരക്കിൽ 2224 രൂപ പലിശയും സഹിതം 12224 രൂപ ടിയാനിൽനിന്നും ഈടാക്കേണ്ടതാണ്. അതോടൊപ്പം, വ്യാജരേഖകൾ സമർപ്പിച്ച് സർക്കാർ പണം കൈക്കലാക്കിയതിന് ശ്രീ. മുഹമ്മദ് ഷഫീക്കിനെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കേണ്ടതാണ്.

കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന ബില്ലുകളുടെ കേവലമായ പരിശോധനയെങ്കിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നടത്തിയിരുന്നെങ്കിൽ വളരെയെളുപ്പം കണ്ടെത്താമായി രുന്ന ഇത്തരം ക്രമക്കേടുകൾ കണ്ടെത്തി അനർഹമായ തുക അനുവദിക്കാതിരിക്കാൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കും കഴിയുമായിരുന്നു. എന്നാൽ അത്തരത്തിലൊരു പരിശോധന നടത്തു കയോ, നടത്താനായി ഓഫീസിലെ ജീവനക്കാരോട് നിർദേശിക്കുകയോ ശ്രീ. ബാബു അലക്സാ ണ്ടർ ചെയ്തിട്ടില്ല. കീഴ്ജീവനക്കാരെ വിശ്വസിച്ചാണ് താൻ ബില്ലുകൾ പാസാക്കി നൽകിയിട്ടുള്ള തെന്ന ഒരു മറുപടിയാണ് ഇക്കാര്യത്തിൽ ടിയാൻ നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥൻ എന്ന നിലയിലും ടിയാൻ തികഞ്ഞ പരാജയമായിരുന്നു എന്ന് കാണാവുന്നതാണ്.

iii) ധനസഹായവിതരണത്തിലെ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ്.

തവിഞ്ഞാൽ കൃഷിഭവനിൽ നിന്നും വിവിധ പദ്ധതികളിലായി ധനസഹായം അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ച ക്ലെയിമുകൾ സംബന്ധിച്ച കേവല പരിശോധനയിൽത്തന്നെ ഒരേ ക്ലെയിമിൽ ചില ഗുണഭോക്താക്കൾ ആവർത്തിച്ച് ഉൾപ്പെട്ടതിലൂടെ 39355 രൂപ അനർഹമായി അനുവദിക്കപ്പെട്ടതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ നൽകുന്നു(അനുബന്ധം.27

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നമ്പർ	അധികമായി അനുവദിച്ച തുക	പദ്ധതി
1	എബ്രഹാം.എ.ജെ	2872	1206.4	Whole farm development
2	അണ്ണൻ	9559	1055.6	
3	ചാക്കോ	6477	1055.6	
4	ദേവസ്യ	5270	904.8	
5	ജോർജ് വെളിയത്ത്	3397	904.8	
		5009	1055.6	
		3397	904.8	
6	ജേക്കബ്.പി.ജെ	113610101013767	1055.6	
7	ജോസ്	40478100001258	754	
8	ജോസഫ്	40478100008490	1055.6	
		40478100008490	1055.6	
		10478100008490	1055.6	
9	ജോസഫ്.വി	5874	1055.6	
10	കമലാക്ഷി	9568	1203.4	
11	കാസിം	2675	452.4	
12	കേളുകുറ്റിയോട്ടിൽ	13776	1206.4	
		9166	1055.6	
		13776	1206.4	
13	കേളു	9557	904.8	
14	കുഞ്ഞാമൻ	9435	1357.2	
		9435	1206.4	
15	ലക്ഷ്മി	7106	1357.2	
16	മാധവി	1136101006488	1357.2	
17	മമ്മൂട്ടി	9799	1357.2	
18	മഞ്ഞ	9156	904.78	
19	മനോജ്	5664	904.8	
20	മുഹമ്മദ്	7055	904.8	

21	റെജി	5167	1357.2
22	സൈമൺ	40478100001457	754
23	ശാന്ത	40478100005371	904.8
		40478100005371	904.8
		40478100005371	904.8
24	സൈനബ	40478100010843	1206.4
25	തങ്കച്ചൻ	3194	1055.6
26	തോമസ്	9081	904.8
27	യൂസഫ്	1136101005168	904.8
28	വത്സ	3382	904.8
29	വർഗീസ്	1136101012937	1055.6
	ആകെ		39355.78

മേൽപ്പറഞ്ഞ രീതിയിൽ അനർഹമായി അനുവദിക്കപ്പെട്ട തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിനും, ഇതിനു സാധിക്കാത്ത പക്ഷം ടി തുക, ക്ലെയിം ശുപാർശ നൽകിയ കൃഷിഓഫീസർമാരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

f) മാനന്തവാടി കൃഷിഭവൻ

i) ക്രമീകരിക്കാത്ത മുൻകൂർ തുകകൾ

മാനന്തവാടി കൃഷിഭവന് താഴെപറയുന്ന പ്രകാരം മുൻകൂറായി നൽകിയ 1134454 രൂപ ക്രമീകരിക്കപ്പെടാതെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

SLNO	CBNO	date	Scheme	Amount
2	236/15-16	02-02-16	Wayanad package Exposure Visit	80000
3	101/14-15	27-07-15	FFS Atma	34454
4	221/14-15	27-07-15	Pest surveillance	15000
5	171/16-17	08-03-17	Success story	5000

മേൽ പറഞ്ഞവയിൽ, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി എക്സ്പോഷർ വിസിറ്റ് നടത്തുന്നതിനു വേണ്ടി 02.02.2016 തിയ്യതിയിൽ അനുവദിച്ച 80000 രൂപയിൽ 20000 രൂപ 04.02.2016ന് അമ്പലവയലിലേക്ക് സംഘടിപ്പിച്ച യാത്രയ്ക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും ആയതിന്റെ ക്ലെയിം ക്രമീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 60000 രൂപ ചെലവഴിച്ചിട്ടില്ലായെന്നും കൃഷി ഓഫീസറായ ശ്രീ. വിനോദ് അറിയിച്ചു. 27.07.2015 തിയ്യതിയിൽ ATMA FFSനു വേണ്ടി അനുവദിച്ച 34454 രൂപയിൽ, ശ്രീ.ബാബു ഉള്ളോപ്പള്ളി എന്നയാളെ മാതൃകാകർഷകനായി തെരഞ്ഞെടുത്ത് 2 ക്ലാസ്സുകൾ സംഘടിപ്പിച്ച വകയിൽ 10580 രൂപ ചെലവഴിച്ചിരുന്നെന്നും ബാക്കി ക്ലാസുകൾ നടത്താനായിട്ടില്ലയെന്നുമാണ് കൃഷി ഓഫീസർ സ്ക്വാഡിനെ അറിയിച്ചത്. Pest surveillance ഇനത്തിൽ 15000 രൂപ, Success story ഇനത്തിൽ 5000 രൂപ എന്നിവ ചെലവഴിച്ചുവെങ്കിലും ക്ലെയിമുകൾ

കണ്ടെത്താനായില്ലായെന്നും ശ്രീ. വിനോദ് അറിയിച്ചു (അനുബന്ധം28). ചെലവഴിക്കാതെ ബാക്കിയുള്ള പണം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ തിരിച്ചടക്കു കയോ കൃഷിഓഫീസറുടെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ലാത്ത തിനാൽ താഴെപറയുന്ന തുകകൾ പണം കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ശ്രീ. വിനോദിൽ നിന്നും ഈടാക്കേണ്ടതാണ്.

SL NO	CB NO	date	Scheme	Amount	Delay (days)	Interest upto 30/04/2018 @ 18% per year	Total amount to be recovered (upto 30/04/18)
1	236/15-16	02-02-16	WP Exposure Visit	60000	819	24233	84233
2	101/14-15	27-07-15	FFS Atma	23874	1009	11879	35753
3	221/14-15	27-07-15	Pest surveillance	15000	1009	7464	22464
4	171/16-17	08-03-17	Success story	5000	419	1033	6033
ആകെ				103874		44609	148483

ii) വ്യാജ ബില്ലുകൾ

'Strengthening of Agricultural Extension' പദ്ധതിയിലുൾപ്പെടുത്തി കമ്പ്യൂട്ടർ സർവ്വീസ് & റിപ്പയർ ഇനത്തിൽ മാനന്തവാടി കൃഷി ഓഫീസർ സമർപ്പിച്ച ക്ലെയിമുകളിലെ താഴെ പറയുന്ന ബില്ലുകളുടെ ആധികാരികത സംബന്ധിച്ച് സംശയം തോന്നിയതിനെത്തുടർന്നു പ്രവർത്തി നിർവഹിച്ചതായി കാണിച്ച altix computers & E- services സ്ഥാപനത്തിൽ സ്ക്വാഡ് അന്വേഷണം നടത്തി. അന്വേഷണത്തിൽ താഴെ പറയുന്ന ബില്ലുകളിൽ തിരുത്തലുകൾ വരുത്തി അധിക തുക കൃഷി ഓഫീസർ കൈപ്പറ്റിയിട്ടുണ്ട് എന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബില്ലിലെ യഥാർത്ഥ തുകകളും അധികമായി കൈപ്പറ്റിയ തുകകളും താഴെ കൊടുക്കുന്നു.

ക്രമ നം.	സി.ബി നം.	കടയിലെ ബിൽ നം.	ബിൽ തിയ്യതി	സമർപ്പിച്ചിട്ടുള്ള ബില്ലിലെ തുക	യഥാർത്ഥ ബിൽ തുക	അധിക തുക
1	229/16-17	1006	24-03-17	4880	380	4500
2		1007	25-03-17	4850	1050	3800
3	162/16-17	1248	21-03-16	2650	1650	1000
4	271/14-15	1352	17-03-15	3000	300	2700
ആകെ				15380	3380	12000

ഇതു സംബന്ധിച്ച വിശദീകരണത്തിൽ മേൽപ്പറഞ്ഞ 1006,1248 നമ്പർ ബില്ലിലെ തുകകൾ യഥാർത്ഥത്തിൽ ചെലവഴിച്ചവ തന്നെയാണെന്നും അധികമായി കൈപ്പറ്റിയതായി പറയുന്ന മറ്റു തുകകൾ തിരിച്ചടക്കാമെന്നുമാണ് കൃഷി ഓഫീസറായ ശ്രീ. വിനോദ് സ്ക്വാഡിനെ അറിയിച്ചത് (അനുബന്ധം29). മറ്റു ബില്ലുകളെ സംബന്ധിച്ച് വിശദീകരണമൊന്നും ടിയാൻ സമർപ്പിച്ചിട്ടില്ല. ടിയാന്റെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള ബില്ലുകൾ സമർപ്പിച്ച് ശ്രീ.വിനോദ് കുമാർ അധികമായി കൈപ്പറ്റിയ 12000 രൂപ 18% പലിശ സഹിതം താഴെ പറയുന്ന പ്രകാരം ടിയാനിൽനിന്നും ഈടാക്കേ ണ്ടതാണ്. കൂടാതെ വ്യാജ ബില്ലുകൾ സമർപ്പിച്ച്

സർക്കാർ പണം കൈപ്പറ്റിയ വിഷയത്തിൽ ടിയാനെതിരെ അച്ചടക്ക നടപടികളും കൈക്കൊള്ളേണ്ടതാണ്.

CHEQUE No.	date of drawl	Excess	Delay (days)	Interest upto 30/04/2018 @ 18% per year	Total amount to be recovered (upto 30/04/18)
108436	04-04-17	4500	391	868	5368
108436	04-04-17	3800	391	733	4533
102263	04-03-17	1000	423	209	1209
1078110	17-04-15	2700	1110	1810	1478

iii) അർഹതയില്ലാത്ത നഴ്സറിക്ക് പണം അനുവദിക്കൽ.

മാനന്തവാടി കൃഷിഭവനു കീഴിൽ, കുഴിനിലത്ത് വാടകക്കെടുത്ത സ്ഥലത്ത് താൽക്കാലിക ഷെഡ് നിർമിച്ച്, ഗ്രാഫ്റ്റ് ചെയ്യാനാവശ്യമായ തിപ്പലിതൈകൾ ശേഖരിച്ചുവച്ചിരിക്കുന്ന, കണ്ണൂർ ജില്ലക്കാരനും മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ ബയോഗ്യാസ് ടേൺ കീ ഏജൻറുമായ ശ്രീ. ജോണി പാമ്പാടിയിൽ എന്ന വ്യക്തിക്ക്, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കരുമുളക് നഴ്സറിക്കെന്ന പേരിൽ 275000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കേളകം എന്ന സ്ഥലത്ത് നടത്തുന്ന നഴ്സറിക്ക് അനധികൃതമായി സബ്സിഡി അനുവദിച്ചു കിട്ടാനായി മാനന്തവാടി കൃഷിഭവൻ പരിധിയിൽ സ്ഥലം വാടകക്ക് എടുത്ത് താൽക്കാലിക ഷെഡ് നിർമിച്ച് ഗ്രാഫ്റ്റ് ചെയ്യാനാവശ്യമായ തിപ്പലിത്തൈകൾ ശേഖരിക്കുകയും, പിന്നീട് തൈകൾ കേളകത്തുള്ള നഴ്സറിയിലേക്ക് കൊണ്ടുപോകുകയുമാണ് ചെയ്യുന്നത്. 'ഗ്രീൻ ലാൻഡ് ' എന്ന പേരിലുള്ള അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ ബോർഡിൽ ഹെഡ് ഓഫീസ് കേളകത്താണെന്ന കാര്യം സൂചിപ്പിച്ചിട്ടുണ്ട്(പേജ്529). (സ്ക്വാഡിന്റെ പരിശോധനക്ക് ശേഷം ഈ ബോർഡ് മാറ്റിയിട്ടുണ്ട്.) 50000 തിപ്പലിത്തൈകൾ വാങ്ങിയതായി കാണിച്ച് സബ്സിഡി ലഭിക്കുന്നതിന് ശ്രീ.ജോണി ഹാജരാക്കിയ 15/02/17 തീയതിയിലെ 603 നമ്പർ ബില്ല് (അനുബന്ധം30) വ്യാജമാണെന്ന് സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ട്. സംഭരിച്ച തിപ്പലിത്തൈകളിൽ മുപ്പതിനായിരം ത്തോളം തൈകൾ മാത്രമാണ് ബാക്കിയുള്ളത്. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ ബയോ ഗ്യാസ് ടേൺ കീ ഏജന്റ് എന്ന രീതിയിലുള്ള തന്റെ ബന്ധം ഇത്തരത്തിൽ അനധികൃതമായി സബ്സിഡി കൈപ്പറ്റുന്നതിന് അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്.

വയനാട്ടിലെ കാർഷിക പുരോഗതിക്കായി വിഭാവനം ചെയ്ത വയനാട് പാക്കേജിൽ ഉൾപ്പെടുത്തി, മറ്റൊരു ജില്ലയിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് വളരെ വലിയൊരു തുക, ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധ കൂട്ടുകെട്ടിലൂടെ അനർഹമായി അനുവദിപ്പിച്ചെടുക്കുകയായിരുന്നു എന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച വിശദീകരണത്തിൽ പദ്ധതിപ്രകാരം വാണിജ്യാടിസ്ഥാനത്തിൽ കരുമുളക നഴ്സറി തുടങ്ങുന്നതിന് കർഷകർ മുന്നോട്ട് വരാത്ത സാഹചര്യത്തിലാണ് ശ്രീ. ജോണി അപേക്ഷ സമർപ്പിച്ചതെന്നും, മൂന്നു വർഷത്തേക്ക് സ്ഥലം പാട്ടത്തിനെടുത്തിട്ടുണ്ടെന്നും തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചതെന്നുമാണ് കൃഷി ഓഫീസറായ ശ്രീ. വിനോദ് അറിയിച്ചത്(പേജ്451). ഈ വാദം അംഗീകരിക്കാവുന്നതല്ല. കണ്ണൂർ ജില്ലയിലെ താമസക്കാരനായ വ്യക്തി ആ ജില്ലയിൽ നടത്തുന്ന നഴ്സറിക്കായി പാട്ടത്തിനെടുത്ത സ്ഥലത്ത് നിർമിച്ച ഒരു താൽക്കാലിക ഷെഡിൽ സംഭരിച്ചു വെച്ചിരിക്കുന്ന തിപ്പലിത്തൈകൾക്ക്, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ചത് അംഗീകരിക്കാൻ സാധ്യമല്ല. മാത്രമല്ല തൈകൾ വാങ്ങിയതായി കാണിച്ച് 500000 രൂപയുടെ ഒരു വ്യാജ ബില്ല് സമർപ്പിച്ചാണ് ശ്രീ. ജോണി 275000

രൂപ സബ്സിഡി നേടിയെടുത്തത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ബാബു അലക്സാണ്ടർ കൂടി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തനിക്ക് ധനസ ഹായം അനുവദിച്ചതെന്ന് ഗുണഭോക്താവ് സ്ക്വാഡിനെ അറിയിച്ചിട്ടുണ്ട് (അനുബന്ധം) മാനദണ്ഡങ്ങൾ പൂർണമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച് സബ്സിഡിക്കായി ശുപാർശ ചെയ്യേണ്ട ഉത്തരവാദിത്തം അതതു കൃഷി ഓഫീസർമാർക്കാണെന്നും, പ്രസ്തുത കർഷകൻ സുഗന്ധ ദ്രവ്യങ്ങൾക്കുള്ള തൈകൾ കൃഷി ചെയ്തു കൊണ്ടിരിക്കുന്ന പ്രമുഖ കർഷകരിൽ ഒരാളാണെന്ന് പരക്കെ അറിവുള്ളതാണെന്നുമുള്ള ഒരു മറുപടിയാണ് ഇക്കാര്യത്തിൽ ശ്രീ. ബാബു അലക്സാണ്ടർ നൽകിയത്. ഇത്രയും വലിയ തുകക്കുള്ള സബ്സിഡി അനുവദിക്കുമ്പോൾ അത് നേരിട്ട് പരിശോധന നടത്തേണ്ട ഉത്തരവാദിത്തം കൂടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്. ഈ സാഹചര്യത്തിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കരുമുളക് നഴ്സറിക്കായി CB No. 178/2016-17 പ്രകാരം ശ്രീ. ജോണി പാമ്പാടിയിൽ എന്നയാൾക്ക് അനുവദിച്ച 275000 രൂപ ടിയാളിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുക ടിയാളിൽ നിന്നും ഈടാക്കാനാകാത്തപക്ഷം ടി തുക കൃഷി ഓഫീസറായ ശ്രീ. വിനോദിന്റെയും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ബാബു അലക്സാണ്ടറിന്റെയും വ്യക്തിഗത ബാധ്യതയായി കണക്കാക്കി തുല്യമായി അവരിൽനിന്നും ഈടാക്കേണ്ടതാണ്.

iv) ധനസഹായവിതരണത്തിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ്

മാനന്തവാടി കൃഷി ഓഫീസിൽ നിന്നും മുൻകാലങ്ങളിൽ സമർപ്പിക്കപ്പെട്ട ക്ലെയിമുകളുടെ കേവലപരിശോധനയിൽത്തന്നെ നിരവധി പേർക്ക് ഒരേ ക്ലെയിമിൽ ഒന്നിലധികംതവണ ധനസഹായം അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്. അപ്രകാരം അനുവദിച്ചതായി കണ്ടെത്തിയ 80020 രൂപയുടെ വിവരങ്ങൾ താഴെകൊടുക്കുന്നു (അനുബന്ധം 3)

ക്രമ നമ്പർ	ഗുഭോക്താവിന്റെ പേര്	അക്കൗണ്ട് നമ്പർ	അധികമായി അനുവദിച്ച തുക	പദ്ധതി
1	ഹംസ.ടി	0248101006291	710	Development of spices 15-16
2	ജോർജ്	10438	800	Development of spices 16-17
3	ജോസഫ്.കെ.സി	10479	800	
4	മത്തായി.എം.ഡി	42162200083790	800	
5	എബ്രഹാം.വി.എം.	42162210093620	800	
6	ഹംസ	0248101006291	210	
7	പളനിസ്വാമി	942	750	
8	രാമചന്ദ്രൻ	1965	1950	
9	മത്തായി.വി.ഡി	2700	1290	
10	ശിവരാജൻ.കെ.കെ	3126	300	
11	തോമസ്.എം	4000	630	

12	പവനൻ.കെ	5439	570	
13	സനൽ കമാർ	6607	705	
14	രാഘവൻ നായർ	9289	450	
15	വെങ്കിട്ടൻ	9513	750	
16	ജനാകി അക്കമ്മ	10536	300	
17	മത്തായി.കെ.കെ	10716	1110	
18	കൃഷ്ണൻ.എ.പി	11593	1425	
19	പൗലോസ്	11625	660	
20	ജോർജ്.കെ.യു	12977	300	
21	ജോസ്.കെ.ജെ	14125	750	
22	ബിന്ദു.കെ.ആർ	16512	600	
23	ശാന്ത.എം.വി	16514	900	
24	ലില്ലി	16536	300	
25	ജ്യോതിഷ്	20125960629	420	
26	അബു	0248101017274	1155	
27	കര്യാക്കോസ്	1781101001968	300	
28	എൽസി തോമസ്	1781101003092	300	
29	പോൾ മാത്യൂ	14420100075567	270	
30	വർക്കി.കെ.വി	14420100087703	300	
31	ജോസഫ്.ടി.വി	42162200099548	570	
32	വത്സല.കെ	42162200099659	300	
33	ഭാർഗവി.കെ.എം.	42162200099697	120	
34	ബാലൻ.കെ.വി	13020100400725	300	
35	സോഫി മാത്യൂ	13571	1200	Sustainable Development of rice 16-17
36	പളനി സ്വാമി	942	2250	RKVY 16-17
37	രാമചന്ദ്രൻ	1965	5850	
38	മത്തായി.വി.ഡി	2700	3870	
39	ശിവരാജൻ.കെ.കെ	3126	900	
40	തോമസ്.എം.	4000	1890	
41	പവനൻ.കെ	5439	1710	
42	സനൽ കമാർ	6607	2115	

43	രാഘവൻ നായർ	9289	1350	
44	വെങ്കിട്ടൻ	9513	2250	
45	ജാനകി അക്കമ്മ	10536	900	
46	മത്തായി.കെ.കെ	10716	3330	
47	കൃഷ്ണൻ.എം.പി	11593	4275	
48	പൗലോസ്	11625	1980	
49	ജോർജ്.കെ.യു	12977	900	
50	ജോസ്.കെ.ജെ	14125	2250	
51	ബിന്ദു.കെ.ആർ	16512	1800	
52	ശാന്ത.എം.പി	16514	2700	
53	ലില്ലി	16539	900	
54	ജ്യോതിഷ്	20125960629	1260	
55	അബു	0248101017274	3465	
56	കര്യാക്കോസ്	1781101001968	900	
57	എൽസി തോമസ്	1781101003092	900	
58	പോൾ മാത്യു	14420100075567	810	
59	വർക്കി.കെ.വി	14420100087703	900	
60	ജോസഫ്.ടി.വി	42162200099548	1710	
61	വത്സല.കെ	42162200099659	900	
62	ഭാർഗവി.കെ.എം	42162200099697	360	
63	വാലൻ.കെ.വി	13020100400725	900	
64	സോഫി മാത്യു	13571	3600	
	ആകെ		80020	

അനർഹമായി അനുവദിക്കപ്പെട്ട മേൽപറഞ്ഞ തുകകൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിനും ,ഇതിനു സാധിക്കാത്ത പക്ഷം ടി തുക, ക്ലെയിം ശുപാർശ നൽകിയ കൃഷി ഓഫീസർമാരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

XV കൃഷി ഓഫീസുകളുമായി ബന്ധപ്പെട്ട പൊതു വിഷയങ്ങൾ

1) കൃഷി ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ പൊതുവായി കണ്ടിട്ടുള്ള അപാക തയാണ് ഒരു സ്കീമിലെ ഒരു ക്ലെയിമിൽത്തന്നെ ഒരേ ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ സഹായം അനുവദിക്കൽ എന്നത് . ശുപാർശകൾ തയ്യാറാക്കുമ്പോൾ ബോധപൂർവ്വമോ അല്ലാതെയോ സംഭവിച്ചിരിക്കുന്ന ഈ പിശക് വളരെ ഗൌരവമായി കാണേണ്ടതാണ്. ഓരോ കൃഷി ഭവനുകളിലെയും ക്ലെയിമുകൾ വിശദമായി പരിശോധിക്കുകയാണെങ്കിൽ വളരെ വലിയ തുക സർക്കാരിന്

ഈയിനത്തിൽ നഷ്ടപ്പെട്ടതായി കണ്ടെത്താൻ കഴിയും ഏതാനും കൃഷി ഭവനുകളിൽ കേവല പരിശോധന നടത്തിയപ്പോൾ തന്നെ നല്ലൊരു തുക ഇത്തരത്തിൽ നൽകിയത് തിരികെ ഈടാക്കാനുള്ളതായി കണ്ടെത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളിലും കഴിഞ്ഞ അഞ്ചു വർഷക്കാലം നടപ്പാക്കിയ പദ്ധതികളിൽ മേൽപ്പറഞ്ഞ തരത്തിൽ അനർഹമായി ധനസഹായം അനുവദിച്ച കേസുകൾ കണ്ടെത്തി ടി തുക തിരികെ ഈടാക്കാനുള്ള നിർദേശം നൽകേണ്ടതാണ്. കൃഷി ഓഫീസുകളിലെ നിലവിലുള്ള ഉദ്യോഗസ്ഥർ ആറു മാസത്തിനകം ഈ പരിശോധന പൂർത്തിയാക്കി ടി തുക ബന്ധപ്പെട്ട വ്യക്തികളിൽനിന്നും ഈടാക്കാനും, അങ്ങനെ ഈടാക്കാൻ കഴിയാത്ത സാഹചര്യം വരുന്ന പക്ഷം ടി ക്ലെയിമുകൾ ശുപാർശ ചെയ്ത കൃഷി ഓഫീസർമാരുടെ ബാധ്യതയായി കണ ക്കാക്കി അവരിൽ നിന്നും ടി തുക ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. മേൽ പരിശോധന സത്യസന്ധമായും, സമയബന്ധിതമായും നടക്കുന്നതിനായി, അനുവദിച്ച ആറു മാസക്കാലയളവിനുശേഷം ആഭ്യന്തര കണക്ക്പരിശോധനാ വിഭാഗമോ മറ്റു പരിശോധനാ വിഭാഗങ്ങളോ ഇത്തരത്തിലുള്ള അനർഹമായ ധനസഹായ വിതരണം കണ്ടുപിടിക്കുന്ന പക്ഷം, ടി തുക അനുവദിച്ച തീയതി മുതലുള്ള 18% പലിശ ഉൾപ്പെടെ മുഴുവൻ തുകയും മേൽപ്പറഞ്ഞ പരിശോധന നിർവഹിച്ച കൃഷി ഓഫീസർ, അഗ്രികൾച്ചർ ഫീൽഡ് അസിസ്റ്റന്റ് എന്നിവരുടെ വ്യക്തിഗതബാധ്യതയായി നിശ്ചയിച്ചുകൊണ്ട്, ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

2) കൃഷിഭവനുകൾ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളിലും, ധനസഹായ വിതരണത്തിലും നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾക്കെല്ലാം നിലവിൽ കൃഷി ഓഫീസർക്കാണ് പൂർണമായ ഉത്തരവാദിത്തം ചുമത്തപ്പെടുന്നത്. എന്നാൽ നിരവധി ചുമതലകളുടെ നിർവഹണത്തിനിടയിൽ എല്ലാ നടപടിക്രമങ്ങളും പൂർണമായി പാലിച്ചു കൊണ്ടാണ് തുക നൽകപ്പെടുന്നത് എന്ന് ഉറപ്പുവരുത്താൻ ഈ ഓഫീസർമാർക്ക് കഴിയാറില്ല. പാർട്ട് ടൈം സ്വീപ്പർമാരെ ഉൾപ്പെടെ ഉപയോഗപ്പെടുത്തിയാണ് ഓഫീസിലെ ചുമതലകൾ നിർവഹിക്കപ്പെടുന്നത്.അതുകൊണ്ട് തന്നെ ഓഫീസിലെ ജീവനക്കാർ തയ്യാറാക്കുന്ന കണക്കുകൾ വിശ്വാസത്തിലെടുത്ത് ഒപ്പ് വെക്കുന്ന രേഖകളിലെ തെറ്റുകൾക്കു പോലും പലപ്പോഴും ബലിയാടാകുന്നത് കൃഷി ഓഫീസർമാരാണ്. ഈ സാഹചര്യത്തിൽ കൃഷി ഓഫീസ് മുഖാന്തിരം നടത്തുന്ന പദ്ധതി നിർവഹണത്തിലും ഓഫീസിലെ ധന വിനിയോഗത്തിലും സംഭവിക്കുന്ന പോരായ്മകൾക്ക് അഗ്രികൾച്ചർ ഫീൽഡ് അസിസ്റ്റന്റുമാർക്കുകൂടി ബാധ്യത വരുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഭാവിയിൽ ഓഫീസിലെ സാമ്പത്തിക കാര്യങ്ങളിൽ കൂട്ടുത്തരവാദിത്തം ഉണ്ടാകുന്നതിനും ഓഫീസ് നടപടി ക്രമങ്ങളിൽ മുഴുവൻ ഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനും സഹായകരമാവും.

3) നിത്യേന നിരവധി പൊതുജനങ്ങൾ ഉൾപ്പെടെ സന്ദർശിക്കുന്ന മാനന്തവാടി കൃഷിഭവൻ സ്ഥിതിചെയ്യുന്നത് മാനന്തവാടി നഗരസഭയുടെ മത്സ്യ മാംസ മാർക്കറ്റിനു സമീപമാണ്. പന്നി, കോഴി എന്നിവയുടെ മാംസം വിൽക്കപ്പെടുന്ന കടകൾക്ക് മുകളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ടുതന്നെ അസഹനീയമായ ദുർഗന്ധം കൊണ്ട് ഈ ഓഫീസിൽ ജോലി ചെയ്യാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ജീവനക്കാരെ സംബ ന്ധിച്ച് ഈ ദുർഗന്ധം സഹിച്ചുകൊണ്ട് ഓഫീസിൽ വൈകുന്നേരം വരെ ജോലി ചെയ്യുകയെ ന്നത് വളരെ കഠിനവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്. കാര്യക്ഷമവും സുഗമവുമായി ജോലി ചെയ്യുന്നതിന് സഹായകരമാവുന്ന ഓഫീസ് അന്തരീക്ഷം ഒരുക്കിക്കൊടു ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത്രയും ശോചനീയമായ അവസ്ഥയിൽ സ്ഥിതി ചെയ്യുന്ന ഈ ഓഫീസ് സൌകര്യപ്രദമായ കെട്ടിടം കണ്ടെത്തി മറ്റൊരിടത്തേക്ക് മാറ്റാനുള്ള യാതൊരു നടപടിയും ഉയർന്ന തലത്തിൽ സ്വീകരിച്ചിട്ടില്ല. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഒരിക്കലെങ്കിലും ഈ ഓഫീസ് സന്ദർശിച്ചിരുന്നുവെങ്കിൽ ജീവനക്കാർ ശാരീരികവും മാനസികവുമായി അനുഭവിക്കുന്ന ഈ ദുരിതം കണക്കിലെടുത്ത് ഉടനടി തുടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. നിരവധി തവണ ഈ വിഷയം മേലുദ്യോഗ സ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും

Government of Kerala

No. 2205/FIW-G1/2017/FIN

Finance Inspection (NT-G) Department
Thiruvananthapuram
Date : 21-12-2018

നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്നാണ് കൃഷിഭവനിൽ നിന്നും അറിയാൻ കഴിഞ്ഞത്. പരിശോധനാ വേളയിൽ സന്നിഹിതരാ യിരുന്ന കർഷകരും ഇതു സംബന്ധിച്ച് പരാതിപ്പെടുകയുണ്ടായി. ഉയർന്ന ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള അലംഭാവം വളരെ ഗൌരവമായി കാണേണ്ടതും, വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജീവനക്കാർക്ക് സുഗമമായി ജോലിചെയ്യുന്നതിനായി ടി ഓഫീസ് സൗകര്യ പ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

XVI. പൊതുനിരീക്ഷണങ്ങൾ.

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും ഇതിനു കീഴിലെ കൃഷി ഓഫീസുകളിലും നടത്തിയ വിശദമായ പരിശോധനകളിലും കർഷകരുമായി നേരിട്ട് സംവദിച്ചതി ൽനിന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലെ പദ്ധതി/ സ്കീമുകളുടെ രൂപീകരണം, പണമനുവദിക്കൽ, പദ്ധതി നിർവഹണം, ധനസഹായ വിതരണം മേൽനോട്ടം, രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, മുൻകൂർ തുകകളുടെ വിനിയോഗം എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങളുമായി ബന്ധപ്പെട്ട് നിരവധി പോരായ്മകൾ നിലനിൽക്കുന്നതായി സ്ക്വാഡിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരം കണ്ടെത്തലുകളും അവ സംബന്ധിച്ച ശുപാർശകളും താഴെ പറയുന്നു.

a) പദ്ധതി രൂപീകരണം

കാർഷികമേഖലയിലെ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് കാലാവസ്ഥയ്ക്കും പ്രാദേശിക വൈവിധ്യങ്ങൾക്കും പ്രധാന പങ്കുണ്ട്. ഇതിനാൽത്തന്നെ ഉചിതമായ സമയത്ത് ഉചിതമായ പദ്ധതികൾ നിർവഹണം നടത്തുന്നതിനായി മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജീവാണുവളങ്ങൾ പോലുള്ളവ ഉപയോഗിക്കുന്നത് പൂർണമായും കാലാവസ്ഥയെ ആശ്രയിച്ചാണ്. നിലവിൽ പല പദ്ധതികളും നിർവഹണം നടത്തുന്നതിനുള്ള നിർദേശം കൃഷി ഓഫീസുകളിലും മറ്റും ലഭിക്കുന്നത് സാമ്പത്തികവർഷാവസാനം മാത്രമാണ്. അനുവദിച്ച പണം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി, നടപ്പിലാക്കുന്നതിലുള്ള പ്രായോഗികത പോലും പരിഗണിക്കാതെ ഏതാനും പദ്ധതികൾ തട്ടിക്കൂട്ടുന്ന സാഹചര്യം നിലനിൽക്കുന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ സമയബന്ധിതമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതിനിർവഹണം ഗുണപരമായി നടത്താൻ സാധിക്കാതെ വരികയും സാമ്പത്തി കലക്ഷ്യം കൈവരിക്കുന്നതിനായി അനർഹരായ ഗുണഭോക്താക്കളെ വരെ ഉൾപ്പെടുത്തി പദ്ധതിതുക ചെലവഴിക്കുന്ന സാഹചര്യം നിലവിലുണ്ട്. മാർച്ച് മാസത്തിലെ അവസാന നാളുകളിൽ സാമ്പത്തിക ലക്ഷ്യം പൂർത്തീകരിക്കാൻ കൃഷിഓഫീസർമാർ നെട്ടോട്ടമോടുന്ന സാഹചര്യം അന്വേഷണ സമയത്ത് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

സാമ്പത്തിക ഭൌതിക ലക്ഷ്യങ്ങൾ നിർണയിച്ച് നൽകിക്കൊണ്ടുള്ള പദ്ധതി നിർവഹണ മാണ് നിലവിലുള്ളത്. കൃഷി ഡയറക്ടറേറ്റിനനുവദിക്കുന്ന വിഹിതം പ്രിൻസിപ്പൽ കൃഷി ഓഫീസു കൾക്ക് വീതിച്ചു നൽകുകയും അവിടെനിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിലേക്ക് നൽകുകയും ചെയ്യുന്നു. കൃഷി

അസിസ്റ്റന്റ് ഡയറക്ടർക്ക് ലഭിക്കുന്ന സാമ്പത്തിക ഭൌതിക ലക്ഷ്യങ്ങൾ പിന്നീട് കൃഷി ഓഫീസ് തലത്തിലേക്ക് വീതിച്ചുനൽകുകയും ചെയ്യുന്നു. ഇപ്രകാരം ലക്ഷ്യങ്ങൾ നിർണയിച്ച് നൽകുമ്പോൾ പലപ്പോഴും ഫലപ്രദമായി നടപ്പാക്കാനുള്ള സാധ്യതയും സമയവും മറ്റും പരിഗണിക്കപ്പെടുന്നില്ല.

ഈ സാഹചര്യത്തിൽ ഓരോ വർഷവും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ കാലേക്കൂട്ടി വിഭാവനം ചെയ്ത്, നിർവഹണ കലണ്ടർ മുൻകൂട്ടി തയ്യാറാക്കി, അതുപ്രകാരം സമയബന്ധി തമായി നിർവഹണം നടത്തുന്നതിനുള്ള ശ്രമം നടത്തേണ്ടത് അനിവാര്യമാണ്. അടുത്ത വർഷം നടപ്പിലാക്കാനുള്ള പദ്ധതികൾ മുൻ വർഷം തന്നെ ആസൂത്രണം ചെയ്ത്, അവ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ സാമ്പത്തിക വർഷാരംഭത്തിന് മുൻപേതന്നെ കൃഷിഓഫീസ് തലത്തിൽ വരെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ സമയബന്ധി തമായും, ഗുണപരമായും പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. കൂടാതെ ഓരോ കൃഷിഭവനു കളുടെയും പരിമിതികളും സാധ്യതകളും പരമാവധി പരിഗണിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്ര ണത്തിന് ഊന്നൽ കൊടുക്കേണ്ടതുമാണ്.

b) ഒരേയിനത്തിൽ ഒന്നിലധികം പദ്ധതികൾ

കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് പരിശോധിച്ചപ്പോൾ, ചില ഘടകങ്ങൾ ഒരേ സമയം പല പദ്ധതികളിൽ ഉൾപ്പെടുന്നതായി കാണുന്നുണ്ട്. കുരുമുളക് കൃഷി വികസനവുമായി ബന്ധപ്പെട്ട ഘടകങ്ങൾ വയനാട് പാക്കേജ്, സ്പൈസസ് ഡെവലപ്പ്മെന്റ് NMSA എന്നിങ്ങനെ ചില പദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്. ഇതുപോലെത്തന്നെ പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട് VDP, വയനാട് പാക്കേജ് തുടങ്ങിയ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്. ഇപ്രകാരം ഒരേ തരത്തിലുള്ള ധനസഹായം വിവിധ പദ്ധതികളിൽ കൂടി നൽകുമ്പോൾ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് സംഭവിക്കാനും അനർഹരായ ഗുണഭോക്താ ക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും കാരണമാവുന്നുണ്ട്. ജൈവഘടകങ്ങൾ നൽകുന്ന വയനാട് പാക്കേജ്, NASA തുടങ്ങിയ പദ്ധതികളിലും ഇത്തരം ഇരട്ടിപ്പിനു സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ഒരേ ലക്ഷ്യത്തിനു വേണ്ടി വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകുന്ന രീതി മാറ്റി പദ്ധതി ഘടകങ്ങളുടെ എണ്ണം കറയ്ക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞതിനു പുറമേ ചില പദ്ധതികളിൽ വ്യക്തിഗത സ്കീമുകൾക്ക് പല ഘട്ടങ്ങളായി ധനസഹായം അനുവദിക്കുന്നുണ്ട് 'ഓർഗാനിക് പെപ്പർ കൾട്ടിവേഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തി pepper Ist Year, IInd Year, III year എന്നിങ്ങനെ ധനസഹായം നൽകുന്നുണ്ട്. എന്നാൽ ഒന്നാം വർഷം നട്ട കുരുമുളക് തൈകൾ സംബന്ധിച്ച യാതൊരു തുടർ പരിശോധ നകളും നടത്താതെയാണ് രണ്ടാം വർഷവും മൂന്നാം വർഷവും ധനസഹായം അനുവദിക്കുന്നത്. ഇതു അർഹതയില്ലാത്ത ആളുകൾക്ക് ധനസഹായം ലഭിക്കുന്നതിന് കാരണമാ വുന്നു. ആയതിനാൽ വ്യക്തിഗത സ്കീമുകൾക്ക് രണ്ടും മൂന്നും ഘട്ടങ്ങൾ ഒഴിവാക്കി ഒറ്റത്തവണ സഹായം മാത്രം നൽകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

c) പദ്ധതി രൂപീകരണത്തിൽ കർഷകരുടെ പങ്ക്

പല പദ്ധതികളും പരിശോധിച്ചപ്പോൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുള്ള നിരവധി അപ്രായോഗിക നിർദേശങ്ങളുൾപ്പെടുത്തിയാണ് പദ്ധതികൾ രൂപീകരിക്കപ്പെടുന്നതും നിർവഹ ണത്തിനായി കൃഷിഭവനുകളിലേക്ക് നൽകുന്നതും എന്ന് കാണുന്നു. ഇതിൽ നിന്നും കാർഷികമേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിൽ കർഷക സമൂഹ ത്തിനും താഴെതട്ടിലുള്ള നിർവഹണ ഉദ്യോഗസ്ഥർക്കും കാര്യമായ പങ്കില്ല എന്നതാണ് മനസിലാകുന്നത്. പ്രാദേശികവൈവിധ്യങ്ങളും വിഭവസാധ്യതകളും പൂർണമായി കണക്കിലെടു ക്കാതെ,

സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ വിജയിക്കുന്ന പദ്ധതികൾ യാതൊരു മാറ്റങ്ങളും കൂടാതെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന പ്രവണത നിലവിലുണ്ട്. മറ്റു ജില്ലകളിൽ നടപ്പാക്കിയ 'സീറോ എനർജി കൂൾ ചേംബർ' എന്ന പദ്ധതി വയനാട് ജില്ലയുടെ കാലാവസ്ഥ കൂടി പരിഗണിക്കുമ്പോൾ ജില്ലയിൽ എത്രമാത്രം ആവശ്യമുണ്ട് എന്ന വസ്തുത വിമർശനാത്മ കമായി പരിശോധിക്കുന്നത് ഉചിതമായിരിക്കും. 15000 രൂപയോളം ധനസഹായം നൽകി നടപ്പാക്കുന്ന ഈ പദ്ധതി ഗുണപരമായി ഉപയോഗിക്കുന്നവർ വളരെ കുറവാണെന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ നിർമാണത്തിന് ഉപയോഗിച്ച ഇഷ്ടികകൾ സബ്സിഡി ലഭിച്ച ശേഷം പൊളിച്ചെടുത്ത് മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചതായി ചില കൃഷി ഓഫീസർമാർ തന്നെ പറയുകയുണ്ടായി. നിർവഹണത്തിന്റെ അടിസ്ഥാനതലമായ കൃഷി ഓഫീസിലെ ജീവനക്കാരുടെയും, കർഷകരുടെയും പ്രായോഗിക ബുദ്ധിമുട്ടുകൾപോലും കണക്കി ലെടുക്കാതെയുമുള്ള പദ്ധതി രൂപീകരണരീതിയിൽ മാറ്റം വരുത്തുന്നത് കൃഷി വകുപ്പിന്റെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാവുന്നതിനും സഹായകരമാവുന്നതാണ്. ആയതിനാൽ വരും വർഷങ്ങളിൽ പ്ലാനിംഗ് ബോർഡ് പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ കാർഷികമേഖലയിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവർക്ക് പുറമേ വിവിധ ജില്ലകളിലെ അനുഭവജ്ഞാനമുള്ള മികച്ച കർഷകരെയും, താഴെതട്ടിൽ നിർവഹണം നടത്തുന്ന വിദഗ്ദരായ കൃഷി ഓഫീസർമാരെയും പരമാവധി ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നത് ഏറെ ഗുണകരമായിരിക്കും.

d) നിഷ്ക്രിയമാക്കപ്പെടുന്ന സാങ്കേതിക വൈദഗ്ദ്ധ്യം

കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ വിജ്ഞാന വ്യാപന പ്രവർത്തന ങ്ങൾ നടത്തുകയെന്ന ഉദ്ദേശത്തോടെയാണ് കൃഷി ഓഫീസർ, കൃഷി ഫീൽഡ് അസിസ്റ്റന്റ് എന്നിവരെ നിയമിക്കുന്നത്. ഉന്നത സാങ്കേതിക പരിജ്ഞാനം നേടി ഉയർന്ന ശമ്പളത്തോടുകൂടി സർവീസിൽ നിയമിക്കപ്പെടുന്ന കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടുന്നതിനുപകരം ദൌർഭാഗ്യവശാൽ ഓഫീസിലെ കേവലം ഗുമസ്തപ്പ ണികൾ ചെയ്യാനായി ഭൂരിഭാഗം സമയവും ചെലവഴിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള പല ഉദ്യോഗസ്ഥരും സർവീസിൽ പ്രവേശിച്ച് ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ ഒരു ടെക്നോക്രാറ്റ് എന്നതിൽ നിന്നും കേവലം ക്ലറിക്കൽ ഉദ്യോഗസ്ഥൻ എന്ന തലത്തിലേക്ക് ചുരുങ്ങുന്നു എന്നതാണ് വസ്തുത. വിവിധ സ്കീമുകളുമായി ബന്ധപ്പെട്ട് നിരവധി കരാർ ജീവനക്കാർ ഫീൽഡ് തലത്തിലെ പ്രവർത്തനങ്ങൾക്കായി നിയമി ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നിർവചിക്കപ്പെട്ട യാതൊരു ഉത്തരവാദിത്തവും ഇവർക്ക് ഇല്ലാത്തതു കൊണ്ടുതന്നെ ഇത്തരം ജീവനക്കാരെകൊണ്ട് പ്രത്യേകിച്ച് നേട്ടമൊന്നും ഈ മേഖലയിൽ ഉണ്ടാകുന്നില്ല എന്നാണ് കാണുന്നത്. മറിച്ച് ഓഫീസുകളിലെ ക്ലറിക്കൽ ജോലികൾക്ക് സഹായ കരമായ രീതിയിൽ പ്രോജക്ടുകളിലെ കരാർജീവനക്കാരെ നിയമിക്കുന്നതിനും കൃഷിഓഫീസ ർമാരെയും അസ്സിസ്റ്റന്റുമാരെയും ടെക്നിക്കൽ/ പ്രൊഫഷനൽ മേഖലയിലുന്നിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗിക്കത്തക്കവിധത്തിൽ പുനക്രമീകരണം നടത്തുന്നതിന്റെ സാധ്യതയും പരിശോധിക്കേണ്ടതാണ്. കൂടാതെ വകുപ്പിന്റെ ജില്ലാ ഓഫീസുകൾ ഉൾപ്പെടെയുള്ള ഉയർന്ന ഓഫീസുകളിലെ ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി അവരെ പരമാവധി കൃഷി അസിസ്റ്റന്റ് ഡയറക്ടർ/കൃഷി ഓഫീസ് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യതയും കൃഷി വകുപ്പിന്റെ പുന:സംഘടന നടക്കുന്ന അവസരത്തിൽ പുന: പരിശോധിക്കേണ്ടതാണ്.കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ (ബ്ലോക്ക് തലം) കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത് കൃഷി ഭവൻ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായും സുതാര്യമായും നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ അസിസ്റ്റന്റ് ഡയറക്ടർക്ക് സാധിക്കുന്നതായിരിക്കും.

e) പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള അനന്തമായ കാലതാമസം

വിവിധ കൃഷിഭവനുകളിലെ പരിശോധനകളിൽനിന്നും വിവിധ പരിശീലനങ്ങൾ, പഠന യാത്രകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയൊന്നും അനുവദിച്ച വർഷങ്ങളിൽ ഒരിക്ക ൽപ്പോലും സമയബന്ധിതമായി നടന്നിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ നടത്താൻ നിർദേശിച്ചിട്ടുള്ള പല പരിപാടികളും നടത്താതെയും, നടത്തിയവതന്നെ അകാല ത്തിൽ സംഘടിപ്പിക്കുന്ന വഴിപാട് പരിപാടികളാണെന്നുമാണ് മനസ്സിലായിട്ടുള്ളത്. അടിച്ചേൽപ്പി ക്കപ്പെടുന്ന പല പരിപാടികളും എങ്ങിനെയെങ്കിലും തട്ടിക്കൂട്ടി അനുവദിച്ച പണം മുഴുവനും കൈപ്പ റ്റുന്ന സാഹചര്യവും കാണുന്നുണ്ട്. മുൻവർഷങ്ങളിൽ പല ഇനത്തിലും ലഭിച്ച തുകകൾ ഒന്നുകിൽ കൃഷിഭവന്റെ പേരിലുള്ള അക്കൌണ്ടുകളിലോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ കൈവശമോ സൂക്ഷിക്കുന്നതായി കാണുന്നുണ്ട്. ഇത്തരം തുകകളുടെ വിനിയോഗവും, കണക്കുകളുടെ ക്രമീകര ണവും സമയബന്ധിതമായി നടത്തിയെന്നുറപ്പുവരുത്തുന്നതിനുള്ള യാതൊരു ശ്രമവും ഉയർന്ന തലത്തിൽ ഉണ്ടാവുന്നില്ല. പല മുൻകൂർതുകകളും നേരിട്ട് അക്കൌണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടു ന്നതിനാൽ കൃഷി ഓഫീസർമാരിൽ പലരും തുക ലഭിച്ച വിവരം അറിയാത്ത സാഹചര്യവുമുണ്ട്.

2017-18 വർഷത്തിൽ മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽനിന്നും അനുവദിച്ച തുകകളിൽ 520454 രൂപ യാതൊരു പ്രവർത്തനവും നടത്താതെ വിവധ കൃഷി ഭവനുകളുടെ അക്കൌണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. സാമ്പത്തിക വർഷം അവസാനിച്ച് രണ്ടു മാസം പിന്നിട്ടിട്ടും ടി തുകകൾ തിരികെ ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരി ച്ചിട്ടില്ല. ജില്ലയിലെ മറ്റു കൃഷിഭവനുകളുടെ സ്ഥിതിയും വിഭിന്നമാവാൻ സാധ്യത യില്ല. മുൻകൂർതുക കൾ അനുവദിക്കുമ്പോൾ ടി തുകയുടെ വിനിയോഗം സംബന്ധിച്ച കണക്കുകൾ തുക അനുവദിച്ച തീയതി മുതൽ മൂന്നു മാസത്തിനകം ക്രമീകരിക്കണമെന്നും, അല്ലാത്തപക്ഷം അനുവദിച്ച മുഴുവൻ തുകയും 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ് എന്നും ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ 2017-18 വർഷത്തിൽ അനുവദിച്ച മേൽപറഞ്ഞ തുകകൾ അതാത് കൃഷി ഓഫീസർമാരിൽനിന്നും 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഭാവിയിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കി കണക്കുകൾ ക്രമീകരിക്കുന്നതിനായി, മുൻകൂർ തുകകളുടെ ക്രമീകരണം സംബന്ധിച്ച 04/10/2011 തീയതിയിലെ G.O(P)No.419/11/Fin ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദേശം നൽകേണ്ടതാണ്.

f) പ്രകൃതിക്ഷോഭത്താൽ കൃഷി നശിക്കുന്നതിനുള്ള ധനസഹായം.

പ്രകൃതിക്ഷോഭത്താൽ സംഭവിക്കുന്ന കൃഷിനാശം ഒരു കർഷകനിൽ മാനസികമായും സാമ്പ ത്തികമായും കനത്ത ആഘാതമാണ് ഏൽപ്പിക്കുന്നത്.ഒരു വർഷത്തെ മുഴുവൻ അധ്വാനവും പാഴായിപ്പോകുമ്പോൾ അയാൾക്കുള്ള ഏക ആശ്രയം സർക്കാരിന്റെ സമയോചിതമായ ഇടപെ ടലിലൂടെ സമയബന്ധിതമായി കിട്ടുന്ന സാമ്പത്തിക സഹായമാണ്. എന്നാൽ പലപ്പോഴും പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി സംഭവിക്കുന്ന കൃഷിനാശങ്ങൾക്കുള്ള ധനസഹായം ലഭിക്കു ന്നതിന് വളരെയധികം കാലതാമസമെടുക്കുന്നുണ്ട്. കൃഷിനാശം സംബന്ധിച്ച അപേക്ഷകളും രേഖകളും സമയബന്ധിതമായി സമർപ്പിച്ചില്ലെന്ന കാരണത്താൽ ഇൻഷുറൻസ് തുകയും മറ്റു ധനസഹായവും ലഭിച്ചില്ലെന്ന നിരവധി പരാതികൾ അന്വേഷണസമയത്ത് പല കർഷ കരും ഉന്നയിക്കുകയുണ്ടായി. കൃഷിനാശം സംഭവിച്ച് മാനസികമായി തകർന്നു നിൽക്കുന്ന ഒരു കർഷകനെ സംബന്ധിച്ച് അപേക്ഷകളും മറ്റു രേഖകളും ഉടനടി ലഭ്യമാക്കുക എന്ന കാര്യം വിഷമ കരമാണ്. ഇത്തരം സാഹചര്യങ്ങളിൽ ഫീൽഡ്തല ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള ഉത്തരവാദിത്തം ഏറ്റെടുത്ത് കൃഷിഓഫീസിലെ ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടതുണ്ട്.എന്നാൽ പലപ്പോഴും ഇത്തരം കാര്യങ്ങളിൽ സമയോചിതമായ ഇടപെടലുകൾ നടത്തുന്നതിന് പല ഉദ്യോഗസ്ഥരും വേണ്ടത്ര ജാഗ്രതപുലർത്താത്ത സാഹചര്യമുണ്ട്. പ്രകൃതിക്ഷോഭത്താൽ സംഭവിക്കുന്ന കൃഷിനാശം വിലയിരുത്തി, ശുപാർശ ചെയ്യുന്ന ധന സഹായം സംബന്ധിച്ച കൃത്യമായ വിവരം കർഷകരെ അറിയിക്കുന്ന രീതി ഒരു കൃഷിഭവനിലും

സ്വീകരിച്ചുവരുന്നില്ല എന്നാണ് മനസിലാകുന്നത്. കൃഷിനാശം സംഭവിച്ച് ഏറെക്കാലത്തി നുശേഷം ഘട്ടം ഘട്ടമായാണ് പദ്ധതിയിലെ ധനസഹായം അനുവദിക്കപ്പെടുന്നത്. ഇപ്രകാരം അനുവദിക്കുന്ന തുകകൾ കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടോയെന്നത് സംബ ന്ധിച്ച് കർഷകർക്ക് യാതൊരു വിവരവും ലഭിക്കുന്നില്ല. ഇതിനാൽത്തന്നെ ഇത്തരം തുകകളുടെ വിനിയോഗത്തിൽ ക്രമക്കേടുകൾക്ക് സാധ്യതയുണ്ട്. ഇങ്ങനെയൊരു സാഹചര്യം നിലനിന്നതി നാലാണ് ശ്രീ ബാബു അലക്സണ്ടറിന് ഈ ഇനത്തിലുൾപ്പെട്ട തുകയുൾപ്പെടെ ക്രമവിരുദ്ധമായി പിൻവലിക്കാൻ സാധിച്ചത്. ഈ സാഹചര്യത്തിൽ പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം സംബ ന്ധിച്ച അപേക്ഷകളും രേഖകളും തയ്യാറാക്കുന്നതിന് കർഷകർക്ക് ജീവനക്കാരുടെ സഹായം ഉറപ്പുവരുത്താനും, ഇത് സംബന്ധിച്ച വിലയിരുത്തലുകൾ ഒരു ക്ലിപ്തസമയത്തിനകം നടത്തു ന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അർഹതപ്പെട്ട ധനസഹായം കർഷകന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് വ്യക്തിഗതബാധ്യത വരുന്ന തരത്തിൽ ഉത്തരവുകൾ ഇക്കാര്യത്തിൽ പുറപ്പെടുവിക്കേണ്ടതാണ്

g) ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിലൂടെയുള്ള ധനസഹായ വിതരണം

സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിന് പല കർഷകരും ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഹാജരാക്കുന്ന സാഹചര്യവും നിലവിലുണ്ട്. ചില വ്യക്തികൾ ദേശസാൽകൃത ബാങ്കിലെയും സഹകരണ ബാങ്കിലെയും അക്കൗണ്ട് നമ്പറുകൾ നൽകി ഒരേ ക്ലെയിമിൽ ഒന്നിലധികം തവണ ധനസഹായം കൈപ്പറ്റിയ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് പല അക്കൗണ്ടുനമ്പർ നൽകുമ്പോൾ ഒരേ കർഷകൻ ഒന്നിലധികം അക്കൗണ്ടു കളിലേക്ക് അനർഹമായി പണം നൽകാനുള്ള സാധ്യതയും വരുന്നുണ്ട്. ഇത് പരിശോധിച്ച് കണ്ടെത്തൽ വളരെ ശ്രമകരമായ ജോലിയാണ്. അതുകൊണ്ടുതന്നെ ഇത്തരം പാകപ്പിഴകൾ ഒഴിവാക്കുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നതിന് സൗകര്യപ്രദമായ ഒരു ബാങ്ക് അക്കൗണ്ട് മാത്രം സ്വീകരിക്കാനുള്ള നിർദേശം നൽകേണ്ടതാണ്.

h) പദ്ധതി മേൽനോട്ടത്തിൽ മേലുദ്യോഗസ്ഥരുടെ അലംഭാവം.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിഭാവനം ചെയ്യുന്ന വിവിധ സ്കീമുകൾ/ പദ്ധതി കൾ ഏറ്റവും താഴെത്തട്ടിൽ നിർവഹണം നടത്തുന്നത് കൃഷി ഓഫീസുകൾ വഴിയാണ്. ഒരു കൃഷി ഓഫീസറും രണ്ടോ മൂന്നോ ഫീൽഡ് അസിസ്റ്റന്റുമാരുമാണ് ഓരോ കൃഷിഭവനിലുമുള്ളത്. ഈ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണം നടത്തി അർഹരായ ആളുകൾക്ക് ആനുകൂല്യങ്ങൾ നൽകു ന്നതിനായുള്ള ശുപാർശ കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസിലേക്ക് സമർപ്പിക്കുകയും ടി ഓഫീസിൽ നിന്നും കർഷകരുടെ അക്കൗണ്ട് വഴി ധനസഹായം നൽകുകയുമാണ് ചെയ്യുന്നത്. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരമാണോ പദ്ധതി നടപ്പാക്കിയിരിക്കുന്ന തെന്നും, ഫീൽഡ് തലത്തിൽ ഈ പദ്ധതികൾ നിർവഹിക്കപ്പെട്ടിട്ടുണ്ടോ എന്നുമുള്ള തുടർപരി ശോധന കളും വിലയിരുത്തലുകളും കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുതൽ മുകളിലുള്ള ഉദ്യോഗസ്ഥരാണ് നടത്തേണ്ടത്. ഇത്തരത്തിൽ സമയബന്ധിതമായ പരിശോധനകളിലൂടെയും വിലയി രുത്തലുക ളിലൂടെയും മാത്രമേ കാര്യക്ഷമമായ പദ്ധതി നിർവഹണത്തിലൂടെ പദ്ധതിലക്ഷ്യങ്ങൾ കൈവരിക്കു ന്നതിന് സാധ്യമാവുകയുള്ളൂ. എന്നാൽ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസു മായി ബന്ധപ്പെട്ട് ഇത്തരത്തിൽ മേലുദ്യോഗസ്ഥരുടെ പരിശോധനകളൊന്നും കാര്യക്ഷമമായി നടന്നിട്ടില്ല എന്നതാണ് വസ്തുത. നടപ്പിലാവാത്ത പദ്ധതികളുടെ പേരിൽ, ലഭിക്കാത്ത ക്ലെയിമുകൾ ലഭിച്ചതായി കാണിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽനിന്നും ബാങ്ക് അക്കൗണ്ടിൽ മാറിയിട്ടുന്ന തുകകൾ പിന്നീട് എപ്രകാരമാണ് വിനിയോഗിക്കപ്പെടുന്നുവെന്ന കാര്യം ഒരുയർന്ന ഉദ്യോഗസ്ഥനും പരി ശോധിക്കുന്നില്ല എന്നതാണ് വസ്തുത. ജില്ലയിൽ കൈവരിച്ച കാർഷിക പുരോഗതി കണക്കാ ക്കുന്നതിന് ഭൗതിക

നേട്ടങ്ങൾ കൈവരിക്കാതെ, പണം ബാങ്കിൽ നിക്ഷേപിച്ച് സാമ്പത്തിക ലക്ഷ്യം നേടിയതായി കാണിച്ച് സർക്കാരിനെ പദ്ധതിപുരോഗതി കൈവരിച്ചുവെന്ന് തെറ്റിദ്ധരി പ്പിക്കുകയാണ് ജില്ലയിലെ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ചെയ്തിട്ടുള്ളത്.മാനന്തവാടി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ് മുഖേന മുൻവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൗതി കലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടവ സംബന്ധിച്ചുള്ള ചില കണക്കുകൾ മുൻഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുൻവർഷങ്ങളിൽ ജില്ലയിലാകെ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഭൗതിക ലക്ഷ്യം കൈവരിക്കാതെ പരാജയപ്പെട്ടവയുടെ വിശദമായ കണക്ക കൾ ശേഖരിക്കുകയാണെങ്കിൽ സർക്കാരിനുണ്ടായ പാഴ് ചെലവിന്റെ കണക്കുകൾ ഞെട്ടിപ്പിക്കുന്നതായിരിക്കും.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ഫെഡറൽ ബാങ്കിന്റെ മാനന്തവാടി ശാഖയിലുള്ള 14420200003568 നമ്പർ കറന്റ് അക്കൗണ്ടിൽ, കൃഷിഓഫീസർമാരുടെ ശുപാർശകളില്ലാതെ മാറി നിക്ഷേപിച്ചതുൾപ്പെടെയുള്ള 11533329.14 രൂപ ഇപ്പോഴും നീക്കിയിരിപ്പുണ്ട്. ശ്രീ. ബാബു അലക്സാണ്ടർ അനധികൃതമായി പിൻവലിച്ച തുകയും കൂടി ചേരുമ്പോൾ രണ്ടുകോടിയോളം രൂപ ഇപ്രകാരം ക്രമവിരുദ്ധമായി ട്രഷറിൽ നിന്ന് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്ക പ്പെട്ടതിൽ ബാക്കിനിൽക്കുന്നതായി കാണാവുന്നതാണ്. വിവിധ പദ്ധതി/ സ്കീമുകളിലായി മാനന്ത വാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിലെ ആയിരക്കണക്കിന് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച രണ്ടുകോടിയോളം രൂപ പിൻവലിച്ചതിന് ശേഷം വിതരണം ചെയ്യാതിരു ന്നിട്ടുപോലും, യാതൊരു നടപടിയും ഉയർന്ന തലത്തിൽ സ്വീകരിച്ചിട്ടില്ല. സുൽത്താൻ ബത്തേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ മേൽപ്പ റഞ്ഞ രീതിയിൽ കർഷകർക്ക് വിതരണം ചെയ്യാതെ സൂക്ഷിച്ച 24,44,528 രൂപയും പനമരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ച 7,80,486 രൂപയും ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡിന്റെ പരിശോധന ആരംഭിച്ചതിനു ശേഷം സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്. സമാനരീതിയിൽ 54,85,690 രൂപ കൽപ്പറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്ന കാര്യം കൃഷിവകുപ്പിന്റെ ആഭ്യന്തര പരിശോധ നാവിഭാഗം കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്(പേജ് 569). ടി തുക തിരിച്ചടക്കാനുള്ള യാതൊരു നടപടിയും നാളിതുവരെ നടത്തിയിട്ടില്ല എന്നാണ് കാണുന്നത്.

വയനാട് ജില്ലയിലേക്ക് വിവിധ കാലങ്ങളിൽ അനുവദിച്ച തുകകളിൽനിന്നും കോടിക്ക ണക്കിനു രൂപ സർക്കാർ മാർഗ നിർദേശങ്ങൾക്കനുസരിച്ച് പദ്ധതി നിർവഹണം നടത്താതെ, ട്രഷറിയിൽനിന്നും ചട്ടവിരുദ്ധമായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് വർഷങ്ങ ളോളം സൂക്ഷിക്കുകയായിരുന്നു എന്നതിൽനിന്നും കേരളത്തിലാകമാനം കൃഷിവകുപ്പിന്റെ ഓഫീസു കളിൽ ഇത് സംബന്ധിച്ച് ഒരു പരിശോധന നടത്തുകയാണെങ്കിൽ ലഭിക്കുന്ന കണക്കുകൾ ഞെട്ടിപ്പിക്കുന്നതായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. സഹായം ലഭിക്കേണ്ട കർഷകർക്ക് സമയബന്ധിതമായി സഹായം ലഭിക്കാതെ നെട്ടോട്ടമോടുമ്പോൾ, അവർക്കിടയിൽ സജീവ മായി ഇടപെട്ടു അർഹതപ്പെട്ട സഹായം സമയബന്ധിതമായി ലഭിച്ചു വെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും കൃഷി ഓഫീസുകളിലും വഴിപാട് പരിശോധനകൾ മാത്രം നടത്തി, ജില്ലാ ഓഫീസുകളിൽ ഇരുന്നു കടലാസ് കണക്കുകളുണ്ടാക്കി വകുപ്പിനെയും സർക്കാരി നെയും കബളിപ്പിക്കുകയും, കർഷകർക്കുള്ള സഹായം ബാങ്കിൽ നിന്നും തട്ടിയെടുക്കാൻ ബാബു അലക്സാണ്ടറിനെപോലെയുള്ളവർക്ക് ഒത്താശ ചെയ്യുകയുമായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഇതുകൊണ്ടുതന്നെയാണ് പദ്ധതി നിർവഹണം നടത്താതെ കോടിക്കണക്കിനു രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് സാമ്പത്തിക ലക്ഷ്യം കൈവരിച്ചതായ തെറ്റായ റിപ്പോർട്ട് നൽകി, ബാങ്കിൽ നിന്നും ഭീമമായ തുക അനധികൃതമായി കൈക്കലാക്കിയ കാര്യം ഒരു പരിശോധനയിലും കണ്ടെത്താതെ, മികച്ച പ്രവർത്തനത്തിന് ശ്രീ.ബാബു അലക്സാ ണ്ടറിന്

സംസ്ഥാനസർക്കാരിന്റെ അവാർഡുൾപ്പെടെ ലഭിക്കാൻ അവസരമൊരുക്കിയിട്ടുള്ളത്. 2016-17 ൽ പച്ചക്കറി വികസന പദ്ധതിയിൽ സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനവും(പേജ് 459) 2014-15 ൽ 'First Prize for Best Extension Functionary(ADA) in Wayanad District under the Scheme for Development of Vegitables' (പേജ്436), 2015-16 ൽ 'Second Best Extension Functionary(ADA) in Wayanad District under the Scheme Strengthening of Agricultural Extension'(പേജ്457) 2016-17ൽ 'First Prize for Best Extension Functionary(ADA) in Wayanad District under the Scheme for Development of Vegitables' (പേജ് 458) എന്നീ ജില്ലാ തല അവാർഡുകളും ശ്രീ. ബാബു അലക്സാണ്ടറിന് ലഭിച്ചിട്ടുണ്ട്. കൃത്രിമ കണക്കുകൾ തയ്യാറാക്കി സാമ്പത്തികലക്ഷ്യങ്ങൾ കൈവരിച്ചതായി കാണിച്ച് സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ടിയാന് നൽകിയ മേൽപ്പറഞ്ഞ അവാർഡുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ സ്കീമുകളുടെയും ചുമതലയുള്ള ഡെപ്യൂട്ടി ഡയരക്ടർമാർ വർഷത്തിൽ ഒരു തവണ പോലും കീഴോഫീസുകളിൽ പരിശോധന നടത്തിയിട്ടില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. തുക ലാപ്സായിപ്പോകാതിരിക്കാൻ കൃഷിവകുപ്പിലെ മേലുദ്യോഗസ്ഥരുടെ വാക്കാലുള്ള നിർദേശ പ്രകാരം പണം മാറി ബാങ്കിൽ നിക്ഷേപിക്കുന്ന രീതി ഉണ്ടായിരുന്നു എന്നും, അർഹരായ കർഷകരുടെ അഭാവം കൊണ്ടാണ് തുക വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്നും ശ്രീ ബാബു അലക്സാണ്ടർ തന്റെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്(പേജ്155). ഇതുകൊണ്ടുതന്നെ അർഹതപ്പെട്ട കർഷകർ ഇല്ലാതിരുന്നിട്ടും ഇപ്രകാരം ക്രമവിരുദ്ധമായി ട്രഷറിയിൽ നിന്നും ഭീമമായ തുകകൾ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കുന്നതിന് മേലുദ്യോഗസ്ഥർ നിർദേശിച്ച എന്ന വസ്തുത വളരെ ഗൗരവമായി കാണേണ്ടതാണ്.

വിവിധ പദ്ധതികൾക്കായി ഫണ്ട് അനുവദിക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന കണക്കുകൾ ഫീൽഡുതലത്തിൽ കൃത്യമായ പഠനം നടത്തിയല്ല തയ്യാറാക്കുന്ന തെന്ന് വ്യക്തമാണ്. പല സ്കീമുകളിലും ജില്ലയിൽ നിർണയിച്ച നൽകുന്ന സാമ്പത്തികലക്ഷ്യത്തി നാനുപാതികമായ വിസ്തൃതിയിൽ കൃഷികൾ നടത്തുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മേലുദ്യോഗ സ്ഥരുടെ തിട്ടൂരത്തിൽ ഭയന്ന്, അനുവദിച്ച തുകക്കാനുപാതികമായി കണക്കുകൾ തയ്യാറാക്കി നൽകുന്ന കണക്കപ്പിള്ളമാരുടെ ജോലിയാണ് പലപ്പോഴും കൃഷി ഓഫീസർമാർ നിർവഹി ക്കുന്നത്. മേലുദ്യോഗസ്ഥന്മാർ ഫോൺ മുഖാന്തിരം ആവശ്യപ്പെടുന്ന തരത്തിൽ കണക്കുകൾ ഉണ്ടാക്കിക്കൊടുക്കുന്ന ഈ ഉദ്യോഗസ്ഥർക്ക് കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കാനോ, അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാനോ സമയം കിട്ടുന്നില്ല എന്നതാണ് വസ്തുത. ആത്മ പ്രൊജക്ടിനു കീഴിൽ വരുന്ന നാമമാത്രമായ പദ്ധതികൾ നടപ്പാക്കാനായി മാത്രം ജോയിന്റ് ഡയറക്ടർ തസ്തികക്ക് സമാനമായ ഒരു പ്രോജക്ട് ഡയറക്ടറും, യഥാക്രമം ഡെപ്യൂട്ടി ഡയരക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾക്ക് സമാനമായി രണ്ടു ഡെപ്യൂട്ടി ഡയറക്ടർമാർ സീനിയർ സൂപ്രണ്ട്, ക്ലർക്ക് മറ്റു സാങ്കേതിക ജീവനക്കാർ എന്നിവരുൾപ്പെടുന്ന ഒരു സംവി ധാനം രൂപീകരിക്കപ്പെട്ടിട്ടും നടപ്പിലാക്കപ്പെടേണ്ട പദ്ധതികൾ ഗുണകരമായി നടപ്പിലാക്കപ്പെട്ടു ന്നില്ല എന്നതാണ് യാഥാർത്ഥ്യം. കേവലം അധിക തസ്തികകൾ സൃഷ്ടിക്കുക എന്നതിലുപരി മറ്റു പ്രയോജനങ്ങൾ ഇങ്ങനെ ഒരു ഓഫീസ് രൂപീകരിച്ചതുകൊണ്ട് ഉണ്ടെന്നും തോന്നുന്നില്ല. ഈ സാഹചര്യത്തിൽ താരതമ്യേന വളരെ ചെറിയ തുക മാത്രം കൈകാര്യം ചെയ്യാനായി വളരെ ഉയർന്ന തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം നടത്തുന്ന ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾ പുനക്രമീകരിക്കാനുള്ള സാധ്യതയും ഭരണവകുപ്പ് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

PAO ഓഫീസിൽ നിന്നും വിവിധ സ്കീമുകളുടെ മേൽനോട്ടച്ചുമതല ഡെപ്യൂട്ടി ഡയരക്ടർമാ ർക്ക് വീതിച്ച് നൽകുകയും ഓരോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനും ഓരോ നോഡൽ ഓഫീസറെ

ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഇവരൊന്നും തന്നെ ഫീൽഡ് തലത്തിൽ കാര്യക്ഷമമായ പരിശോധനകളോ സന്ദർശനങ്ങളോ നടത്താറില്ല എന്നാണ് സ്ക്വാഡിന്റെ അന്വേഷണത്തിൽ മനസിലായത്. ചെലവഴിച്ച തുകകളുടെ കണക്ക് ശേഖരിക്കുന്നതിലും, പ്രതിമാസ അവലോകന യോഗങ്ങളിൽ ടാർജറ്റും എക്സ്പെന്റിച്ചറും ചർച്ച ചെയ്യുന്നതിലും തീരുന്ന മേലുദ്യോഗസ്ഥരുടെ സൂപ്പർവൈസറി ഉത്തരവാദിത്തം എന്നതാണ് പരിശോധനയിൽ മനസ്സിലക്കാൻ കഴിഞ്ഞിട്ടുള്ളത്. ഡെപ്യൂട്ടി ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിലെ കൃഷി ഓഫീസുകളിൽ 2013 ജനുവരി മുതൽ 2017 ഡിസം ബർ വരെ നടത്തിയ സന്ദർശനങ്ങൾ സംബന്ധിച്ച കൃഷി ഓഫീസർമാരിൽ നിന്നും വിവരങ്ങൾ സ്ക്വാഡ് ശേഖരിച്ചതിൽ നിന്നും വളരെ നാമമാത്രമായ പരിശോധനകൾ മാത്രമേ ടി ഉദ്യോഗ സ്ഥർ നടത്തിയിട്ടുള്ളു എന്നാണ് കാണാൻ കഴിയുന്നത്.കേവലം 23 ഗ്രാമ പഞ്ചായത്തുകളും മൂന്ന നഗരസഭകളും മാത്രമുള്ള ജില്ലയിൽ ഓരോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനും ഒരു നോഡൽ ഓഫീസർ, വിവിധ സ്കീമുമായി ബന്ധപ്പെട്ട ഒന്നിധികം ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരുണ്ടായിരിക്കെ, വർഷത്തിൽ ഒരു തവണ പോലും ഇവർ എല്ലാ കൃഷിഭവനുകളിലും സന്ദർശനം നടത്തിയിട്ടില്ല എന്ന കാര്യം ഗൗരവമായി കാണേണ്ടതാണ്. VDPപദ്ധതിയിൽ പച്ചക്കറി ക്ലസ്റ്ററുകളുടെ പ്രവർത്തനം പരിശോധിക്കേണ്ട മേലുദ്യോഗസ്ഥരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ബാബു അലക്സാണ്ടറും, പരിശോധനാവേളയിൽ ഈ സ്കീമിന്റെ പ്രത്യേക ചുമതലയുണ്ടായിരുന്ന പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീമതി മെഹർബാനും ഒരിക്കൽപോലും ഇവയുടെ പ്രവർത്തനം സംബന്ധിച്ച് ഫീൽഡ് തലത്തിൽ പരിശോധനകൾ നടത്തിയിട്ടില്ല എന്നത് കുറ്റകരമായ അനാസ്ഥയാണ് . മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ വഴി ധനസഹായം നൽകിയ അർഹതയില്ലാത്ത സംഘങ്ങൾ, യാതൊരു പ്രവർത്തനം ആരംഭി ക്കാതിരുന്നിട്ടുപോലും റിവോൾവിംഗ് ഫണ്ട് എന്ന പേരിൽ വീണ്ടും ധനസഹായം അനുവദി ക്കുകയും ചെയ്തിട്ടുള്ളത് യാതൊരു പരിശോധനയും നടത്താതെയാണ്. മേൽപറഞ്ഞ ഉദ്യോഗ സ്ഥരുടെ സമയബന്ധിതമായ പരിശോധനകളുടെ അഭാവമാണ് തൊണ്ടർനാട് കൃഷിഭവനിൽ നിന്നും ധനസഹായം അനുവദിച്ച ഉദയം, പ്രിയങ്ക ക്ലസ്റ്ററുകളുടെ പണം ചില വ്യക്തികളും ഉദ്യോഗ സ്ഥരും ചേർന്ന് പങ്കിട്ടെടുക്കുന്ന സാഹചര്യമൊരുക്കിയത്. സ്ക്വാഡ് നേരിട്ട് പരിശോധന നടത്തിയതിൽ തവിഞ്ഞാൽ കൃഷി ഭവന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഇരുമനത്തൂർ ക്ലസ്റ്റർ മാത്രമാണ് അല്പമെങ്കിലും ഭേദപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നതായി കണ്ടെത്തി യിട്ടുള്ളത്. പച്ചക്കറി ക്ലസ്റ്ററുകളുടെ രൂപീകരണത്തിന് നൽകിയ ഭൗതികലക്ഷ്യങ്ങൾ കൈവരി ച്ചോയെന്ന പരിശോധന കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസ് എന്നിവിട ങ്ങളിൽ നിന്ന് നാളിതുവരെ നടത്തിയിട്ടില്ലെന്ന കാര്യം സ്ക്വാഡിന്റെ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ഈയിനത്തിൽ നൽകിയ സാമ്പത്തിക ലക്ഷ്യം കൈവരിച്ചതായി കാണിക്കുന്നതിനായി ക്ലസ്റ്ററുകളായി രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരിശോധനകൾ നടത്താതെ, ടി ക്ലസ്റ്ററുകളുടെ പേരിൽ തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത്.

വയനാട് പാക്കേജ് പദ്ധതിയിൽപെടുത്തി വിവിധ പ്രവർത്തനങ്ങൾക്കായി അനുവദി ക്കപ്പെട്ട പല തുകകളും ഇതേപ്രകാരം സാമ്പത്തികലക്ഷ്യം കൈവരിച്ചുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നല്ലാതെ നിർദേശിച്ച തരത്തിലുള്ള ഭൗതിക നേട്ടം കൈവരിച്ചോ എന്നുള്ള വിലയിരുത്തലുകൾ നടന്നിട്ടില്ല എന്നാണ് ഫീൽഡിൽ നടത്തിയ പരിശോധനകളിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ദ്രുതവാട്ട നിയന്ത്രണം, ജൈവ കുരുമുളക് കൃഷി, കുരുമുളക് ഏരിയ എക്സ്പാൻഷൻ, പഠനയാത്രകൾ, കുരുമുളക് നഴ്സറി, കുരുമുളക് സമിതികൾ തുടങ്ങിയ പല സ്കീമുകളിലും വലിയ തോതിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. വയനാട് പാക്കേജിന്റെ നിലവിലെ ചുമതലയുള്ള ശ്രീ. ഷാജി അലക്സാണ്ടറും പരിശോധനയുടെ കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മേൽപറഞ്ഞ സാമ്പത്തിക തട്ടിപ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും തനിക്ക് ചുമതലയുള്ള

സ്കീമിൽ യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ള ക്രമക്കേടിന്റെ വ്യാപ്തി മനസ്സിലാക്കാനുള്ള ശ്രമം പോലും ടിയാൻ നടത്തിയിട്ടില്ല.

മേൽപ്പറഞ്ഞത് പോലെ, മേലോഫീസുകളിൽ നിന്നുള്ള ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ രുടെ മേൽനോട്ടത്തിലെ വീഴ്ചയാണ് RKVY, ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി, സൌജന്യ വൈദ്യുതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസം എന്നിങ്ങനെയുള്ള സ്കീമുകളിൽ അനുവദിക്ക പ്പെട്ടതുൾപ്പെടെ ലക്ഷക്കണക്കിന് രൂപ കർഷകർക്ക് വിതരണം ചെയ്യാതെ ശ്രീ. ബാബു അലക്സാണ്ടർ തട്ടിയെടുക്കുന്നതിനുള്ള സാഹചര്യമൊരുക്കിയത്. സാമ്പത്തിക വർഷാവസാനം ചെലവുകൾക്ക് പണം തികയാതെ സർക്കാർ ബുദ്ധിമുട്ടു മ്പോൾ, വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാതെയും, ചെലവഴിക്കപ്പെടാത്ത തുകകൾ യഥാസമയം സർക്കാരിലേക്ക് തിരിച്ചടച്ച് അർഹതപ്പെട്ട മറ്റുവക പ്പുകൾക്ക് വിതരണം ചെയ്യാൻ അവസരമൊരുക്കാതെയും, അനാവശ്യമായി പണം ട്രഷറിയി ൽനിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് കാരണക്കാരായ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ, സർക്കാരിന്റെ വികസന പദ്ധതികൾ അക്ഷരാർഥത്തിൽ അട്ടിമറിച്ച് ജനങ്ങൾക്കുമുന്നിൽ സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. മേലുദ്യോഗസ്ഥർ നടത്തുന്ന പതിവ് പരിശോധനകളിൽ ബാങ്കിൽ പണം ചെലവഴിക്കപ്പെടാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടും, ആവശ്യമില്ലാത്ത തുകകൾ ഉടനെ തിരിച്ചടക്കാൻ നടപടി സ്വീകരിക്കണമെന്ന നിർദേശം പരിശോധനാ രജിസ്റ്ററിൽ എഴുതിവെക്കുന്ന ഒരു ചടങ്ങ് മാത്രം നിർവഹിച്ച് പോകുന്നതല്ലാതെ, ടി തുകകൾ സമയബന്ധിതമായി തിരിച്ചടക്കപ്പെട്ടുവെന്ന് തുടർ പരിശോധനകളിൽ ഉറപ്പുവരുത്തിയിട്ടില്ല. അത്തരം തുടർപരിശോധനകൾ നടത്തിയിരുന്നെങ്കിൽ ഇത്രയും ഭീമമായ തുക ശ്രീ. ബാബു അലക്സാണ്ടറിനു അനധികൃതമായി പിൻവലിക്കാൻ കഴിയുമായിരുന്നില്ല. മനപൂർവ്വമായി വീഴ്ച്ചക ളൊന്നും വരുത്തിയിട്ടില്ലായെന്നും ജോലിത്തിരക്കുകൾ കൃത്യമായി പരിശോധനകൾ നടത്താൻ കഴിയാതിരുന്നതെന്നുമുള്ള പൊതുവായ മറുപടിയാണ് ഇക്കാര്യത്തിൽ എല്ലാ മേലുദ്യോഗസ്ഥരും സമർപ്പിച്ചിട്ടുള്ളത്. ആവശ്യത്തിനു വാഹനങ്ങളും മറ്റു എല്ലാവിധ സൌകര്യങ്ങളും ഉണ്ടായിട്ടും തങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് അല്പം പോലും ആത്മാർത്ഥത കാണിക്കാത്ത ഈ ഉദ്യോഗസ്ഥർ ജില്ലയിൽ നടക്കേണ്ടുന്ന ഒട്ടനവധി കാർഷിക ക്ഷേമ പദ്ധതികൾ അട്ടിമറിച്ച് ശ്രീ. ബാബു അലക്സാണ്ടറിന് സാമ്പത്തിക തട്ടിപ്പിന് വഴിയൊരുക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണാവുന്നതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഈ കാലയളവുകളിൽ ജോലി ചെയ്ത ഉത്തരവാദപ്പെട്ട മുഴുവൻ ഓഫീസർമാരും ഈയൊരു തട്ടിപ്പിന് ഒരുപോലെ കുറ്റക്കാരാണെന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ ശ്രീ ബാബു അലക്സാണ്ടർ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല നിർവഹിച്ചിരുന്ന കാലയളവിൽ ടി ഓഫീസ് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികളുടെ മേൽനോട്ടച്ചുമതല നിർവഹിച്ചിരുന്ന ഉദ്യോഗസ്ഥർ, നോഡൽ ഓഫീസർമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ തുടങ്ങിയ മുഴുവൻ സൂപ്പർവൈസറി ഉദ്യോഗസ്ഥ ർക്കെതിരെയും കൃത്യനിർവഹണത്തിലെ വീഴ്ച്ചക്കെതിരെ മാതൃകാപരമായ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഏറെ കാർഷിക പ്രാധാന്യമുള്ള ജില്ലയെന്ന നിലയിൽ ഒട്ടനവധി വൈവിധ്യമാർന്ന കാർഷിക പദ്ധതികൾ നടപ്പാക്കാനായി വളരെ വലിയ തുകകൾ ജില്ലയിൽ അനുവദിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, ടി പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് അർപ്പണബോധവും കാര്യക്ഷമതയുമുള്ള ഉദ്യോഗസ്ഥരെ വയനാട് ജില്ലയിൽ നിയമിക്കുന്നതിന് ഭരണവകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഫീൽഡ് തലത്തിൽ സമയാസമയങ്ങളിൽ കർഷകർക്കും, കൃഷി ഓഫീസർമാർക്കും ആവശ്യമായ ഉപദേശനിർദേ ശങ്ങൾ നൽകുന്ന തരത്തിലുള്ള മികച്ച വഴികാട്ടിയായി സൂപ്പർവൈസറി ഉദ്യോഗസ്ഥരെ മാറ്റിയെടുക്കുന്നതിനാവശ്യമായ അടിയന്തരനടപടികളും സ്വീകരിക്കേണ്ടതാണ്.

i) ഓഫീസ് രേഖകൾ/രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും കൃഷി ഓഫീസുകളിലും രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നത് സംബന്ധിച്ച് സ്ക്വാഡ് പരിശോധിക്കുകയുണ്ടായി. ഇത്തരം ഓഫീസുകളിൽ സൂക്ഷിക്കേണ്ട പ്രാഥമിക രേഖകളായ ക്ലെയിം രജിസ്റ്റർ, സ്കീം രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ തുടങ്ങിയവ കൃത്യമായ രീതിയിൽ സൂക്ഷിക്കുന്നില്ല എന്നാണ് കാണുന്നത്. വിവിധ സ്കീമുകളിലായി ആനുകൂല്യങ്ങൾ നൽകിയ കർഷകരുടെ വിവരങ്ങൾ, കൃഷിഭവൻ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ രൂപീകരിക്കപ്പെട്ട കർഷക ഗ്രൂപ്പുകൾ/ ക്ലസ്റ്ററുകൾ, നൽകിയ ധനസഹായം തുടങ്ങിയ വിശദാംശങ്ങളൊന്നും പൂർണമായ രീതിയിൽ ഈ ഓഫീസുകളിൽ ലഭ്യമല്ല. മുൻവർഷങ്ങളിൽ സമർപ്പിച്ച ക്ലെയിമുകൾ പരിശോധിച്ചാണ് ഇവയെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ കണ്ടെത്തുന്നത്. പല സംഘങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പോലുമില്ല എന്നതാണ് വസ്തുത. സ്കീം രജിസ്റ്ററിൽ ഭൌതിക സാമ്പത്തിക ലക്ഷ്യങ്ങൾ സംബന്ധിച്ചും കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് പല അവസ രങ്ങളിലും വിത്തുകൾ, തൈകൾ തുടങ്ങിയവ കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്നതെന്നും ഓഫീസുകളിലേക്ക് ലഭിക്കുന്ന/ വാങ്ങിയ കമ്പ്യൂട്ടർ, ഫർണിച്ചറുകൾ എന്നിവ നമ്പർ രേഖപ്പെടുത്തി ഇവ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്നും വ്യക്തമായിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ കാഷ്ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെ ടുത്തുന്നില്ലായെന്നും, നിർദേശിക്കപ്പെട്ട രീതിയിലല്ല ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതിസൂക്ഷിക്കു ന്നതെന്നും കാണുന്നു. കുറിപ്പുഫയലുകൾ ഒരു ഓഫീസിലും തയ്യാറാക്കുന്നില്ല എന്നും ഇത് ഓഫീസ് നടപടിക്രമങ്ങളിൽ സുതാര്യതയില്ലായ്മക്ക് കാരണമാവുന്നുണ്ട് എന്നും വ്യക്തമാണ്. വളരെയധികം സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫിസുകളായതുകൊ ണ്ടുതന്നെ എല്ലാ രജിസ്റ്ററുകളും ഫയലുകളും ചട്ടപ്രകാരം എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ആയതി നാൽ മേൽപ്പറഞ്ഞ അപാകതകൾ പൂർണമായും പരിഹരിച്ചു കൊണ്ട് സർക്കാർ ഉത്തരവുക ൾക്കും നിർദേശങ്ങൾക്കുമനുസൃതമായി ഓഫീസുകളിൽ അവശ്യം വേണ്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിക്കുന്നതിനുള്ള കർശന നിർദേശം നൽകേണ്ടതാണ്.

j) ജീവനക്കാർക്കുള്ള പരിശീലനങ്ങളുടെ അഭാവം.

പരിശോധനാ കാലയളവിൽ അസിസ്റ്റന്റ് ഡയരക്ടർ ഓഫീസിലെ ജീവനക്കാർ, ആറു കൃഷി ഭവനുകളിലെയും കൃഷി ഓഫീസർമാർ ഉൾപ്പടെയുള്ള ജീവനക്കാർ എന്നിവരെ ചേർത്ത് പദ്ധതി നടത്തിപ്പുകളിൽ കണ്ടെത്തിയ പോരായ്മകളെക്കുറിച്ചും ഓഫീസ് നടപടിക്രമങ്ങളിൽ സംഭവി ച്ചിട്ടുള്ള വീഴ്ചകൾ സംബന്ധിച്ചും ബോധ്യപ്പെടുത്തുകയും, ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാ തിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഈ ഓഫീസുകളിലെ ജീവനക്കാർക്കൊന്നും നാളിതുവരെ സർവിസ് സംബന്ധമായി അവശ്യം ലഭിക്കേണ്ട യാതൊരു പരിശീലനങ്ങളും ലഭിച്ചിട്ടില്ല എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. സ്വയം ആർജ്ജിച്ചെടുത്ത അറിവുകളും, കണ്ടും കേട്ടും നേടിയെടുത്ത വിവരങ്ങളും ഉപയോഗിച്ചാണ് ഓഫീസ് നടപടികൾ പലരും നിർവഹിച്ചു വരുന്നത്. ഫയലുകളും കണക്കുകളും സൂക്ഷിക്കുന്നതിന്റെ ബാലപാഠങ്ങൾ പോലും പലർക്കും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മുൻകാലങ്ങളിലെ ഉദ്യോഗസ്ഥർ ചെയ്തു വെച്ചത്, തെറ്റാണെങ്കിൽപോലും തുടരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അഞ്ചു വർഷം കൊണ്ട് അറുപത് കോടിയിലധികം രൂപ ബാങ്ക് അക്കൌണ്ടിലൂടെ മാത്രം കൈകാര്യം ചെയ്യ പ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ കാഷ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കൽ,ക്ലെയിമുകളുടെ പരിശോധന, ട്രഷറി ബില്ലുകൾ തയ്യാറാക്കൽ തുടങ്ങിയ നിരവധി ജോലികൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന നിലവിലെ ക്ലാർക്ക്, 2013 ൽ സർവിസിൽ പ്രവേശിച്ച് രണ്ടു മാസത്തിന് ശേഷം ഈ ഓഫീസിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥനാണ്. ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്ന ഓഫീസിൽ, വേണ്ടത്ര പരിശീലനവും ലഭിക്കാത്തതുകൊണ്ട് തന്നെ വ്യക്തിഗത

ചെക്കുകളിലൂടെ പണം പിൻവലിക്കുന്നതിന്റെ അപകടം ടിയാന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് മനസിലാവുന്നത്. വ്യക്തിഗത ചെക്കുകളിലൂടെ പണം പിൻവലിച്ച കാര്യം ആഭ്യന്തര പരിശോധനാ വിഭാഗംപോലും മുഖവിലക്കെടുക്കാത്ത സാഹചര്യത്തിൽ ടി ജീവന ക്കാരനെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്താൻ കഴിയുകയില്ല. ഇങ്ങനെയാണെങ്കിൽക്കൂടി സഹപ്രവ ർത്തകയുമായി ഈ വിഷയം ചർച്ച ചെയ്യാനും, തുടർന്ന് ഇക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപെടുത്താൻ ടി ജീവനക്കാർ നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയമാണ്. സർവിസിൽ പ്രവേശിക്കുന്ന സമയത്ത് തന്നെ അവശ്യം വേണ്ടുന്ന പരിശീലനം ഈ ജീവനക്കാരന് ലഭിച്ചിരു ന്നുവെങ്കിൽ ഇത്രയും ഭീമമായ തട്ടിപ്പ് ഈ ഓഫീസിൽ സംഭവിക്കുമായിരുന്നില്ല.

ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തേണ്ടിവരുന്നുണ്ട്. ഇത്തരം ഉദ്യോഗസ്ഥരിൽ പലരുടെയും കർഷകരോടുള്ള സമീപനം മോശമാണെന്ന് കർഷകർ പരാതി പറഞ്ഞിട്ടുണ്ട്. സ്ക്വാഡ് വിളിച്ചു ചേർത്ത യോഗത്തിൽ നൽകിയ നിർദേശങ്ങളെത്തുടർന്ന് ഈ ഓഫീസുകളിലെ പ്രവർത്തനങ്ങളിൽ പ്രകടമായ മാറ്റ ങ്ങൾ വന്നതായി കാണുന്നു. ഇത് ജീവനക്കാർക്ക് നല്ലൊരു പരിശീലനം നൽകേണ്ടുന്ന ആവശ്യ കതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആയതിനാൽ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും, ഓഫീസ് രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, ധനവിനിയോഗത്തിൽ പാലിക്കേണ്ട ഉത്തരവുകൾ /ചട്ടങ്ങൾ എന്നിവ സംബന്ധിച്ചും, അതിലുപരി അവരെ ഒരു നല്ല പൊതുജനസേ വകനായി മാറ്റാനും കഴിയുന്ന തരത്തിൽ ഗുണമേന്മയുള്ള പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ഘട്ടംഘട്ടമായി മുഴുവൻ ഉദ്യോഗസ്ഥർക്കും മേൽപ്പറഞ്ഞ പരിശീലനങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

k) കരാർ/ദിവസവേതന ജീവനക്കാരുടെ നിയമനം

കൃഷിവകുപ്പിന്റെ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായും അല്ലാതെയും ഓഫീസുകളിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാർ നിയമിക്കപ്പെടുന്നുണ്ട്. സ്ഥിരം ജീവനക്കാരല്ലാത്ത തുകൊണ്ടും, ഇവർക്ക് കൃത്യമായ സാമ്പത്തിക ഉത്തരവാദിത്തങ്ങളൊന്നും നിർവചിച്ച് നൽകിയി ട്ടില്ലാത്തത് കൊണ്ടും തന്നെ ഓഫീസിൽ സംഭവിക്കുന്ന സാമ്പത്തിക ക്രമക്കേടുകളുടെ ഉത്തരവാദിത്തം ഒരിക്കലും ടി ജീവനക്കാരുടെ ബാധ്യതയായി വരുന്നില്ല. ജോലിയിലെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി മേലുദ്യോഗസ്ഥർ നടത്തുന്ന സാമ്പത്തികതട്ടിപ്പുകൾക്ക് ഇത്തരം ജീവനക്കാരിൽ ചിലരെങ്കിലും ഒത്താശ ചെയ്തുകൊടുക്കുന്ന സാഹചര്യമുള്ളതായി പരിശോധനാ വേളയിൽ മനസിലാക്കാൻ കഴിഞ്ഞു. നിയമനം നൽകുന്ന വേളയിൽ നിയമനകാലാവധി സംബന്ധിച്ചും മറ്റുമുള്ള വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയുള്ള ഉടമ്പടികൾ ഒപ്പുവയ്പ്പിക്കാത്തത് കൊണ്ടുതന്നെ അനുകൂലമായ കോടതിവിധികൾ വരെ സമ്പാദിച്ച് പലരും അനസ്യൂതമായി ജോലിയിൽ തുടരുന്ന സാഹചര്യം നിലവിലുണ്ട്. കാഷ്വൽ സ്വീപ്പറായി മാസവേ തനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി ഉഷ വർഷങ്ങളായി ഈ ഓഫീസിൽ തുടരുന്നുണ്ട്. ടിയാരിയുടെ നിയമനം സംബന്ധിച്ച യാതൊരുത്തരവുകളും ഹാജരാക്കാൻ ടിയാരിക്കോ ഓഫീസിനോ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ ടിയാരി ജോലി ചെയ്യുന്നതെന്നുപോലും വ്യക്തമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. കാഷ്വൽ സ്വീപ്പറായ ടി ജീവനക്കാരി തന്റെ ജോലിസമയം കഴിഞ്ഞും വൈകുന്നേരം വരെ ഓഫീസിൽ തുടരുന്നതും, മറ്റു ജീവനക്കാരെപ്പോലെ ഓഫീസ് ജോലികൾ നിർവഹിച്ചിരുന്നതായും സ്ക്വാഡിന്റെ അന്വേഷണവേളയിൽ മനസിലായിട്ടുണ്ട്. ഓഫീസ് മേലധികാരിയെന്ന നിലയിൽ ജീവനക്കാരെ നിയന്ത്രിക്കുന്നതിൽ ശ്രീ. ബാബു അലക്സാണ്ടറിന് സംഭവിച്ച വീഴ്ചയാണ് ടി ജീവന ക്കാരിക്ക് ഓഫീസ് പ്രവർത്തനങ്ങളിൽ അമിതമായി ഇടപെടാനുള്ള സാഹചര്യം സൃഷ്ടിച്ചത്. അതുകൊണ്ട് തന്നെയാണ് തവിഞ്ഞാൽ കൃഷിഭവന് അനുവദിച്ച ഔദ്യോഗിക വാഹനം ടിയാ രിയുടെ വീട്ടിൽ നിന്ന് കണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട, വകുപ്പിന് നാണക്കേടുണ്ടാക്കിയ തരത്തി ലുള്ള നടപടികളിലേക്ക്

നയിച്ചത്. കരാർ ജീവനക്കാരെ ഉപയോഗിച്ച് വ്യാജ ബില്ലുകളും വൌച്ചറു കളും മറ്റ് രേഖകളും തയ്യാറാക്കി ശ്രീ ബാബു അലക്സാണ്ടർ സാമ്പത്തിക തട്ടിപ്പ് നടത്തിയിട്ടുള്ള സാഹചര്യത്തിൽ ഇത്തരം ജീവനക്കാർ അനസ്യൂതമായി ജോലിയിൽ തുടരുന്നത് ഭാവിയിൽ കൂടുതൽ സാമ്പത്തികക്രമക്കേടുകൾക്ക് സാഹചര്യമൊരുക്കാൻ സാധ്യതയുണ്ട്. ആയതിനാൽ കാഷ്വൽ സ്വീപ്പറായി തുടരുന്ന ശ്രീമതി. ഉഷയെ ടി ഓഫീസിൽ നിന്നും അടിയന്തരമായി ഒഴിവാ ക്കേണ്ടതും മറ്റു കരാർ ജീവനക്കാരുടെ കാര്യത്തിൽ അവരുടെ നിയമനവ്യ വസ്ഥയും കാലാവ ധിയും പരിശോധിച്ച് അർഹതപ്പെട്ടവരെ മാത്രം തുടരാൻ അനുവദിക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നത് ഇത്തരം നിയമന ങ്ങളുടെ സുതാര്യതക്ക് വഴിവെക്കുന്നതാണ്.

l) കാര്യക്ഷമമല്ലാത്ത ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം.

ജില്ലാ ഓഫീസിലെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം മാനന്തവാടി അസിസ്റ്റന്റ് ഡയരക്ടർ ഓഫീസിലെ 31-03-16 വരെയുള്ള കാലയളവിലെ പരിശോധന നടത്തിയിട്ടും മേൽപ്പറഞ്ഞ ഭീമമായ സാമ്പത്തിക തട്ടിപ്പ് കണ്ടുപിടിച്ചിട്ടില്ല എന്നതിൽനിന്നും അത്രയും കാര്യക്ഷ മമല്ലാത്ത ഒരു ആഭ്യന്തര കണക്കുപരിശോധനാ സംവിധാനമാണ് വകുപ്പിൽ നിലവിലുള്ളതെന്ന് കരുതേണ്ടിയിരിക്കുന്നു. . ഇക്കാര്യം വളരെ ഗൌരവമായി കാണേണ്ടതാണ്. പരിശോധനയുടെ ഭാഗമായി വളരെയധികം സാമ്പത്തിക തിരിമറിമറികളും ക്രമക്കേടുകളും കണ്ടെത്താൻ സ്ക്വാഡിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്രധാനപ്പെട്ട ഒരു കണ്ടെത്തലുകളും ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞിട്ടില്ല. ടി പരിശോധന നടത്തിയവരിൽ ജൂനിയർ സൂപ്രണ്ട് ഒഴികെ ഉയർന്ന ഉദ്യോഗസ്ഥരെല്ലാം സർവീസിൽനിന്നും വിരമിച്ചു. ജൂനിയർ സൂപ്രണ്ട് ഉൾപ്പെടെ ബാക്കിയുള്ള ജീവനക്കാരോട് വിശദീകരണമാരാഞ്ഞ തിൽനിന്നും, ആഭ്യന്തര പരിശോധന നടത്തുന്നതിന് യാതൊരുതര പരിശീലനവും ഈ വിഭാഗ ത്തിലെ ജീവനക്കാർക്ക് നൽകുന്നില്ലെന്നും, ആഭ്യന്തര കണക്ക് പരിശോധനാവിഭാഗത്തിന്റെ റിപ്പോർട്ടുകൾ പരിശോധിക്കുന്നത് കൃഷി ഓഫീസർമാരുടെ വിഭാഗത്തിൽനിന്നും പ്രമോഷൻ ലഭിച്ചുവരുന്ന ഉയർന്ന ഉദ്യോഗസ്ഥന്മാരായതുകൊണ്ട് തന്നെ ഈ റിപ്പോർട്ടിലെ പല പരാമ ർശങ്ങളും ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആഭ്യന്തര കണക്കു പരിശോധനാ വിഭാഗത്തിന്റെ അന്വേഷണക്കുറിപ്പിന് പ്രാഥമിക റിപ്പോർട്ടോ, അന്തിമറിപ്പോർട്ടോ തരുന്ന കീഴ് വഴക്കമില്ല എന്നും അതുകൊണ്ടുതന്നെ വർഷങ്ങളായുള്ള പരിശോധനാ ഫയലുകൾ തീർപ്പാവാതെ കിടക്കുകയാണെന്നും വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ സ്ക്വാഡിനെ അറിയിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ മുഖവിലക്കെടുക്കാത്തതും ആയതിനു മേൽഘടകങ്ങളിൽ നിന്ന് ആവശ്യമായ നടപടികളില്ലാതെ പോയതുമാണ് വൻക്രമക്കേടുകൾ നടത്താൻ സാഹചര്യമൊരുക്കുന്നതെന്നും, നോഡൽ ഓഫീസർമാർ ഫീൽഡ്തല പരിശോധനയും ഓഫീസ് പരിശോധനയും കൃത്യമായി നടത്തിയതായി കാണുന്നില്ലായെന്നും അദ്ദേഹം അറിയിച്ചു.(പേജ്571)

വളരെയധികം വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കാനായി വലിയൊരു തുക വകയിരു ത്തപ്പെടുന്ന വകുപ്പെന്ന നിലയിൽ ഇവിടെ അനുവദിക്കുന്ന തുകകളുടെ വിനിയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതുണ്ട്. ആഭ്യന്തര കണക്ക് പരിശോധന റിപ്പോർട്ടിലെ പല പരാമർശ ങ്ങളും ഉയർന്ന ഉദ്യോഗസ്ഥരുടെ ഇംഗിതത്തിനനുസരിച്ച് പൂഴ്ത്തപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആകുന്നതിനു മുൻപേ തന്നെ നടത്തിയ സാമ്പത്തിക ക്രമക്കേടുകളുടെ ഭാഗമായി ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും വലിയ തുക തിരിച്ചു പിടിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിട്ടും ഈ ഉദ്യോഗസ്ഥനെ സ്ഥാനക്കയറ്റം നൽകി വളരെയധികം ഫണ്ടുകൾ കൈകാര്യം ചെയ്യപ്പെടുന്ന മാനന്തവാടി ഓഫീസിൽ നിയമിച്ചതി ൽനിന്നും ഇത്തരം അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പിന്തുണയും സ്വാധീനവും എത്രമാത്രമാണെന്ന് ഊഹിക്കാവുന്നതാണ്.

മാത്രമല്ല ഇത്രയും മോശമായ ഭൃതകാലമുള്ള ഒരുദ്യോഗസ്ഥന് മികച്ച സേവനത്തിന് അവാർഡ് ശുപാർശ ചെയ്ത വകുപ്പിലെ ഉദ്യോഗസ്ഥർ സർക്കാരിന്റെ അംഗീകാരങ്ങളെ ജനങ്ങൾക്ക് മുൻപിൽ അപഹാസ്യമാക്കുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഘടന മാറ്റേണ്ടതും കൃഷിവകുപ്പിന് പുറത്തു നിന്നുള്ള വിദഗ്ദർ അടങ്ങുന്ന ഒരു സമിതിയെ അവാർഡ് നിർണ്ണയത്തിനു നിയോഗിക്കുന്നത് അവാർഡ് നിർണ്ണയത്തിൽ നിലനിൽക്കുന്ന പാളിച്ചകൾ പരിഹരിക്കുവാൻ സാധിക്കുകയും കാര്യങ്ങൾക്ക് കൂടുതൽ സുതാര്യതയും നിഷ്പക്ഷതയും ഉണ്ടാകുന്നതിന് സഹായകരമാകുകയും ചെയ്യും.

സംസ്ഥാന ബജറ്റിലെ വളരെ വലിയൊരു തുക കൈകാര്യം ചെയ്യുന്ന വകുപ്പായതു കൊണ്ടും, മേൽപറഞ്ഞ ഭീമമായ സാമ്പത്തികക്കൊള്ള വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ നടത്തുന്നത് കണക്കിലെടുത്തും, കൃഷിവകുപ്പിലെ ആഭ്യന്തര കണക്ക് പരിശോധനക്ക് ഒരു സ്വതന്ത്രസംവിധാനം രൂപീകരിക്കേണ്ടത് വളരെ അനിവാര്യമാണ്. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ബാങ്ക് അക്കൌണ്ടുകളിലൂടെ മാത്രം അറുപതു കോടിയിലധികം രൂപയുടെ സാമ്പത്തികവിനിമയം നടന്നിട്ടുണ്ട്. ഈ ഒരു അക്കൌണ്ടിൽ നിന്നും ഒരുകോടിയോളം രൂപയാണ് ശ്രീ. ബാബു അലക്സാണ്ടർ കൈക്കലാ ക്കിയിട്ടുള്ളത്. ഇത്രയും വലിയൊരു സാമ്പത്തിക ചോർച്ച നടന്നിട്ടും ഇതു സംബന്ധിച്ച യാതൊരു സൂചനയും വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കണക്കിനു ഇക്കാല യളവിൽ കേരളത്തിലെ മറ്റു കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലെ അക്കൌണ്ടുകളും വിശദമായി പരിശോധിക്കപ്പെടുകയാണെങ്കിൽ ചോർച്ചയുടെ വലിപ്പം കൂടുമെന്നതിൽ സംശയമില്ല. ആയതുകൊണ്ടുതന്നെ ഭാവിയിൽ ഇത്തരം സാമ്പത്തിക തട്ടിപ്പുകളുടെ സാധ്യത പൂർണമായും അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. നിലവിൽ ധനകാര്യ വകുപ്പിൽനിന്ന് ഒരു വിജിലൻസ് ഓഫീസർ (ധനകാര്യം), സീനിയർ ഫിനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ കൃഷി ഡയറക്ടേറ്റിൽ പ്രവർത്തിക്കുന്നുണ്ട്.ഇന്റേണൽ ആഡിറ്റ് സംവിധാനം സീനിയർ ഫിനാൻസ് ഓഫീസറുടെ നിയന്ത്രണത്തിലുമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാര്യക്ഷമമായി പരിശോധന നടത്താൻ പ്രസ്തുത ഉദ്യോഗസ്ഥന് സാധ്യവുമല്ല. ആയതിനാൽ കൃഷി വകുപ്പിൽ നിലവിലുള്ള ആഭ്യന്തരകണക്ക് പരിശോധനാ സംവിധാനം ശക്തിപ്പെടുത്താനായി ഉദ്യോഗസ്ഥർക്ക് ആവശ്യം വേണ്ട പരിശീലനങ്ങൾ നൽകേണ്ടതും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗത്തെ മൂന്നു മേഖലകളാക്കി തിരിച്ച് ഓരോ മേഖലക്കും ധനകാര്യ വകുപ്പിലെ പരിശീലനം സിദ്ധിച്ച ഒരു അണ്ടർ സെക്രട്ടറിക്ക് ചുമതല നൽകി സ്വതന്ത്രമായി പരിശോധന നിർവഹിക്കുന്നത് ഉചിതമായിരിക്കും.പ്രസ്തുത മേഖല ഓഫീസർമാരെ സഹായിക്കുന്നതിന് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.ടി മേഖലാ ഉദ്യോഗസ്ഥർ തങ്ങളുടെ അധീനതയിൽ വരുന്ന ജില്ലകളിലെ ഓഡിറ്റ് പ്രക്രിയ നേരിട്ട് മോണിട്ടർ ചെയ്യേണ്ടതും സമയബന്ധിതമായി റിപ്പോർട്ടുകൾ സീനിയർ ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.ആഡിറ്റ് റിപ്പോർട്ടുകളുടെ ഒരു പകർപ്പ് നിലവിലുള്ള നിയമ പ്രകാരം ധനകാര്യ വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിനും കൈമാറേണ്ടതാണ്. വകുപ്പിന് പുറമേ നിന്നുള്ള ഈ നിരീക്ഷണം വിവിധ പദ്ധതികളെ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥർ ജാഗ്രത കാണിക്കുന്നതിനും, സാമ്പത്തിക തട്ടിപ്പിന് അറുതി വരുത്തുന്നതിനും, അതിലൂടെ കാർഷിക പദ്ധതികൾ സമഗ്രമായി ലക്ഷ്യം കൈവരിക്കുന്നതിനും സഹായകരമാകും.

ന) സോഷ്യൽ ഓഡിറ്റ്

കാർഷികവികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള പരിശോധനകളും വിലയിരുത്തലുകളും കാര്യക്ഷമമായല്ല നടക്കുന്നതെന്നാണ് വ്യക്തമായി ട്ടുള്ളത്. ഈ സാഹചര്യത്തിൽ കൃഷിഭവൻ തലത്തിൽ, നടപ്പിലാക്കുന്ന പദ്ധതികൾ സോഷ്യൽ ഓഡിറ്റിങ്ങിന്

വിധേയമാക്കി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

XVII ക്ലൗഡ് കംപ്യൂട്ടിംഗ്/ബിഗ് ഡാറ്റാ അനാലിസിസ് എന്നീ ആധുനിക സാങ്കേതികവിദ്യകളുടെ നടപ്പാക്കൽ കൃഷി വകുപ്പിൽ

കൃഷി വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ഫണ്ടിന്റെ നല്ലൊരു വിഹിതം എല്ലാ ധനകാര്യ വർഷവും നീക്കി വെയ്ക്കാറുണ്ട്.എന്നാൽ പ്രസ്തുത വകുപ്പ് 'ഫിനാൻഷ്യൽ എക്സ്പെൻഡിച്ചറിൽ' മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നാണ് നിരവധി അന്വേഷണങ്ങളിൽ നിന്നും ധനകാര്യ പരിശോധനാ വിഭാഗത്തിന് മനസ്സിലാകുന്നത്. വകുപ്പിന്റെ പ്ലാൻ ഫണ്ടിനുപരി, ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത്,ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും കൃഷി ഭവൻ/കൃഷി ഫാമുകൾ എന്നിവ മുഖേന വിനിയോഗിക്കപ്പെട്ടുവരുന്നു. എന്നാൽ നൂറുകണക്കിന് കോടി രൂപയുടെ ഭൗതിക പുരോഗതി പരിശോധിക്കുകയാണെങ്കിൽ വളരെ നിരാശജനകമായ ഒരു റിപ്പോർട്ടാണ് കേരളത്തിൽ കൃഷിയുടെ വാർഷിക വളർച്ചാനിരക്ക് പരിശോധിക്കുകയാണെങ്കിൽ ബോദ്ധ്യമാകുന്നത്.

കൃഷി ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢത കുറയുന്നതായാണ് കാണുന്നത്. കൃഷി ഉദ്യോഗസ്ഥൻ ഫീൽഡിൽ പോകേണ്ട ഉദ്യോഗസ്ഥനാണ്.എന്നാൽ ഇന്ന് ഓഫീസ് ജോലിയുടെയും നിരവധി സ്കീമുകളുടെയും നിർവ്വഹണം സംബന്ധിച്ചുള്ള 'എഴുത്തുകുത്ത്' ഇടപാടുകളിൽ കുടുങ്ങിക്കിടക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഗവൺമെന്റിൽ നിന്നും ഒരു സ്കീമിന്റെ കണക്കുകൾ ചോദിച്ചാൽ പ്രസ്തുത വിവരം കൃഷി ഡയറക്ടറേറ്റിൽ നിന്നും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ് (ജില്ലാ തലം) കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് (ബ്ലോക്ക് തലം) എന്നീ തലങ്ങളിലൂടെ സഞ്ചരിച്ച് കൃഷിഭവൻ തലത്തിൽ എത്തുകയാണ് പതിവ്. പ്രസ്തുത സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് മറുപടികൾ മുകൾത്തട്ടിലേക്ക് എത്തിക്കുന്നതിന് കൃഷി ഓഫീസർ തന്റെ നല്ലൊരു സമയം വിനിയോഗിക്കുന്നതായാണ് നിരവധി അന്വേഷണങ്ങൾ ബന്ധപ്പെട്ട മേഖലയിൽ നടത്തിയതിലൂടെ മനസ്സിലാകുന്നത്.

ഇത്തരത്തിൽ നിരവധി ഡേറ്റാ കളക്ഷൻ നടത്തി മുകളിലേക്ക് എത്തിക്കുന്നത് മൂലം കൃഷി ഓഫീസർമാർക്കു കർഷകരുടെ ഫീൽഡ് വിസിറ്റ് ചെയ്യുന്നതിനോ കാർഷിക വൃത്തിയിൽ സഹായിക്കുന്നതിനോ കഴിയുന്നില്ല. സ്കീം നടത്തിപ്പുമായി ബന്ധപ്പെട്ട് കർഷകർ നൽകുന്ന അപേക്ഷകൾ കൃഷി അസിസ്റ്റന്റ്/കൃഷി ഓഫീസർമാർ ഫീൽഡിൽ പോയി പരിശോധിക്കുന്നതിന്റെ വ്യാപ്തി വളരെ കുറഞ്ഞിട്ടുണ്ടെന്നും ഒരു യാഥാർത്ഥ്യമാണ്.കൂടാതെ പ്രസ്തുത റിപ്പോർട്ടിൽ തന്നെ നിരവധി പദ്ധതികളിലൂടെ വിതരണം ചെയ്യപ്പെടുന്ന കാർഷിക ഉപകരണങ്ങളുടെ കണക്കുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലോ/കൃഷി ഭവനുകളിലോ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലെന്ന് പരാമർശിക്കുന്നുണ്ട്. കൂടാതെ കൃഷി ഓഫീസർമാരിൽ നിന്നും ക്ലെയിം സ്റ്റേറ്റ്മെന്റ് കിട്ടാതെ തന്നെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്കീമുകൾക്ക് അനുവദിക്കുന്ന തുകകൾ എക്സ്പെൻഡിച്ചർ കാണിക്കുന്നതിനുവേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കുന്നതായിട്ടുണ്ട്. കൂടാതെ സമർപ്പിച്ച ക്ലെയിമുകൾ പാസ്സാക്കി കഴിഞ്ഞാൽ അത് കർഷകരുടെ അക്കൗണ്ടിൽ എത്തിയതു സംബന്ധിച്ച് നിലവിൽ കർഷകർക്കോ/ഉദ്യോഗസ്ഥർക്കോ വ്യക്തമായ ഒരു ഐഡിയ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്.

പ്രസ്തുത സാഹചര്യത്തിലാണ് ക്ലൗഡ് കംപ്യൂട്ടിംഗ് പോലുള്ള ബിഡ് ഡേറ്റാ അനാലിസിസുകളുടെ പ്രസക്തി.ഇത്തരത്തിലുള്ള വിവര -സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ കൃഷി ഓഫീസർമാരുടെയും കൃഷി വകുപ്പിന്റെയും പ്രവർത്തനങ്ങളുടെ കാര്യക്ഷമത കൂട്ടുവാൻ സാധിക്കും.

- കൃഷി ഓഫീസർക്ക് ഒരു ലാപ് ടോപ്പ് / സ്മാർട്ട് ഫോൺ മുഖാന്തിരം കർഷകരുടെ വിശദാംശങ്ങൾ ക്ലൗഡിലേക്ക് സ്റ്റോർ ചെയ്യുവാൻ സാധിക്കും.

- കൃഷി ഉദ്യോഗസ്ഥൻ കാർഷിക മേഖലകൾ സന്ദർശിച്ച് ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നത് കാർഷിക-ഭൗതിക നേട്ടങ്ങൾ വിലയിരുത്തുന്നതിനും പ്രകൃതി ക്ഷോഭം മൂലം കൃഷിനാശങ്ങളുടെ യഥാർത്ഥ ചിത്രം വ്യക്തമാക്കുവാനും കഴിയുന്നതാണ്.

- കർഷകർക്ക് വിവിധ സ്കീമുകൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ അവയുടെ ഫിസിക്കൽ/ഫിനാൻഷ്യൽ നേട്ടങ്ങൾ എന്നിവയെല്ലാം തന്നെ ക്ലൗഡ് ഡേറ്റയിൽ സ്റ്റോർ ചെയ്യുവാൻ സാധിക്കുന്നതായിരിക്കും

- ഒരു കൃഷി ഭവനെ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും ക്ലൗഡ് കംപ്യൂട്ടിംഗ് വഴി ഡേറ്റാ സ്റ്റോറു ചെയ്യുകയാണെങ്കിൽ കൃഷി വകുപ്പിന്റെ വിവിധ തലങ്ങൾക്ക് ഡേറ്റാ ലഭ്യത ഉറപ്പുവരുത്തുന്നതിന് സഹായകരമായിരിക്കും.

- സ്കീമുകൾക്ക് സമയബന്ധിതമായി നിർവഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നതാണ്.

- ക്ലെയിം സ്റ്റേറ്റ്മെന്റില്ലാതെ ട്രഷറിയിൽ നിന്നും വകമാറ്റി അനധികൃതമായി ബാങ്കിൽ പാർക്ക് ചെയ്ത് ചെയ്ത് എക്സ്പെൻഡിച്ചർ ആക്കുന്നതുമുതൽ കർഷകർക്ക് സമയ ബന്ധിതമായി കിട്ടുന്നുണ്ടോയെന്ന പരിശോധനയും എളുപ്പം നടത്താവുന്നതാണ്.

- കൃഷി വകുപ്പിൽ അഴിമതി കുറയുന്നതിനും കാര്യങ്ങൾ സുതാര്യമാകുകയും കൃഷി ഓഫീസർമാർക്ക് കർഷകരുമായി കൂടുതൽ സമയം ചെലവഴിക്കുവാൻ സാധിക്കുകയും ചെയ്യും.

ആയതിനാൽ കാർഷിക പ്രവർത്തനങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിന് ക്ലൗഡ് കംപ്യൂട്ടിംഗ് പോലുള്ള ആധുനിക ഡേറ്റാ വിതരണ സംവിധാനങ്ങൾ കൃഷി വകുപ്പിൽ എത്രയും പെട്ടന്ന് നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത ഭരണ വകുപ്പ് മുന്തിയ പരിഗണന നൽകി പരിശോധിക്കേണ്ടതാണ്.

ശുപാർശകൾ

1. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ.ബാബു അലക്സാണ്ടർ ക്രമ വിരുദ്ധമായി സെൽഫ് ചെക്കിലൂടെ പിൻവലിച്ച 81,92,075 രൂപ 18 ശതമാനം പലിശയുൾപ്പെടെ 1,15,37,772 രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ടിയാൻ മാനന്തവാടി കൃഷി അസിസ്റ്റന്റായിരുന്ന കാലയളവിൽ നടത്തിയ വിവിധ സാമ്പത്തിക ക്രമക്കേടുകൾ മുഖാന്തിരം സർക്കാരിന് 4,61,872 രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക 18 % പിഴപ്പലിശ സഹിതം (6,44,989 രൂപ) ആകെ 1,21,82,761 രൂപ (ഒരു കോടി ഇരുപത്തിഒന്ന് ലക്ഷത്തി എൺപത്തിരണ്ടായിരത്തി എഴുനൂറ്റി ഇരുപത്തി ഒന്ന് രൂപ) മുൻ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ.ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം.	ക്രമവിരുദ്ധമായി പിൻവലിച്ച തുക	30.04.2018 വരെയുള്ള 18 % പലിശ	ആകെ
1	വ്യക്തിഗത ചെക്കുകളിലൂടെ കൈപ്പറ്റിയത്	8192075	3345697	11537772
2.	പിതാവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയത്	131000	32154	163154

3.	ആത്മ,പിഎംകെഎസ് വൈ	68000	8667	76667
4.	ഓഫീസ് ചെലവുകളിലെ സാമ്പത്തിക തട്ടിപ്പ്	147020	90223	237243
	,,	19000	3710	22710
5.	പരിശീലന പരിപാടികളിലെ സാമ്പത്തിക തട്ടിപ്പ്	83164	46027	129191
6.	വാഹന ദുരുപയോഗം	5600	2336	7936
	,,	8088	-	8088
ആകെ		8653947	3528814	12182761

സർക്കാർ പണം അപഹരിച്ചതിന് ടിയാൾക്കെതിരെ ക്രിമിനൽ കേസ്സ് രജിസ്റ്റർ ചെയ്ത് ടിയാന് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ ഉറപ്പ് വരുത്തേണ്ടതും പണാപഹരണമുൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകൾക്ക് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ.ബാബു അലക്സാണ്ടറെ സർവ്വീസിൽ നിന്നും അടിയന്തിരമായി പിരിച്ച് വിടേണ്ടതുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങൾ ഭരണ വകുപ്പ് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. തൊണ്ടർനാട് കൃഷി ഓഫീസർ പദവിയിലിരിക്കെ കൃഷി ഓഫീസറായ ശ്രീമതി.രജനി ജി. വി മാനദണ്ഡപ്രകാരമല്ലാതെ ഉദയം A ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിന് അനുവദിച്ച 10,30,000 രൂപയിൽ നിന്നും 1,50,000 രൂപ ക്ലസ്റ്റർ കൺവീനറായ ശ്രീ.ജോബിയിൽ നിന്നും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ശ്രീ.പ്രദീപൻ കൈവശം കൈമാറിയതായി ശ്രീ ജോബി രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 75,000 രൂപ കൈപ്പറ്റിയതായി ശ്രീമതി രജനി ജി. വി സ്റ്റേറ്റ്മെന്റിൽ സമ്മതിക്കുകയുണ്ടായിട്ടുണ്ട്.കൂടാതെ പ്രിയങ്ക പച്ചക്കറി ക്ലസ്റ്ററിന് അനുവദിച്ച 7,50,000 രൂപയിൽ 1,00,00 രൂപ കൃഷി ഫീൽഡ് അസിസ്റ്റന്റായ രഞ്ജിത്ത് സ്വീകരിക്കുകയും ആയതിൽ 40,000 രൂപ കൃഷി ഓഫീസർ കൈപ്പറ്റി സ്റ്റേറ്റ്മെന്റ് നൽകിയതിന്റെയും അടിസ്ഥാനത്തിൽ തൊണ്ടർനാട് മുൻ കൃഷി ഓഫീസർ ശ്രീമതി രജനി ജി വി സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതായി തെളിഞ്ഞിട്ടുണ്ട്. ആയതിനാൽ തൊണ്ടർനാട് കൃഷി ഓഫീസറായിരുന്ന ശ്രീമതി.രജനി ജി.വി യെ സർവ്വസീൽ നിന്ന് സസ്പെന്റ് ചെയ്യേണ്ടതും അനധികൃതമായി കൈപ്പറ്റിയ 115000 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും മറ്റ് ജീവനക്കാർക്ക് മാതൃകയാകും വിധം കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ തൊണ്ടാർനാട് കൃഷി ഓഫീസർ പദവിയിലിരിക്കേ കൃഷി ഓഫീസറായ ശ്രീമതി രജനി ജി.വി വിവിധ ഇനത്തിൽ മുൻകൂറായി കൈപ്പറ്റിയ 129454 രൂപ നിർദ്ദേശങ്ങൾ പ്രകാരം പരിപാടികൾ നടത്തുകയോ കൃഷി ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടി തുക കൈപ്പറ്റിയ തീയതി മുതൽ 18 % പലിശയായ 56919 രൂപയും ചേർത്ത് 186373 രൂപ ടിയാരിൽ നിന്നും ഈടാക്കേണ്ടതാണ്.

3. പച്ചക്കറി വികസന പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ക്ലസ്റ്ററുകളിൽ നിന്ന് അനധികൃതമായി 75000 രൂപ കൈപ്പറ്റിയ തൊണ്ടർനാട് കൃഷി ഓഫീസിലെ അഗ്രികൾച്ചറൽ ഫീൽഡ് അസിസ്റ്റന്റ് ശ്രീ.പ്രദീപൻ വി.പി യെ സർവ്വസീൽ നിന്ന് സസ്പെന്റ് ചെയ്യേണ്ടതും അനധികൃതമായി കൈപ്പറ്റിയ 75000 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും മറ്റ് ജീവനക്കാർക്ക് മാതൃകയാകും വിധം കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. പച്ചക്കറി വികസന പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ക്ലസ്റ്ററുകളിൽ നിന്ന് അനധികൃതമായി 60,000 രൂപ കൈപ്പറ്റിയ തൊണ്ടർനാട് കൃഷി ഓഫീസിലെ അഗ്രികൾച്ചറൽ ഫീൽഡ് അസിസ്റ്റന്റും നിലവിൽ മാനന്തവാടി കൃഷി ഓഫീസിലെ അഗ്രികൾച്ചറൽ ഫീൽഡ് അസിസ്റ്റന്റുമായ ശ്രീ.രഞ്ജിത്ത് കെ.കെ

യെ സർവ്വസീൽ നിന്ന് സസ്പെന്റ് ചെയ്യേണ്ടതും അനധികൃതമായി കൈപ്പറ്റിയ 60,000 രൂപ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതും മറ്റ് ജീവനക്കാർക്ക് മാതൃകയാകും വിധം കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. വെള്ളമുണ്ട കൃഷി ഭവന്റെ കീഴിൽ പ്രവർത്തിക്കുന്നതും ചില വ്യക്തികൾ നടത്തുന്നതുമായ ബ്ലൂമൌണ്ട് ക്ലസ്റ്ററിന് ക്രമരഹിതമായി അനുവദിച്ച 100000 രൂപ ഉടനടി തിരികെ അടക്കാൻ നിർദേശം നൽകേണ്ടതും,ടി തുക അർഹതപ്പെട്ട ക്ലസ്റ്ററിന് അനുവദിക്കേണ്ടതുമാണ്. ബ്ലൂമൌണ്ട് ക്ലസ്റ്ററിൽ നിന്നും ടി തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുക തെറ്റായി അനുവദിച്ച നൽകിയ അന്നത്തെ കൃഷി ഓഫീസർ ശ്രീ. മുഹമ്മദ് ഷഫീക്കിന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അദ്ദേഹത്തിൽ നിന്ന് ഈടാക്കേണ്ടതാണ്. ഉപയോഗിക്കാത്ത വാഹനത്തിന് ഇന്ധനച്ചെലവിനത്തിൽ ശ്രീ.മുഹമ്മദ് ഷഫീക്ക് കൈപ്പറ്റിയ 6000 രൂപ യും പലിശയുമടക്കം 7175 രൂപ ടിയാളിൽ നിന്ന് ഈടാക്കേണ്ടതാണ്. 2016-2017 വർഷത്തിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി തവിഞ്ഞാൽ കൃഷി ഓഫീ സറായിരുന്ന ശ്രീ. മുഹമ്മദ് ഷഫീക്ക് അധികമായി കൈപ്പറ്റിയ 10000 രൂപ പലിശ സഹിതം ടിയാനിൽനിന്നും ഈടാക്കേണ്ടതും കൃത്യനിർവഹണത്തിലെ വീഴ്ചകും വ്യാജരേഖകൾ സമർപ്പിച്ച് സർക്കാർ പണം തട്ടിയെടുത്തതിനും ശ്രീ. മുഹമ്മദ് ഷഫീക്കിനെതിരെ കർശന മായ വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിക്കേണ്ടതുമാണ്.

6. ശ്രീ. അരുൺ കമാർ തവിഞ്ഞാൽ കൃഷിഭവന്റെ ചുമതലയിലുണ്ടായിരുന്ന കാലയളവിൽ വിവിധയിനങ്ങളിലായി മുൻകൂറായി കൈപ്പറ്റിയ 49455 രൂപ നിർദേശിച്ചപ്രകാരം പരിപാടികൾ നടത്താത്തതിനാൽ ഖണ്ഡിക XIV-e(i)-ൽ നിർദേശിച്ച പ്രകാരം ടിയാനി ൽനിന്നും ഈടാക്കേണ്ടതാണ്.2015-2016 വർഷത്തെ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി പഠനയാത്രകൾ നടത്തുന്ന തിനായി തവിഞ്ഞാൽ കൃഷി ഓഫീസറായിരുന്ന ശ്രീ.അരുൺ കുമാർ അധികമായി കൈപ്പറ്റിയ 50000 രൂപ പലിശസഹിതം ടിയാനിൽ നിന്നും ഖണ്ഡിക XIV-e(ii) യിൽ സൂചിപ്പിച്ച പ്രകാരം ഈടാക്കേണ്ടതാണ്.ഉപയോഗിക്കാത്ത വാഹനത്തിന് ഇന്ധനച്ചെലവിനത്തിൽ ശ്രീ.അരുൺകുമാർ കൈപ്പറ്റിയ 12000 രൂപ യും പലിശയുമടക്കം 17462 രൂപ ടിയാളിൽ നിന്ന് ഈടാക്കേണ്ടതാണ്. അതോടൊപ്പം വ്യാജ രേഖകൾ സമർപ്പിച്ച് അനധികൃതമായി സർക്കാർ പണം തട്ടിയെടുത്തതിന് ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കേണ്ടതാണ്.

7. മാനന്തവാടി കൃഷിഓഫീസറായ ശ്രീ. വിനോദ് പി.ജെ മുൻകൂറായി കൈപ്പറ്റിയ 103874 രൂപ, നിർദേശിച്ച പ്രകാരം ചെലവഴിക്കുകയോ കൃഷി ഓഫീസറുടെ അക്കൌണ്ടിൽ സൂക്ഷി ക്കുകയോ, സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, ഖണ്ഡിക XIV-f(i) യിൽ സൂചിപ്പിച്ച പ്രകാരം ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.ബില്ലുകളിൽ കൃത്രിമം കാണിച്ച് ശ്രീ.വിനോദ് പി.ജെ അധികമായി കൈപ്പറ്റിയ 9000 രൂപ പലിശ സഹിതം ടിയാനിൽനിന്നും ഈടാക്കേണ്ടതും ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8. തിരുനെല്ലി കൃഷിഭവൻ പരിധിയിൽ പ്രവർത്തനം ആരംഭിക്കാത്ത നഴ്സറിക്ക് അനർഹമായി അനുവദിച്ച 30000 രൂപ ടി സമിതിയുടെ ഭാരവാഹികളിൽനിന്നും തിരികെ ഈടാക്കേ ണ്ടതാണ്. സമിതി ഭാരവാഹികളിൽനിന്നും ഈടാക്കാൻ കഴിയാത്തപക്ഷം ടി തുക അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ ഗുണശേഖരന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി ടിയാനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.SBCL മുഖേന ലഭ്യമാക്കിയ 69045 രൂപ വിലവരുന്ന ട്രൈക്കോഡർമ, സ്യൂഡോമൊ ണാസ് തുടങ്ങിയവ സമയബന്ധിതമായി വിതരണം ചെയ്യപ്പെടാത്തയിനത്തിൽ നഷ്ടം വന്ന 69045 രൂപ അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. ഗുണശേഖരന്റെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.പരിശീലന പരിപാടികളിൽ ശ്രീ. ഗുണശേഖരൻ അധികമായി കൈപ്പറ്റിയ 25200 രൂപ 18 ശതമാനം പലിശ ഉൾപ്പടെ 63655 രൂപ അദ്ദേഹത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

9. ശ്രീ ബാബു അലക്സാണ്ടർ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല നിർവഹിച്ചിരുന്ന കാലയളവിൽ ടി ഓഫീസിലെ വിവിധ പദ്ധതികളുടെ മേൽനോട്ടച്ചുമതല നിർവഹിച്ചിരുന്ന ഉദ്യോഗസ്ഥർ, നോഡൽ ഓഫീസർമാർ പ്രിൻസിപ്പൽ കൃഷി ഓഫീസർ തുടങ്ങിയ മുഴുവൻ സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കെതിരെയും കൃത്യനിർവഹണത്തിലെ വീഴ്ചക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്(ഖണ്ഡിക XVI(h))

10. ജില്ലയിലെ ഇൻപുട്ട് വിതരണത്തിന് ഇടനിലക്കാരായ RAIDCO, വിവിധ സഹകരണ ബാങ്കുകൾ, വളക്കമ്പനികളുടെ ഏജന്റുമാർ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ അവിശുദ്ധ കൂട്ടുകെട്ടിലൂടെ, സബ്സിഡി നിരക്കിൽ ഇൻപുട്ട് വിതരണം നടത്തുന്നതിൽ ക്രമക്കേടുകൾ നടത്തിയതിലൂടെ സർക്കാരിനും കാർഷിക മേഖലക്കുമുണ്ടായ നഷ്ടം കണക്കാക്കുന്നതിനും ഇതിലെ ഗൂഡാലോചന പുറത്ത്കൊണ്ടുവരുന്നതിനുമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ജില്ലയിലെ ഇൻപുട്ട് വിതരണത്തിന് ഇടനിലക്കാരായ മേൽ പറഞ്ഞസ്ഥാപനങ്ങളേയും

ഉദ്യോഗസ്ഥരെയും സ്വകാര്യ വളക്കമ്പനികളുടെ ഏജന്റുമാരെയും ഉൾപ്പെടുത്തി സമഗ്രമായ ഒരു വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട് വളരെ വലിയ സാമ്പത്തിക തട്ടിപ്പ് കണ്ടെത്തിയ സാഹചര്യത്തിൽ, മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലും അതിന്റെ കീഴിലുള്ള കൃഷിഭവനുകളിലെയും സ്ഥിരം/കരാർ/ താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരുടെയും ബാങ്ക് അക്കൗ ണ്ടുകളും മറ്റ് സ്വത്തു വിവരങ്ങളും പരിശോധിച്ച് മേൽക്കാലയളവിൽ ടി ജീവനക്കാർ അനധികൃതസ്വത്ത് സമ്പാദനം നടത്തിയിട്ടുണ്ടോ എന്ന കാര്യവും വിജിലൻസ് അന്വേഷ ണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

11. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കീഴിൽ നിർജീവമായി കിടക്കുന്ന ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷന്റെ 14420100176456 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 47,94,018 രൂപ അടിയന്തരമായി സർക്കാരിലേക്ക് തിരിച്ചടക്കാൻ നിർദേശം നൽകേണ്ടതാണ്. സർക്കാർ മാർഗനിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന രീതിയിൽ ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ പുന:സംഘടി പ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതും ഇതിന്റെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി മാത്രം ഭാവിയിൽ തുടർ സഹായങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.

12. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ ഫെഡറൽ ബാങ്കിലുള്ള 4420200003568 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളള്ള 1,15,33,329.14 രൂപ പിൻവലിച്ച് സർക്കാരിലേക്ക് തിരിച്ചടക്കാൻ അടിയന്തര നിർദേശം നൽകേണ്ടതാണ്. കൂടാതെ കൃഷി വകുപ്പിനു കീഴിലെ ജില്ലാ ഓഫീസുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഓഫീസുകളിലും ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടുകളിൽ മാറി നിക്ഷേപിച്ചിട്ടുള്ള തുകകൾ ഒരു മാസത്തിനകം സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള കർശന നിർദേശം നൽകേണ്ടതാണ്.

13. നിർജീവമായി കിടക്കുന്ന മാനന്തവാടി അഗ്രോ സർവീസ് സെന്ററിന്റെ പേരിൽ വയനാട് ജില്ലാ സഹകരബാങ്കിന്റെ മാനന്തവാടി ശാഖയിലുള്ള 130201201020001 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 3,91,282 രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഈ സെന്ററിന് വേണ്ടി വാങ്ങിയ യന്ത്രസാമഗ്രികളിൽ ഉപയോഗ്യയോഗ്യമായവയും അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ സാധിക്കുന്നവയും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സംഘങ്ങൾക്ക് കൈമാറുന്നതിനുള്ള അടിയന്തര നടപടികളും സ്വീകരിക്കേണ്ടതാണ്.

14. തൊണ്ടർനാട് കൃഷിഭവനു കീഴിലുള്ള ഉദയം, പ്രിയങ്ക എന്നീ ക്ലസ്റ്ററുകൾ മാനദണ്ഡ പ്രകാരം ഗ്രൂപ്പ് എന്ന രീതിയിൽ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഈ റിവോൾവിംഗ് ഫണ്ട് ഇനത്തിൽ പ്രിയങ്ക ക്ലസ്റ്ററിന് അനുവദിച്ച 100000 രൂപയും, ഉദയം ക്ലസ്റ്ററിന് അനുവദിച്ച 400000 രൂപയും സർക്കാരിലേക്ക് തിരികെ ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്(ഖണ്ഡിക XIV-a(i)).ഖണ്ഡിക XIV-a(iii) യിൽ സൂചിപ്പിച്ച പ്രകാരം തൊണ്ടർനാട് കൃഷിഭവനിൽ നിന്നും അനർഹമായി അനുവദിച്ച 66743 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിന് തൊണ്ടർനാട് കൃഷി ഓഫീസർക്ക് നിർദേശം നൽകേ ണ്ടതാണ്. ടി സമയപരിധിക്കകം തുക ഈടാക്കാൻ കഴിയാത്ത പക്ഷം, ടി തുക ശുപാർശ ചെയ്ത കൃഷി ഓഫീസറുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. എടവക കൃഷിഭവന് കീഴിൽ ആരംഭിച്ച എ- ഗ്രേഡ്, പൊട്ടൻഷ്യൽ ക്ലസ്റ്ററുകളൊന്നും തന്നെ മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിക്കാതെ, ലഭിച്ച തുക മുഴുവൻ ബാങ്ക് അക്കൗ ണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ക്ലസ്റ്ററുകൾക്ക് അനുവദിച്ച 41,60,000 രൂപ പൂർണമായും, എടവക കൃഷിഓഫീസറുടെ പേരിൽ കേരള ഗ്രാമീണ ബാങ്കിന്റെ കല്ലോടി ശാഖയിലുള്ള 40481100006294 നമ്പർ അക്കൗണ്ടിൽ വിവിധയിനങ്ങളിൽ മുൻകൂറായി ലഭിച്ചവയുൾപ്പെടെ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള 320945 രൂപയും ചേർത്ത് 44,80,945 രൂപ അടിയന്തരമായി അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച് സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നിർദേശം നൽകേണ്ടതാണ്.

16. ഖണ്ഡിക XIV-c(ii)യിൽ സൂചിപ്പിച്ച പ്രകാരം വെള്ളമുണ്ട കൃഷിഭവനിൽ നിന്നും അനർഹമായി അനുവദിച്ച 16769 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിന് വെള്ളമുണ്ട കൃഷി ഓഫീസർക്ക് നിർദേശം നൽകേണ്ടതാണ്. ടി സമയപരിധിക്കകം തുക ഈടാക്കാൻ കഴിയാത്ത പക്ഷം, ടി തുക ശുപാർശ ചെയ്ത കൃഷി ഓഫീസറുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. തിരുനെല്ലി കൃഷിഭവന് മുൻകൂറായി അനുവദിച്ച തുകകളിൽ, പദ്ധതി പ്രകാരം പരിപാടികളൊന്നും നടത്താതെ കൃഷിഭവന്റെ STSB അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള 254455 രൂപ STSB യിൽ നിന്ന് പിൻവലിച്ച് അടിയന്തരമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്(ഖണ്ഡിക XIV-d(i)

18. ഖണ്ഡിക XIV-e(iii) സൂചിപ്പിച്ച പ്രകാരം തവിഞ്ഞാൽ കൃഷിഭവനിൽ നിന്നും കർഷകർക്ക് അനർഹമായി അനുവദിച്ച 39355 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തി നകം ഈടാക്കുന്നതിന് കൃഷി ഓഫീസർക്ക് നിർദേശം നൽകേണ്ടതാണ്. ടി സമയപരിധി ക്കകം തുക ഈടാക്കാൻ കഴിയാത്ത പക്ഷം, ടി തുക

ശുപാർശ ചെയ്ത കൃഷി ഓഫീസർമാ രുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

19. വയനാട് പാക്കേജിൽ കുരുമുളക് നഷ്ടറിക്ക് അനർഹമായി ശ്രീ. ജോണി പാമ്പാടിയിൽ എന്നയാൾക്ക് അനുവദിച്ച 275000 രൂപ ടിയാനിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുക ടിയാനിൽ നിന്നും ഈടാക്കാനാകാത്ത പക്ഷം ടി തുക കൃഷി ഓഫീസറായ ശ്രീ. വിനോദിന്റെയും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ബാബു അലക്സാണ്ടറിന്റെയും വ്യക്തിഗത ബാധ്യതയായി കണക്കാക്കി, അവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ് (ഖണ്ഡിക XIV-f(iii))

20. ഖണ്ഡിക XIV-f(iv) യിൽ സൂചിപ്പിച്ച പ്രകാരം മാനന്തവാടി കൃഷിഭവനിൽ നിന്നും അന ർഹമായി അനുവദിച്ച 80020 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും മൂന്നു മാസത്തിനകം ഈടാക്കുന്നതിന് നിർദേശം നൽകേണ്ടതാണ്. സമയപരിധിക്കകം തുക ഈടാക്കാൻ കഴിയാത്ത പക്ഷം, ടി തുക ശുപാർശ ചെയ്ത കൃഷി ഓഫീസർമാരുടെ വ്യക്തിഗത ബാധ്യത യായി കണക്കാക്കി അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

21. 2017-18 വർഷത്തിൽ മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽനിന്നും മുൻകൂറായി അനുവദിച്ച തുകകളിൽ യാതൊരു പ്രവർത്തനങ്ങളും നടത്താതെ വിവിധ കൃഷി ഭവനുകളുടെ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന 5,20,454 രൂപ, തുക കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം അതത് കൃഷി ഓഫീസർമാരിൽനിന്നും ഈടാക്കേ ണ്ടതും മുൻകൂർ തുകകളുടെ ക്രമീകരണം സംബന്ധിച്ച 04/10/2011 തീയതിയിലെ G.O(P) No.419/11/Fin ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദേശം നൽകേണ്ടതാണ്.

22. മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും നാളിതുവരെയായി വിവിധ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനായി നൽകിയ തുകകൾ സംബ ന്ധിച്ച വിശദമായ പരിശോധന നടത്തി, ബാങ്കുകളിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചി ട്ടുള്ള തുകകൾ സർക്കാരിലേക്ക് അടവാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതൊടൊപ്പം സംസ്ഥനത്താകെയുള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുമായി ബന്ധപ്പെട്ടും ഇത്തരത്തിലുള്ള പരിശോധനകൾ നടത്തി ഇത്തരം തുകകൾ വീണ്ടെടുക്കാനുള്ള നിർദേശം ഭരണവകുപ്പ് നടത്തേണ്ടതാണ്.

23. യാതൊരു സർക്കാർ ഉത്തരവുമില്ലാതെ കാഷ്വൽ സ്വീപ്പറായി തുടരുന്ന ശ്രീമതി. ഉഷയെ ടി ഓഫീസിൽ നിന്നും അടിയന്തരമായി ഒഴിവാക്കേണ്ടതും മറ്റു കരാർ ജീവനക്കാരുടെ കാര്യത്തിൽ അവരുടെ നിയമനവ്യവസ്ഥയും കാലാവധിയും പരിശോധിച്ച് അർഹത പ്പെട്ടവരെ മാത്രം തുടരാൻ അനുവദിക്കേണ്ടതുമാണ്. ഭാവിയിൽ കരാർ/ താൽക്കാ ലിക/ദിവസവേതന നിയമനങ്ങളെല്ലാം തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക XVI(k))

24. സംസ്ഥാനത്താകമാനം അഗ്രോ സർവ്വീസ് സെന്ററുകളിലേക്ക് നടത്തിയിട്ടുള്ള പർച്ചേ യ്സുകളും ലഭിച്ച കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരവും, നിലവിൽ ഈ സെന്ററുകളുടെ പ്രവർത്തനങ്ങളും വിശദമായി പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (ഖണ്ഡിക-XII)

25. സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ച വിവിധ സംഘങ്ങളിൽ പ്രവർത്തനരഹിത മായവയുടെ കൈവശമുള്ള ഉപകരണങ്ങളിൽ ഉപയോഗ്യയോഗ്യമായവയും അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ സാധിക്കുന്നവയും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും സംഘങ്ങൾക്കോ മറ്റ് ജില്ലകളിലെ സംഘങ്ങൾക്കോ കൈമാറുന്നതിനും ഉപയോഗിക്കാൻ കഴിയാത്തവ ലേലം ചെയ്ത് വിൽക്കു ന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വിതരണം ചെയ്യപ്പെടുന്ന കാർഷി കോപകരണങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഏതെ ങ്കിലും സർവീസ് ദാതാക്കളുമായി കരാറിലേർപ്പെടുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്.

26. പദ്ധതി ആസൂത്രണം സംബന്ധിച്ച് ഖണ്ഡിക XVI (a) യിലെ നിർദേശങ്ങൾ പരിഗണി ക്കേണ്ടതും ഒരേ ലക്ഷ്യത്തിനു വേണ്ടി വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകുന്ന രീതി മാറ്റി പദ്ധതി ഘടകങ്ങളുടെ എണ്ണം കറയ്ക്കുന്നതിന്റെയും വ്യക്തിഗത സ്കീമുകൾക്ക് രണ്ടും മൂന്നും ഘട്ടങ്ങൾ ഒഴിവാക്കി ഒറ്റത്തവണ സഹായം മാത്രം നൽകുന്ന രീതിയിൽ പദ്ധതികൾ രൂപീകരിക്കുന്നതിന്റെയും സാധ്യതകൾ പരിശോധിക്കേണ്ടതാണ് (ഖണ്ഡിക XVI (b)). പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽ കാർഷികമേഖലയിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ എന്നിവർക്ക് പുറമേ വിവിധ ജില്ലകളിലെ അനുഭവജ്ഞാനമുള്ള മികച്ച കർഷകരെയും, വിദഗ്ദരായ കൃഷി ഓഫീസർമാരെയും പരമാവധി ഉൾപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ് (ഖണ്ഡിക XVI (c))

27. ജില്ലാ ഓഫീസുകൾ ഉൾപ്പെടെയുള്ള ഉയർന്ന ഓഫീസുകളിലെ ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി അവരെ പരമാവധി കൃഷി അസിസ്റ്റന്റ് ഡയറക്ടർ/കൃഷി ഓഫീസ് തലത്തിൽ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത ഭരണവകുപ്പ് പരിശോധിക്കേ ണ്ടതാണ്. ക്ലറിക്കൽ ജോലികൾക്ക് സഹായകരമായ രീതിയിൽ പ്രോജക്ടുകളിലെ താൽക്കാലിക/ കരാർജീവനക്കാരെ നിയമിക്കുന്നതിനും കൃഷിഓഫീസർമാരെയും അസ്സിസ്റ്റന്റുമാരെയും ടെക്നിക്കൽ/ പ്രൊഫഷനൽ മേഖലയിലുന്നിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗിക്കത്തക്കവിധത്തിൽ പുനക്രമീകരണം നടത്തുന്നതിന്റെയും സാധ്യത പരിശോധിക്കേണ്ടതാണ്.

28. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശങ്ങളിൽ ഉദ്യോഗസ്ഥരുടെ വീഴ്ച കാരണം കർഷകന് അർഹതപ്പെട്ട ധനസഹായം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് വ്യക്തിഗത ബാധ്യത വരുന്ന തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കേ ണ്ടതാണ്(ഖണ്ഡിക XVI (f)). ഖണ്ഡിക XVI (g) യിൽ നിർദേശിച്ച പ്രകാരം കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി ഒരു ബാങ്ക് അക്കൌണ്ട് മാത്രം പരിഗണിക്കേണ്ടതും കർഷക ർക്കുള്ള സഹായങ്ങൾ രേഖപ്പെടുത്തുന്നതിന് കർഷക കാർഡ് തയ്യാറാക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതുമാണ്.

29. സർക്കാർ ഉത്തരവുകൾക്കും നിർദേശങ്ങൾക്കുമനുസൃതമായി കൃഷി ഓഫീസുകളിലും, അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും അവശ്യം വേണ്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനുള്ള കർശന നിർദേശം നൽകേണ്ടതും ഓഫീസ് രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, ധനവിനിയോഗത്തിൽ പാലിക്കേണ്ട ഉത്തരവുകൾ/ചട്ടങ്ങൾ എന്നിവ സംബന്ധിച്ചും, അതിലുപരി അവരെ ഒരു നല്ല പൊതുജന സേവകനായി മാറ്റാനും കഴിയുന്ന തരത്തിൽ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മികച്ച പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

30. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ഒരാ ളിന് സ്റ്റേഷനറി, ഭക്ഷണം എന്നീ ഇനങ്ങളിൽ ചെലവാക്കാവുന്ന പരമാവധി സംഖ്യ സംബന്ധിച്ച് ഏകീകൃതമായ നിർദേശങ്ങൾ ഉൾപ്പെടുത്തിയും, ചെലവുകൾ ക്രമീകരിക്കുന്ന തിനായി പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന ആളുകൾ മുഴുവൻ ഉൾക്കൊള്ളുന്ന തരത്തിലുള്ള ഫോട്ടോ, പങ്കെടുത്തവരുടെ പേരും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിലാസവും രേഖപ്പെടുത്തിയ കൃത്യമായ ഹാജർ പട്ടിക, ചെലവുകളുടെ സത്യസന്ധമായ ബില്ലുകൾ എന്നിവ സമർപ്പിക്കാനും കർശന നിർദേശം നൽകേണ്ടതാണ്.

31. കൃഷി ഓഫീസർമാർ ക്ലെയിമുകളുടെ രണ്ടു പകർപ്പുകൾ വീതം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് സമർപ്പിക്കാനും, പാസ്സാക്കിയ ക്ലെയിമുകളുടെ ഒരു പകർപ്പ് അതാത് കൃഷി ഓഫീസർക്ക് തിരികെ നൽകാനും നിർദേശം നൽകേണ്ടതാണ്. കൂടാതെ ക്ലെയിം സമർപ്പിച്ചു കഴിഞ്ഞാൽ അതു സംബന്ധിച്ചുള്ള അറിയിപ്പും, പാസാക്കിക്കിട്ടിയ ക്ലെയിമിന്റെ പകർപ്പും കർഷകരുടെ അറിവിലേക്കായി കൃഷിഭവന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും നിർദേശം നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത വിവരം കർഷകന് ഒരു മെസ്സേജ് രൂപേണ അവരുടെ മൊബൈൽ ഫോൺ വഴി അറിയുവാനുള്ള സാധ്യത കൂടി ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

32. മദർ ഗാർഡൻ, കുരുമുളക്/പച്ചക്കറി നഴ്സറി എന്നിവ ആരംഭിക്കുന്നതിനു സബ്സിഡി അനുവ ദിക്കുമ്പോൾ അതാത് കൃഷിഭവൻ പരിധിയിലുള്ള കർഷകർക്കെങ്കിലും ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കാനുതകുന്ന തരത്തിൽ ഗുണഭോക്താവുമായി ഒരു കരാർ ഒപ്പ് വെപ്പിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

33. സർക്കാർ അംഗീകൃത ഏജൻസികൾ, അവർ നേരിട്ട് നിർമ്മിക്കുന്നതല്ലാത്ത ഉപകരണ ങ്ങൾ ഇടനിലക്കാരായി വാങ്ങി നല്കാൻ ഇടയാക്കുന്ന തരത്തിൽ ഇളവുകൾ നൽകി സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പുനപരിശോധി ക്കാനാവശ്യമായ നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

34. മാനന്തവാടി കൃഷി ഓഫീസിലെ നിലവിലെ അവസ്ഥയിൽ ജീവനക്കാർക്ക് കാര്യക്ഷ മമായും സുഗമമായും ജോലി ചെയ്യാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ടി ഓഫീസ് സൌകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

35. ഓഫീസിലെ സാമ്പത്തിക കാര്യങ്ങളിൽ കൂട്ടുത്തരവാദിത്തം ഉണ്ടാകുന്നതിനും ഓഫീസ് നടപടിക്രമങ്ങളിൽ മുഴുവൻ ഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനുമായി കൃഷി ഓഫീസ് മുഖാന്തിരം നടത്തുന്ന പദ്ധതി നിർവഹണത്തിലും ഓഫീസിലെ ധനവിനിയോ ഗത്തിലും സംഭവിക്കുന്ന പോരായ്മകൾക്ക് അഗ്രികൾച്ചർ ഫീൽഡ് അസിസ്റ്റന്റുമാർക്കുകൂടി ബാധ്യത വരുന്ന തരത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

36. ഖണ്ഡിക XVI (h) ൽ നിർദേശിച്ചത് പോലെ ആത്മ പ്രൊജക്റ്റ് ഓഫീസ് പുനക്രമീകരി ക്കാനുള്ള സാധ്യത ഭരണവകുപ്പ് ഗൌരവമായി പരിശോധിക്കേണ്ടതാണ്.

37. വയനാട് പോലെ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ കാർഷിക പ്രവർത്തനങ്ങൾ കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

38. ആഭ്യന്തര കണക്ക് പരിശോധനാ സംവിധാനത്തിലെ ഉദ്യോഗസ്ഥർക്ക് അവശ്യം വേണ്ട പരിശീലനങ്ങൾ നൽകുകയും, ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗത്തെ മൂന്നു മേഖലകളാക്കി തിരിച്ച് ഓരോ മേഖലക്കും ധനകാര്യവകുപ്പിൽ നിന്നും നിയമിക്കപ്പെടുന്ന ഓരോ അണ്ടർ സെക്രട്ടറിക്ക് ചുമതല നൽകി അതിനെ കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാന്സ് ഓഫീസറുടെ /വിജിലൻസ് ഓഫീസറുടെ (ക്രമക്കേട് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്ന പക്ഷം) നേരിട്ടുള്ള നിയന്ത്രണത്തിലാക്കി ശക്തിപ്പെടുത്തുന്നതിനുമുള്ളസാധ്യത പരിശോധിക്കേണ്ടതാണ്. പ്രസ്തുത മേഖലാ ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടി ലഭ്യമാക്കി ഓഡിറ്റ് സമയ ബന്ധിതമായും

കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിന് ഭരണ വകുപ്പ് മുന്തിയ പരിഗണന നൽകുവാൻ ശുപാർശ ചെയ്യുന്നു.

39. കൃഷിഭവൻ തലത്തിൽ, നടപ്പിലാക്കുന്ന പദ്ധതികൾ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

40. റിപ്പോർട്ടിൽ പരാമർശിച്ചപ്രകാരം വിവിധ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള തുകകൾക്ക്, 2018 ഏപ്രിൽ 30 വരെയുള്ള പലിശയാണ് കണക്കാക്കിയിരിക്കുന്നത്. 2018 ഏപ്രിൽ 30 മുതൽ തുക അടവാക്കുന്ന തീയതി വരെയുള്ള പലിശകൂടി (18% നിരക്കിൽ) കണക്കാക്കി തുക ഈടാക്കേണ്ടതാണ്.

41. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കൃഷി ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടത് കൃഷിയിടങ്ങളിലാണ്. കൃഷി വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള ബന്ധം ദൃഢമാക്കിയാലേ കൃഷി പദ്ധതികളും കാർഷിക വിജ്ഞാന വ്യാപനവും ഫലപ്രദമായി നടപ്പിലാക്കാൻ ആകുകയുള്ളൂയെന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങളിൽ ബോദ്ധ്യമായിട്ടുള്ളതാണ്.ആയതിനാൽ സാങ്കേതിക ഉദ്യോഗസ്ഥരെ [illegible] ക്ലൗഡ് കംപ്യൂട്ടിംഗ്/ ബിഗ് ഡേറ്റാ അനാലിസിസ് എന്നീ സാങ്കേതിക വിദ്യ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഭരണ വകുപ്പ് മുന്തിയ പരിഗണന നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.